# ഫത്ഹെ ഇസ്‌ലാം

## (ഇസ്‌ലാമിന്റെ വിജയം)



ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

# ഫത്ഹെ ഇസ്‌ലാം
**(ഇസ്‌ലാമിന്റെ വിജയം)**

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

വിവർത്തകൻ:

എൻ. അബ്ദുർറഹീം

---

പ്രസാധകർ :

ലജ്നാ ഇമാഇല്ലാഹ്, മലപ്പുറം

(വനിതാ വിഭാഗം, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്)

**Fateh Islam**
(Victory of Islam)
by
**Hadrat Mirza Ghulam Ahmad (A)**
(Promised Messiah & Mahdi)

Malayalam Translation : N.Abdurrahim

Published by : Lajna Imaillah,Malappuram District,Kerala

Distribution : ISLAM INTERNATIONAL PUBLICATIONS - KERALA
FORT ROAD, KANNUR - 670 001

Layout & Typeset: A.T.Nasarudheen & C.Zameem

Printed at : Aone Offset Printers, Kozhikode

First Edition : 1990 February
Second Edition : December 2020

Copies : 1000

Price: 60/-

# ഫത്ഹെ ഇസ്‌ലാം
(ഇസ്‌ലാമിന്റെ വിജയം)

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)


വിവർത്തകൻ:

എൻ. അബ്ദുർറഹീം

ٹائیٹل بار اوّل

الحمد للہ والمنت کہ رسالہ تالیف کردہ مجدد دوران مسیح الزمان مرزا غلام احمد رئیس قادیان موسوم بہ

الہامی — الہامی

جسکی نسبت خدا نے بتا دیا حاذق طبیب پایا مین تیری [illegible] * [illegible]

[illegible]

# فتح اسلام

## حصہ اوّل

اور خدا تعالیٰ کے تجلّی خاص کی بشارت اور اسکی پیروی کی راہوں اور اسکی تائید کے طریقوں کی طرف دعوت

جمادی الاوّل ۱۳۰۸ ہجریہ مین

باہتمام شیخ نور احمد مالک مطبع ریاض ہند امرتسر مین طبع ہوکر ہدایت عام و تبلیغ پیام اور اتمام حجت کی غرض سے بامر اذن الٰہی شایع کیا گیا

قیمت فی مجلد ۸/



Promised Mahdi Maseeh

ഗ്രന്ഥകർത്താവ്

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

# വാഗ്ദത്ത മഹ്ദീ മസീഹ്
# ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) 1835 ൽ ഇന്ത്യയിലെ ഖാദിയാൻ (പഞ്ചാബ്) എന്ന ഗ്രാമത്തിൽ ഭൂജാതനായി. അദ്ദേഹം തന്റെ ആരംഭകാലം മുതൽ തന്നെ ദൈവിക ആരാധനകളിലും വിശുദ്ധഖുർആന്റെയും ഇതര ഗ്രന്ഥങ്ങളുടെയും പാരായണത്തിൽ വ്യാപൃ തനായിരുന്നു. അക്കാലഘട്ടത്തിൽ ഇസ്ലാം നാലു ഭാഗത്തുനിന്നും അക്രമി ക്കപ്പെടുകയായിരുന്നു. ഈ ശോച്യാവസ്ഥയിൽ ഏറെ ഖിന്നനായിരുന്ന ആ മഹാത്മാവ് ഇസ്ലാമിനെ പ്രതിരോധിച്ചുകൊണ്ടും അതിന്റെ പ്രോജ്ജ്വലമായ അധ്യാപനങ്ങളെ പ്രചരിപ്പിച്ചുകൊണ്ടും തൊണ്ണൂറിലധികം ഗ്രന്ഥങ്ങളും ആയി രക്കണക്കിനു കത്തുകളും പ്രസിദ്ധീകരിക്കുകയും നിരവധി മതസം വാദങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്തു. സൃഷ്ടികളും സ്രഷ്ടാവുമായുള്ള ബന്ധം സജീവമാക്കുന്ന ജീവൽമതമാണ് ഇസ്ലാമെന്നും ഈ സരണിയിലൂ ടെ മാത്രമേ മനുഷ്യനു നൈതികവും ആത്മീയവുമായ പരിപക്വത ആർജി ക്കാൻ കഴിയുകയുള്ളു എന്നും അദ്ദേഹം വിശദീകരിച്ചു.

അദ്ദേഹം ചെറുപ്രായത്തിൽ തന്നെ വിശുദ്ധ സ്വപ്നങ്ങളാലും ജാഗ്രതാ ദർശനങ്ങളാലും ദിവ്യഭാഷണങ്ങളാലും അനുഗൃഹീതനായിരുന്നു. ആ ദിവ്യാ ത്മാവ് ദൈവിക നിർദേശപ്രകാരം 1889ൽ തന്റെ അനുയായികളിൽ നിന്നും ബയ്അത്ത് (അനുസരണ പ്രതിജ്ഞ) സ്വീകരിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന് അടിത്തറ പാകി. വിവിധ മതാനുയായികൾ പ്രതീ ക്ഷിക്കുന്ന വാഗ്ദത്ത ലോകോദ്ധാരകനും തിരുനബി(സ)യുടെ പ്രവചനം അനുസരിച്ചുള്ള വാഗ്ദത്ത മഹ്ദീ മസീഹുമായി ദൈവം തന്നെ നിയോഗിച്ചി രിക്കുന്നെന്നു നിരന്തരമായ ദിവ്യവാണികളുടെ അടിസ്ഥാനത്തിൽ ആ പു ണ്യാത്മാവ് വാദിച്ചു. ഇന്ന് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് 200ൽ അധികം രാഷ്ട്രങ്ങളിൽ സ്ഥാപിതമായിരിക്കുന്നു.

1908 ൽ അദ്ദേഹം ദിവംഗതനായി. തുടർന്ന് വിശുദ്ധ ഖുർആന്റെ വാഗ്ദാന വും തിരുനബി(സ)ന്റെ പ്രവചനവും അനുസരിച്ചു യഥാർഥ ഇസ്ലാമിക ഖി ലാഫത്ത് പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഈ പ്രസ്ഥാനത്തിന്റെ ആഗോള സാരഥി ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂ ർ അഹ്മദ് സാഹിബ്(അയ്യദഹുല്ലാഹ്) ആകുന്നു.

# അറിയിപ്പ്

'ഫത്ഹെ ഇസ്ലാം' എന്ന പ്രകൃത ഗ്രന്ഥത്തിന്റെ എഴുന്നൂറു പ്രതികൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. ഇസ്ലാമിക പുരോഹിതർക്കും അതുപോലെ ഇത്തരം രചനകളിൽ അഭിരുചിയുള്ള എന്നാൽ നിർധനരായവർക്കും ഹിന്ദു ക്രിസ്തീയ പണ്ഡിതർക്കുംവേണ്ടി അതിൽ മുന്നൂറെണ്ണം ദൈവമാർഗത്തിൽ മാറ്റിവെച്ചു. ശേഷിച്ച നാന്നൂറെണ്ണം എട്ട് അണ നിരക്കിൽ വാങ്ങാൻ ശേഷിയുള്ളവർക്കു നല്കുന്നതായിരിക്കും. തപാൽചാർജ് ഇതിനു പുറമെയാണ്. പുരോഹിതരും നിർധനരും പുസ്തകം സൗജന്യമായി ലഭിക്കാനായി അര അണയുടെ ടിക്കറ്റ് അയക്കേണ്ടതാണ്.

എന്ന്,

വിനീതൻ

**മിർസാ ഗുലാം അഹ്മദ്**
**ഖാദിയാൻ**

# ഉള്ളടക്കം


*പ്രസ്താവന.........................................................................................13*

*വിവർത്തകക്കുറിപ്പ്...............................................................................15*

*ദൈവികമായ പണിപ്പുരയുടെ പഞ്ചശാഖകൾ.....................................37*

*ദൈവീക സഹായം ഏകാവലംബം.....................................................52*

*എന്റെ ദൃഷ്ടികൾ മേലോകത്തേക്ക്..................................................55*

*ലൈലത്തുൽ ഖദ്ർ......................................................................................61*

*ഞാൻ സന്ദേശം എത്തിച്ചു തരുന്നു.....................................................62*

*വേറെയും ത്യാഗിവര്യന്മാർ......................................................................69*

*ഞാൻ പ്രേഷിതൻ.......................................................................................74*

*ഉണരുവിൻ, ജാഗരൂകരാകുവിൻ!...............................................................76*

*ഇസ്ലാമിന്റെ ദുരവസ്ഥ...............................................................................80*

*വിജ്ഞാപനം.................................................................................................84*

# പ്രസ്താവന

'ഫത്ഹെ ഇസ്‌ലാം' അഥവാ 'ഇസ്‌ലാമിന്റെ വിജയം' എന്ന ഈ പുസ്തകം അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപകരായ ഹദ്റത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) 1890 ഡിസംബറിൽ എഴുതിയതും 1891 ആദ്യത്തിൽ പ്രസിദ്ധീകരിച്ചതുമാണ്.

1990ൽ മലയാളത്തിൽ ആദ്യമായി പ്രസിദ്ധീകൃതമായ ഈ കൃതി ഉറുദു ഭാഷയിൽ നിന്നും മൊഴിമാറ്റം നടത്തിയിരിക്കുന്നത് എൻ.അബ്ദുറഹീം സാഹിബാണ്. അല്ലാഹു അദ്ദേഹത്തിനു മഗ്ഫിറത്തും ജന്നത്തിൽ ഉന്നതപദവികളും നൽകുകയും, അദ്ദേഹത്തിന്റെ ഈ വലിയ സേവനത്തെ സർവശക്തൻ സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ, ആമീൻ.

ഈ ഗ്രന്ഥത്തിന്റെ പുനഃപ്രസിദ്ധീകരണത്തിന് അനുവാദവും പ്രോത്സാഹനവും നൽകിയ ബഹുമാന്യ സദർ സാഹിബ ലജ്ന ഇമാഇല്ലാഹ് ഭാരത്, ബഹുമാന്യ നാസിർ സാഹിബ് നശ്റോ ഇശാഅത്ത് ഖാദിയാൻ, കേരള ഇശാഅത്ത് കമ്മിറ്റി ഭാരവാഹികൾ, മലപ്പുറം ജില്ലയിലെ ലജ്ന ഇമാഇല്ലാഹ് അംഗങ്ങൾ എന്നിവരോടുള്ള അകൈതവമായ നന്ദി അറിയിക്കുന്നതോടൊപ്പം അല്ലാഹു ഇതൊരു സൽകർമ്മമായി സ്വീകരിക്കുമാറാകട്ടെ; എന്നു പ്രാർഥിക്കുകയും ചെയ്യുന്നു. ആമീൻ

ജസാക്കുമുല്ലാഹ് !

അല്ലാഹു ഈ ഗ്രന്ഥം സത്യാന്വേഷികളുടെ സന്മാർഗത്തിനു നിമിത്തമാക്കട്ടെ. ആമീൻ

ശക്കീല ശരീഫ്

സദർ ലജ്ന ഇമാഇല്ലാഹ്, മലപ്പുറം ജില്ല

# വിവർത്തകക്കുറിപ്പ്

'ഫത്ഹെ ഇസ്‌ലാം' അഥവാ 'ഇസ്‌ലാമിന്റെ വിജയം' എന്ന ഈ പുസ്തകം അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപകരായ ഹദ്റത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) 1890 ഡിസംബറിൽ എഴുതിയതും 1891 ആദ്യത്തിൽ പ്രസിദ്ധീകരിച്ചതുമാണ്.

ഹദ്റത് മിർസാ ഗുലാം അഹ്മദ് (അ) തന്റെ ദിവ്യ നിയോഗവാദം പുറപ്പെടുവിച്ചു കൊണ്ടു പ്രസിദ്ധം ചെയ്ത ആദ്യത്തെ കൃതിയാണിത്. ഇതിനു മുമ്പ് അദ്ദേഹം തന്റെ വിശ്വപ്രസിദ്ധമായ 'ബറാഹീനെ അഹ്മദിയ്യ'എന്ന ഗ്രന്ഥവും 'സുർമെ ചശ്മേ ആര്യ', 'ശഹ്നയെ ഹഖ്ഖ് എന്നീ കൃതികളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു.

താൻ വാഗ്ദത്ത് മസീഹും മഹ്ദി ഇമാമും ആയി നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന ശുഭവാർത്ത അറിയിച്ചുകൊണ്ട് അദ്ദേഹം എഴുതിയ ഈ കൃതിയിൽ, ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ശോച്യാവസ്ഥയെയും അതിന്റെ നേരെയുള്ള നാനാതരം ആക്രമണങ്ങളെയും പ്രവാചകകുലോത്തമനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)തിരുമേനിയെ കുറിച്ചു ശത്രുക്കൾ പുറപ്പെടുവിക്കുന്ന ആക്ഷേപങ്ങൾ മറുപടി നല്കപ്പെടാതെ പ്രചരിക്കുന്ന നിസ്സഹായമായ സ്ഥിതിവിശേഷത്തെയും പറ്റി ഉദ്ബോധിപ്പിക്കുകയും ദൈവികമായ ആസൂത്രണപ്രകാരം താൻ മുഖേന പ്രാവർത്തികമാക്കപ്പെടുന്ന വമ്പിച്ച ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനത്തെ സർവഥാ സഹായിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചു മുസ്‌ലിംകളെ ഉണർത്തുകയും തന്റെ പരിപാടി വിവരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

'ഫത്ഹെ ഇസ്‌ലാം' എന്ന മൂലകൃതി 700 കോപ്പിയാണ് അച്ചടിച്ചിരുന്നത്. അതിൽ 300 എണ്ണം സൗജന്യമായി വിതരണം ചെയ്യപ്പെട്ടു. അതു ക്രൈസ്തവ പുരോഹിതന്മാർക്കും ആര്യ സമാജ പണ്ഡിതന്മാർക്കും പ്രമുഖരായ 'ആലിം'കൾക്കും മറ്റും ആണ് നല്കിയത്. വില 8 അണ ആയിരുന്നു. വില നല്കാനാവാത്തവർ 1/2 അണ സ്റ്റാമ്പ് സഹിതം ആവശ്യപ്പെട്ടാൽ പോസ്റ്റ് വഴി അയച്ചു കൊടുക്കുന്നതാണെന്നും വിളംബരപ്പെടുത്തിയിരുന്നു.

ഈ പുസ്തകം ഒരു യുഗത്തിന്റെ അനൗപചാരികമായ ഉദ്ഘാടനത്തെയാണ് കുറിച്ചത്; മസീഹ് യുഗത്തിന്റെ! പിന്നെ 30 കൊല്ലക്കാലം, മൗലാനാ അബൂൽ കലാം ആസാദിന്റെ വാക്കുകളിൽ പറഞ്ഞാൽ മതലോകത്ത് "ഭൂകമ്പവും ചണ്ഡമാരുതവും" ആയിരുന്നു. ഈ കൃതിയുടെ കർത്താവ് ചരമം പ്രാപിച്ചപ്പോൾ അമൃത്സറിലെ 'വക്കീൽ' പത്രത്തിന്റെ ലീഡർ അബൂൽ കലാം ആസാദ് പറഞ്ഞത് "ധൈഷണികമായ അത്ഭു

തങ്ങളുടെ ജീവൽ പ്രതീകം" ആയിരുന്നു അദ്ദേഹം എന്നത്രെ. ആ മഹാത്മാവിനെ കാണാൻ ആസാദ് ഖാദിയാനിലേക്കു യാത്ര ചെയ്യുകയുമുണ്ടായി.

ഇന്ന് അഹ്മദിയ്യാ പ്രസ്ഥാനം ലോകത്ത് ഒരു മഹാ ശക്തിയാണ്. ഒരു നൂറ്റാണ്ടുകാലം അതു പിന്നിട്ടിരിക്കുന്നു. അതിനെ നശിപ്പിക്കുവാൻ ലോകത്ത് ഒരു ശക്തിക്കും സാധ്യമല്ലെന്നും അതിനെ നശിപ്പിക്കാൻ ശ്രമിക്കുന്ന സാമ്രാജ്യങ്ങൾ തവിടു പൊടിയാകുമെന്നും ഹദ്റത് അഹ്മദിനുണ്ടായ ദൈവികമായ വെളിപാടുകളുടെ അടിസ്ഥാനത്തിൽ അഹ്മദികൾ വിശ്വസിക്കുന്നു. പ്രവചനമനുസരിച്ച് 120 * രാഷ്ട്രങ്ങളിൽ ഇന്നു അതിന്റെ കൊടി ഉയർന്നു പറക്കുന്നു. പ്രതാപശാലിയായ ഖലീഫയുടെ, ലോകനേതാവിന്റെ കീഴിൽ സാർവ്വദേശീയാടിസ്ഥാനത്തിൽ സുസംഘടിതമായി പ്രവർത്തിക്കുന്ന അഹ്മദിയ്യാ ജമാഅത്ത് അതിന്റെ ശതവാർഷിക ജൂബിലി ലോകവ്യാപകമായി ആഘോഷിച്ചു വരുന്ന വർഷത്തിൽ കണ്ണൂർ, കടലായി അഹ്മദിയ്യാ ജമാഅത്ത് ശാഖകളുടെ സംയുക്താഭിമുഖ്യത്തിൽ കാഴ്ചവെക്കുന്ന എളിയ സംഭാവനകളിൽ ഒന്നാണ് ഈ കൊച്ചു കൃതിയുടെ ഈ വിവർത്തനം.

'ഫത്ഹെ ഇസ്ലാം' എന്ന കൃതിയുടെ ആദ്യത്തെ ഇംഗ്ലീഷ് പരിഭാഷ പുസ്തകരൂപത്തിൽ തയ്യാറാക്കിയത് ജസ്റ്റീസ് ബശീർ അഹ്മദ് സഈദ് ആയിരുന്നു. അന്ന് അദ്ദേഹം ഒരു എം.എ ബിരുദധാരി. മദ്രാസിലെ 'അഞ്ചുമൻ ഇശാഅത്തെ ഇസ്ലാമി'ന്റെ പ്രസിഡണ്ട് എം.അഹ്മദ് ബാച്ചാ ബി.എ ആണ് 1923 ൽ മദ്രാസിൽ അത് അച്ചടിച്ചു പ്രസിദ്ധം ചെയ്തത്.

ഇതിന്റെ മറ്റൊരു ഇംഗ്ലീഷ് വിവർത്തനം പ്രഫസർ ഖാസീ മുഹമ്മദ് അസ്ലം സാഹിബ് (എം.എ, കൻടാബ്) തയ്യാറാക്കുകയും റബ്വയിലെ അഹ്മദിയ്യാ മുസ്ലിം ഫോറീൻ മിഷ്യൻസിന്റെ ആഭിമുഖ്യത്തിൽ 1973 ൽ പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി.

ഈ മലയാള വിവർത്തനം ഉർദു മൂലവും രണ്ട് ഇംഗ്ലീഷ് തർജ്ജമകളും മുമ്പിൽ വച്ചുകൊണ്ടാണു തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ ചില ഭാഗങ്ങൾ 'സത്യദൂതൻ' മാസികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഈ കൃതിയുടെ ഒടുവിൽ ചേർത്ത പാർസി കവിതയുടെ തർജ്ജമ ഇംഗ്ലീഷ് വിവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് ഞാൻ തയ്യാറാക്കിയിട്ടുള്ളത്.

ഇതൊരു ചെറിയ കാര്യമാണെങ്കിലും ഒരു മഹത്തായ കർത്തവ്യം നിർവഹിച്ച കൃതകൃത്യതയാണ് എനിക്കുള്ളത്. ഈ വിവർത്തനത്തിൽ തെറ്റുകളില്ലാതിരിക്കാൻ ഞാൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. ഒരു പ്രവാചകന്റെ വചനങ്ങൾ ഗൗരവം ചോർന്ന് പോകാതെയും വികല്പം വന്നുപോകാതെയും യഥാതഥം അവതരിപ്പിക്കണമെന്ന നിഷ്കർഷ ഞാൻ പുലർത്തിയിട്ടുണ്ടെങ്കിലും തെറ്റുകൾ വന്നുപോയിരിക്കാനിടയുണ്ട്.

*** ഇപ്പോൾ 210 രാഷ്ട്രങ്ങളിൽ**

അതു കണ്ടെത്തുന്ന മഹാശയന്മാർ ദയവായി ചൂണ്ടിക്കാണിച്ചാൽ അടുത്ത പതിപ്പിൽ അതു തിരുത്തുന്നതാണ്. വല്ല പിഴവും വന്നുപോയിട്ടുണ്ടെങ്കിൽ അതിന്റെ പൂർണ ഉത്തരവാദിത്തം എനിക്ക് മാത്രമാണെന്നും പരിശുദ്ധാത്മാവും ലോകഗുരുവുമായ ഗ്രന്ഥകർത്താവ് ഒരു പ്രകാരത്തിലും അതിനു കാരണക്കാരനാവുന്നതല്ലെന്നും പ്രസ്താവിച്ചുകൊള്ളട്ടെ!

ഈ കൃതി വിവർത്തനം ചെയ്യാൻ കഴിഞ്ഞതിൽ ഞാൻ സർവാധിനാഥനെ സ്തുതിക്കുന്നു. അതേ അവസരം അഹ്മദിയ്യാ സാഹിത്യസപര്യയിൽ എനിക്കു പരിശീലനം നല്കിയ എന്റെ വന്ദ്യമാതുലൻ എൻ.ഹാമിദ് സാഹിബിനെയും വന്ദ്യവന്ദ്യനായ ഗുരുനാഥൻ മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ അവർകളേയും ഇത്തരുണത്തിൽ സ്മരിക്കുകയും എനിക്കും അവർക്കിരുവർക്കും വേണ്ടി പ്രാർഥിക്കാൻ ഇതു വായിച്ചു പ്രചോദനം കൊള്ളുന്ന എല്ലാവരോടും അഭ്യർഥിക്കുകയും ചെയ്യുന്നു.

കണ്ണൂർ

15.01.1990 എൻ. അബ്ദുർറഹീം

بسم اللہ الرحمٰن الرحیم

പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ.

نَحْمَدُہٗ وَنُصَلِّیْ

നാം അവനെ സ്തുതിക്കുകയും അവന്റെ വന്ദ്യദൂതർക്ക്
അനുഗ്രഹാശിസ്സുകൾ നേരുകയും ചെയ്യുന്നു.

*ഇസ്ലാംമതവിജയത്തിന്റെയും ദൈവത്തിന്റെ പ്രത്യേകമായ
മഹിമ വിലാസത്തിന്റെയും സുവാർത്തയിലേക്കും
സഹായ മാർഗങ്ങളിലേക്കുമുള്ള ഒരു വിളിയാളം!*

رَبِّ انْفُخْ رُوْحَ بَرَکَۃٍ فِیْ کَلَامِیْ ھٰذَا وَاجْعَلْ اَفْئِدَۃً مِّنَ النَّاسِ تَھْوِیْ اِلَیْہِ

*"നാഥാ എന്റെ ഈ വാക്കുകളിൽ നീ അനുഗ്രഹത്തിന്റെ
ആത്മാവിനെ ഊതുകയും ജനഹൃദയങ്ങളെ ഇതിലേക്ക്
തിരിച്ചു വിടുകയും ചെയ്യുമാറാകേണമേ!"*

അല്ലയോ വായനക്കാരേ, ദൈവം നിങ്ങളെ ലോകത്തും പരലോകത്തും അനുഗ്രഹിക്കുമാറാകട്ടെ! നീണ്ട ഇടവേളയ്ക്കുശേഷം, ഇസ്ലാമിന്റെ പിന്തുണയ്ക്കും രക്ഷയ്ക്കുമായി ദൈവം എന്നിൽ ഭരമേല്പിച്ച ദിവ്യസംവിധാനവുമായി ബന്ധപ്പെട്ട ഒരു അതിപ്രധാന കാര്യത്തിലേക്ക് ഈ വിനീതൻ നിങ്ങളുടെയെല്ലാം ശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെ! ഈ വിഷയത്തിൽ, ഈ പ്രസ്ഥാനത്തിന്റെ മഹത്വവും ഈ ദിവ്യമായ സംവിധാനത്തെ വിജയിപ്പിക്കേണ്ടതിന്റെ ആവശ്യകതയും, വൈം എനിക്കു നല്കി അനുഗ്രഹിച്ച സംസാരശേഷി പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട്, നിങ്ങളെയെല്ലാവരെയും ധരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതുവഴി എനിക്കു നിർബന്ധമായിത്തീർന്നിട്ടുള്ള തബ്ലീഗിന്റെ ചുമതല നിർവഹിച്ചുകൊള്ളുന്നതിനുതന്നെ. അതുകൊണ്ട് ഈ വിഷയം

വിവരിക്കുമ്പോൾ ഈ ലിഖിതം മറ്റുള്ളവരുടെ ഹൃദയങ്ങളിൽ എന്തു പ്രതികരണങ്ങളുണ്ടാക്കുന്നുണ്ടെന്ന കാര്യം ഞാൻ ഗൗനിക്കുകയേ ഇല്ല. എനിക്കു നിർബന്ധമായിട്ടുള്ളതെന്തോ, ഏതൊരു സന്ദേശം എത്തിക്കുന്നതിനു ഞാൻ കടമപ്പെട്ടിരിക്കുന്നുവോ, അതു യഥോചിതം നിർവഹിക്കണമെന്ന ഓരൊറ്റ ഉദ്ദേശ്യമേ എനിയ്ക്കുള്ളൂ. ആളുകൾ അതു ചെവിയോർത്തു കേൾക്കുകയോ അഥവാ നിന്ദയോടും അവജ്ഞയോടും കൂടി നോക്കുകയോ ചെയ്തുകൊള്ളട്ടെ; എന്നെ കുറിച്ചു ആളുകൾ നല്ലതു വിചാരിച്ചാലും ശരി, ദുർഭാവനകൾക്കു ഹൃദയങ്ങളിൽ ഇടം നല്കിയാലും കൊള്ളാം; ഞാൻ എന്റെ ദൗത്യം നിർവഹിക്കുകതന്നെ ചെയ്യും!

وَأُفَوِّضُ أَمْرِىٓ إِلَى اللّٰهِ ۚ إِنَّ اللّٰهَ بَصِيرٌۢ بِالْعِبَادِ

*"ഞാൻ എന്റെ കാര്യം അല്ലാഹുവിലേക്കു വിടുന്നു*
*അവൻ തന്റെ ദാസനെ നല്ലവണ്ണം നോക്കിക്കാണുന്നവനത്രേ"*
*(വിശുദ്ധ ഖുർആൻ 40:45)*

ഇനി ഞാൻ മുകളിൽ പറഞ്ഞ വിഷയത്തെക്കുറിച്ച് പ്രതിപാദിച്ചുകൊള്ളാം!

അല്ലയോ സത്യാന്വേഷികളേ, ഇസ്‌ലാമിനോട് ആത്മാർഥമായ സ്നേഹമുള്ളവരേ, നാം ജീവിക്കുന്ന ഈ കാലഘട്ടം അന്ധകാരത്തിന്റെ കാലഘട്ടമാകുന്നു. സത്യവിശ്വാസപരമോ സൽക്കർമപരമോ ആയ എല്ലാ കാര്യങ്ങളിലും വലുതായ കുഴപ്പം സംഭവിച്ചിരിക്കുന്നു. വഴികേടിന്റെയും ദുർമാർഗത്തിന്റെയും ശക്തിമത്തായ കൊടുങ്കാറ്റുകൾ നാലുപാടും അടിച്ചുകൊണ്ടിരിക്കുകയാണ്. 'ഈമാൻ' അഥവാ സത്യവിശ്വാസം എന്നു പറയുന്നതെന്തോ അതിന്റെ സ്ഥാനത്തു നാവുകൊണ്ട് ഉച്ചരിക്കപ്പെടുന്ന ചില വാക്കുകൾ മാത്രമെയുള്ളു. *'അഅ്മാലുസ്സാലിഹാത്ത്'* അഥവാ സൽകർമങ്ങൾ എന്നു വിളിക്കപ്പെടുന്ന കാര്യങ്ങളാകട്ടെ ഏതാനും ചില ആചാരങ്ങളും ബാഹ്യപ്രകടനങ്ങളും കാണിക്കാൻ വേണ്ടി മാത്രമുള്ള പ്രവൃത്തികളും ആയിട്ടാണ് കരുതപ്പെടുന്നത്. യഥാർഥമായ നന്മയെന്തോ അതിനെപറ്റി തീരെ ബോധമില്ലാതായിരിക്കുന്നു. ഇക്കാലത്തെ തത്വചിന്തകളും പ്രകൃതിശാസ്ത്രങ്ങളു

മെല്ലാം തന്നെ ആത്മീയജ്ഞാനങ്ങളുടെ കടുത്ത വിരോധിയായി മാറിയിരിക്കുന്നു. അതിന്റെ വികാരങ്ങൾ അനുഭവത്തിൽ അതിന്റെ അറിവാളരിൽ വളരെ ദുസ്വാധീനങ്ങൾ ചെലുത്തുന്നതും അവരെ തിന്മയിലേക്കു വലിച്ചിഴക്കുന്നതുമായിട്ടാണ് കാണപ്പെടുന്നത്. അവ വിഷം വമിക്കുകയും ഉറങ്ങിക്കിടക്കുന്ന പിശാചിനെ തട്ടിയുണർത്തുകയും ചെയ്യുന്നു. അത്തരം വിജ്ഞാനങ്ങളുമായി ഇടപെടുന്നവർ മതകാര്യങ്ങളിൽ അധികവുംതന്നെ അല്ലാഹു നിശ്ചയിച്ച തത്വങ്ങളെയും നമസ്കാരം നോമ്പ് തുടങ്ങിയ ആരാധനകളുടെ രീതികളെയും അവഹേളിക്കുകയും പരിഹസിക്കുകയും ചെയ്തു തുടങ്ങുന്നു. അവരുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ ആസ്തിക്യത്തിനുതന്നെ സ്ഥാനമോ മഹത്വമോ കല്പിക്കപ്പെടുന്നില്ല. മറിച്ച്, അവരിൽ അധികം പേരും നിർമതത്വത്തിന്റെ നിറമണിഞ്ഞവരത്രെ. നാസ്തികത്വത്തിന്റെ രക്തമാണ് അവരുടെ സിരകളിലൊഴുകുന്നത്. മുസൽമാന്മാരുടെ സന്തതികളാണെന്ന് അവകാശപ്പെട്ടുകൊണ്ടുതന്നെ ദീനിന്റെ ശത്രുക്കളായി ചമഞ്ഞിട്ടുള്ളവരാണവർ കോളേജുകളിൽ പഠിക്കുന്നവർ അധികവും തങ്ങളുടെ അത്യാവശ്യങ്ങളായ പാഠങ്ങൾ വശമാക്കുന്നതിനു മുമ്പായിട്ടുതന്നെ മതത്തോടും ദീനിസഹതാപത്തോടും വിടപറയുന്നു. ആധുനികകാലത്ത് അധർമത്തിന്റെ ഫലങ്ങൾ നിറഞ്ഞു തൂങ്ങുന്ന ഒരു ശാഖയുടെ മാത്രം കാര്യമാണ് ഞാൻ ഇപ്പറഞ്ഞത്. ഇതിനേക്കാൾ ഒട്ടും കുറവല്ലാത്ത നൂറു കണക്കിൽ വേറെയും ശാഖകൾ ഇതിനു പുറമെയുണ്ട്. വിശ്വസ്തതയും സത്യസന്ധതയും തികച്ചും നഷ്ടപ്പെട്ട നിലയിൽ ഭൂമിയിൽ നിന്നും അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. സമ്പത്തു നേടുന്നതിനുള്ള ചതിയും വഞ്ചനയും അളവറ്റ നിലയിൽ വർധിച്ചിരിക്കുന്നു. ഏറ്റവുമധികം ദുഷ്ടനായിട്ടുള്ളവനാണ് ഏറ്റവുമധികം കാര്യപ്രാപ്തനായി എണ്ണപ്പെടുന്നത്. പല വിധങ്ങളായ ദുഷ്പ്രവർത്തികളും വഞ്ചനകളും അസത്യഭാഷണങ്ങളും ഉയർന്ന കിടയിലുള്ള കപടതന്ത്രങ്ങളും അത്യാർത്തി നിറഞ്ഞ ആസൂത്രണങ്ങളും ആഭാസമലീമസങ്ങളായ ആചാരസമ്പ്രദായങ്ങളും സർവത്ര പരന്നുകൊണ്ടിരിക്കുന്നു. അത്യധികമായ നിഷ്ഠൂരത കലർന്ന

കൊടുംപകയും പരസ്പരശണ്ഠകളും വളർന്നു വരുന്നു. മൃഗീയവും പൈശാചികവുമായ ദുർവികാരങ്ങളുടെ ഒരു പ്രളയം തന്നെ ആരംഭിച്ചിരിക്കുകയാണ്. ഈ ഭൗതികജ്ഞാനങ്ങളിലും നടപ്പിലായിക്കഴിഞ്ഞ ദുരാചാരങ്ങളിലും എത്രകണ്ടു വൈഭവവും ഊർജസ്വലതയും കൂടുന്നുവോ അത്രകണ്ടു സദ്ഭാവനകളുടെയും സൽപ്രവൃത്തികളുടെയും സഹജാവബോധങ്ങളും, ലജ്ജയും, ഉളുപ്പും ദൈവഭയത്തിന്റെയും സത്യസന്ധതയുടേയും സ്വാഭാവിക വികാരങ്ങളും അവരിൽ കുറഞ്ഞു കുറഞ്ഞു പോകുകയും ചെയ്യുന്നു.

കൃസ്ത്യാനികളുടെ പാഠങ്ങളാകട്ടെ, സത്യബോധവും സത്യവിശ്വാസപരമായ ആത്മാർഥതയും പറപ്പിച്ചു വിടുന്നതിനുള്ള അനേകതരം തുരംഗങ്ങളെ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിനെ നശിപ്പിക്കുന്നതിനുവേണ്ടി കളവിന്റെയും കൃത്രിമത്വത്തിന്റെയും സകലതന്ത്രമന്ത്രങ്ങളും അങ്ങേയറ്റം പ്രയാസപ്പെട്ടു സൃഷ്ടിച്ചെടുത്തുകൊണ്ട് അവർ യഥോചിതം പ്രയോഗപ്പെടുത്തിവരുന്നു. ചതിക്കുവാനുള്ള നവംനവങ്ങളായ കൃതികളും വഴിപിഴപ്പിക്കുവാനുള്ള പുതിയ പുതിയ മാർഗങ്ങളും കണ്ടുപിടിക്കുന്നു. അതോടൊപ്പം സകല പരിശുദ്ധാത്മാക്കളുടെയും തലക്കിരീടവും സകലപുണ്യപ്രവാചകന്മാരുടെയും നായകനുമായ ആ പൂർണമനുഷ്യനെ അങ്ങേയറ്റം അവഹേളിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എത്രത്തോളമെന്നാൽ, നാടകങ്ങളിലെ തമാശകളിൽ അങ്ങേയറ്റം പൈശാചികമായ രീതിയിലും അത്യന്തം വികൃതമായ തരത്തിലും ഇസ്‌ലാമിനെയും പരിശുദ്ധ ഇസ്‌ലാമിന്റെ മാർഗദർശിയെയും ചിത്രീകരിക്കുന്നു. ഇസ്‌ലാമിനെയും പരിശുദ്ധ നബിയെയും മാനം കെടുത്തുന്നതിനായി തികച്ചും അന്യായമായ തരത്തിൽ ധനം ചിലവഴിക്കപ്പെടുന്നു.

അല്ലയോ മുസൽമാന്മാരെ, കേൾക്കുവിൻ; ശ്രദ്ധാപൂർവം കേട്ടു കൊള്ളുവിൻ! ഇസ്‌ലാമിന്റെ പവിത്രമായ സ്വാധീനതയെ തടഞ്ഞു നിർത്തുന്നതിനുവേണ്ടി സങ്കീർണങ്ങളായ കറ്റുകെട്ടുകൾ ഈ ക്രിസ്തീയ ജനത പ്രചരിപ്പിക്കുകയും വഞ്ചന നിറഞ്ഞ കുടില

തന്ത്രങ്ങൾ പ്രയോഗിക്കുകയും ചെയ്തുകൊണ്ട് അവയെ പ്രചാരപ്പെടുത്തുന്നതിനു ജീവൻ തന്നെ അപകടപ്പെടുത്തിയും ധനം വെള്ളം പോലെ ചിലവഴിച്ചും പ്രയത്നിച്ചു വന്നിരിക്കുകയാണ്. അങ്ങേയറ്റം ലജ്ജാവഹങ്ങളായ വഴികൾ– അതു വിവരിച്ചു ഈ താളുകൾ മലീമസമാക്കാതിരിക്കുകയാണ്– ഭേദം. ഇക്കാര്യത്തിൽ അവർ പ്രയോഗിച്ചുനോക്കുന്നു. ഈ ക്രിസ്ത്യൻ ജനതയുടെയും ത്രീത്വത്തിന്റെയും ഭാഗത്തുനിന്നുള്ള കൂടതന്ത്രപരമായ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കെ, ഈ കൂടതന്ത്രങ്ങൾക്കെതിരിൽ അല്ലാഹു ദിവ്യാദ്ഭുതപരമായ *'ഖുദ്റത്ത്'* ഉൾകൊള്ളുന്ന ശക്തിമത്തായ അവന്റെ സഹായഹസ്തം നീട്ടുകയും ആ ദിവ്യാദ്ഭുതം മുഖേന കുതന്ത്രത്തെ തകർത്തു തരിപ്പണമാക്കുകയും ചെയ്യുന്നതുവരെ ഈ യൂറോപ്യൻ ഇന്ദ്രജാലത്തിന്റെ ദോഷബാധയിൽ നിന്നു പരിശുദ്ധാത്മാക്കൾക്കു മോചനം ലഭിക്കുന്നതിനെപറ്റി ചിന്തിക്കുവാനോ സങ്കല്പിക്കുവാനോ സാധ്യമല്ല. തന്നിനിമിത്തം ഈ ഇന്ദ്രജാലം തകർക്കുന്നതിന് ഇക്കാലത്തെ മുസ്‌ലിംകൾക്കായിട്ട് ഒരു ദിവ്യാദ്ഭുതം വെളിപ്പെടുത്തിയിരിക്കുകയാണ്. അതുപ്രകാരം അല്ലാഹു അവന്റെ ഈ ദാസനെ ഇൽഹാമും ദൈവീകഭാഷണവും കൊണ്ടും തന്റെ പ്രത്യേകമായ *'ബർക്കത്ത്'* കൊണ്ടും ആദരിച്ചു. അവന്റെ മാർഗത്തിലെ സൂക്ഷ്മജ്ഞാനങ്ങളും അതോടൊപ്പം നല്കിയിരിക്കുന്നു. അങ്ങനെ ഈ സ്വർഗീയ ശിലയുടെ സഹായത്തിൽ പാശ്ചാത്യമായ ഇന്ദ്രജാലം തയ്യാറാക്കിയ ഈ മെഴുകിന്റെ പ്രതിമ തകർക്കപ്പെടുവാൻ തന്നെ! അതിനാൽ, അല്ലയോ മുസൽമാന്മാരെ, ഈ വിനീതന്റെ പ്രാദുർഭാവം ഐന്ദ്രജാലികമായ അന്ധകാരങ്ങളെ നീക്കുന്നതിന് അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള ഒരു ദിവ്യാദ്ഭുതമാകുന്നു. ഇന്ദ്രജാലത്തിന്നെതിരെ ദിവ്യാദ്ഭുതവും ലോകത്തു പ്രത്യക്ഷപ്പെടേണ്ടത് ആവശ്യമായിരുന്നില്ലേ? ഇന്ദ്രജാലത്തിന്റെ രഹസ്യത്തോളം എത്തിക്കഴിഞ്ഞ അങ്ങേയറ്റത്തെ കുടിലതന്ത്രങ്ങൾക്കെതിരിൽ ദിവ്യാദ്ഭുതത്തിന്റെ ഫലം ഉളവാക്കുന്ന സത്യത്തിന്റെ ഒളി മിന്നിക്കുന്നതു നിങ്ങളുടെ ദൃഷ്ടിയിൽ അദ്ഭുതകരവും അസാധ്യവുമായ കാര്യമാണോ?

അല്ലയോ വിവേകശാലികളേ, ഈ നിശിതാന്ധകാരത്തിന്റെ നാളുകളിൽ അല്ലാഹു തക്കസമയത്തു തന്നെ ഒരു സ്വർഗീയപ്രകാശം ഇറക്കിയിരിക്കുന്നതിലും, കലിമത്തുൽ ഇസ്‌ലാമിനെ ഉയർത്തിക്കാട്ടുന്നതിലും, ഹദ്റത്ത് *'ഖൈറുൽ അനാ'*മിന്റെ പ്രകാശം പരത്തുന്നതിനും മുസൽമാന്മാരുടെ പിന്തുണയ്ക്കു വേണ്ടിയും പിന്നെ അവരുടെ ആന്തരീയ നിലയെ ശുദ്ധീകരിക്കുന്നതിനുദ്ദേശിച്ചും തന്റെ ഒരു ദാസനെ ഈ ലോകത്തയച്ചതിലും നിങ്ങൾ അദ്ഭുതപ്പെടേണ്ടതില്ല. ഇസ്‌ലാം ദീനിന്റെ സഹായകനും എന്നെന്നും ഖുർആനികാധ്യാപനങ്ങളുടെ സംരക്ഷകനായിരിക്കുമെന്നും അതിനെ നിശ്ചേതനവും നിഷ്പ്രഭവും പ്രകാശരഹിതവും ആക്കാൻ അനുവദിക്കില്ലെന്നും വാഗ്ദാനം നല്കിയവനും ആരോ ആ സത്യദൈവം ഈ അന്ധകാരത്തെ നോക്കിക്കണ്ടിട്ടും ആന്തരീകവും ബാഹ്യവും ആയ ഈ എല്ലാ കുഴപ്പങ്ങളും വീക്ഷിച്ചറിഞ്ഞിട്ടും മിണ്ടാതിരിക്കുകയും തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ താക്കീതുരൂപത്തിൽ വിവരിച്ചിട്ടുള്ള തന്റെ ഈ വാഗ്ദത്തെക്കുറിച്ച് ഓർക്കാതിരിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അതിലാണ് അദ്ഭുതപ്പെടേണ്ടിയിരിക്കുന്നത്! ഓരോ നൂറ്റാണ്ടിന്റെ തലയ്ക്കലും അല്ലാഹു അവന്റെ ദീനിനു നവീകരണം വരുത്തുന്ന ഒരു ദാസനെ എഴുന്നേല്പിക്കുമെന്നുള്ള ആ പരിശുദ്ധനായ റസൂലിന്റെ ഖണ്ഡിതവും സുവ്യക്തവുമായ പ്രവചനം പൂർത്തിയാകാതെ പോയെങ്കിൽ അതിലാണ് ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നത്❋. തന്നിമിത്തം ഇതു ആശ്ചര്യപ്പെടേണ്ട ഒരു

❋ കേവലം ഒരാചാരമെന്ന നിലയിലും പ്രദർശനരൂപത്തിലും വിശുദ്ധ ഖുർആന്റെ പരിഭാഷകൾ പ്രചരിപ്പിക്കുന്നതും മതഗ്രന്ഥങ്ങളും നബിയുടെ ഹദീസുകളും ഉർദുവിലോ പാർസിയിലോ തർജമ ചെയ്ത് പ്രസിദ്ധപ്പെടുത്തുന്നതും ഇക്കാലത്തെ അധികമായ 'മശായിഖു' മാരുടെ ചട്ടങ്ങളും ആചാരങ്ങളും പോലെ 'ബിദ്അത്ത്' കൾ (അനാചാരങ്ങൾ) നിറഞ്ഞ ശുഷ്കസമ്പ്രദാങ്ങൾ അനുവർത്തിക്കുന്നതും പൈശാചിക മാർഗങ്ങളുടെ നവീകരണമാണെന്നു പറയേണ്ടിയിരിക്കുന്നു. ഇസ്‌ലാമിന്റെ വഴിയിലെ തടസ്സങ്ങളുമത്രെ അവ. വിശുദ്ധ ഖുർആനും സഹീഹായ ഹദീസുകളും ലോകത്ത് പ്രചരിപ്പിക്കുക നിശ്ചയമായും ശ്രേഷ്ഠമായ ഒരു സംരംഭംതന്നെ. എന്നാൽ വളരെയേറെ കഴിവും തുനിവും ആലോചനയും ശ്രമവും എല്ലാം വിനിയോ

കാര്യമല്ല. മറിച്ച് ആയിരമായിരം നന്ദി പ്രകടിപ്പിക്കേണ്ട അവസരവും *'ഈമാനും' 'യഖീനും'* വർധിപ്പിക്കേണ്ട സമയവുമാണ്. അല്ലാഹു അവന്റെ അനുഗ്രഹാതിരേകത്താൽ തന്റെ വാഗ്ദതത്തെ പൂർത്തിയാക്കുകയും തന്റെ റസൂലിന്റെ പ്രവ ച നത്തിന്റെ പൂർത്തീകരണം ഒരു മിനിട്ടുപോലും വൈകിക്കാതിരിക്കുകയും ആണ് ചെയ്തിട്ടുള്ളത്. അവൻ ഈ പ്രവചനത്തെ പൂർത്തിയാക്കിക്കാണിച്ചു എന്നു മാത്രമല്ല, ആയിരക്കണക്കായ പ്രവചനങ്ങളുടെയും അത്ഭുത ദൃഷ്ടാന്തങ്ങളുടെയും വാതിലുകൾ ഭാവിയിലേക്കുവേണ്ടി തുറന്നിടുകയും ചെയ്തിരിക്കുന്നു. നിങ്ങൾ സത്യവിശ്വാസമുള്ളവരാണെങ്കിൽ നന്ദി പ്രകടിപ്പിക്കുവിൻ! എന്തെന്നാൽ, നിങ്ങളുടെ ആദരണീയരായ ആ പൂർവപിതാക്കൾ ഏതൊരു നാളിനെ ആകാംക്ഷാപൂർവം കാത്ത്

---

ഗിച്ചു കേവലം ആചാരപരമായി ഇതു ചെയ്യുകയും അതേ അവസരത്തിൽ തങ്ങളുടെ ആത്മാക്കളെ ഖുർആനും ഹദീസും അനുസരിച്ച് രൂപപ്പെടുത്താതിരിക്കുകയും ചെയ്യുന്നത് കാതലില്ലാത്ത ഒരു ഏർപാട് മാത്രമാണ്. ഇത്തരം സേവനങ്ങൾ പണ്ഡിതനായ ഏതൊരാൾക്കും ചെയ്യാവുന്നതേയുള്ളൂ. അതാകട്ടെ ഇപ്പോഴും അനുസ്യൂതം തുടർന്ന് വരികയും ചെയ്യുന്നു. ഇതിന് "മുജദ്ദിദിയ്യത്തു"മായി (നവീകരണ പ്രസ്ഥാനവുമായി) ഒരു ബന്ധവുമില്ല. ഇവയെല്ലാം അല്ലാഹുവിന്റെ പക്കൽ വെറും 'ഖബർ തോണ്ടൽ' അല്ലാതെ മറ്റൊന്നുമല്ല. അല്ലാഹു പറയുന്നു.

لِمَ تَقُوْلُوْنَ مَا لَا تَفْعَلُوْنَ ۝٣ كَبُرَ مَقْتًا عِنْدَ اللّٰهِ اَنْ تَقُوْلُوْا مَا لَا تَفْعَلُوْنَ ۝٤

*"നിങ്ങൾ ചെയ്യാത്തതു പറയരുത്. നിങ്ങൾ ചെയ്യാത്തതിനെ കുറിച്ച് പറയുന്നത് അല്ലാഹുവിന്റെ പക്കൽ ഏറ്റവും വെറുപ്പുള്ളതത്രേ" (വിശുദ്ധഖുർആൻ 61:3,4)*

പിന്നെയും പറയുന്നു;

يٰٓاَيُّهَا الَّذِيْنَ اٰمَنُوْا عَلَيْكُمْ اَنْفُسَكُمْ ۚ لَا يَضُرُّكُمْ مَّنْ ضَلَّ اِذَا اهْتَدَيْتُمْ ۗ

*"അല്ലയോ വിശ്വാസികളെ നിങ്ങളുടെ ആത്മാക്കളെ തൊട്ട് നിങ്ങൾ സൂക്ഷ്മത പാലിച്ചു കൊള്ളുവിൻ: നിങ്ങൾ നേർവഴിലാണെങ്കിൽ വഴികേടിലുള്ളവർ നിങ്ങൾക്ക് ദോഷം വരുത്താതിരിക്കട്ടെ" (വിശുദ്ധഖുർആൻ 5:106)*

അന്ധൻ അന്ധന് എങ്ങനെ വഴികാട്ടാനാണ്!

ദൈവഭാഷണത്തിന്റെ ഉന്നതനിലവാരത്തോളം എത്തിക്കഴിഞ്ഞ പരിശുദ്ധാത്മാവിൽ ആദ്യമായി പ്രേമാവേശങ്ങളോടെ ഇറങ്ങുന്ന വിശുദ്ധമായ ഒരവ

കാത്തിരുന്നശേഷം അപ്രത്യക്ഷരായോ, എണ്ണമറ്റ ആത്മാക്കൾ ആ സന്തോഷദിനങ്ങളുടെ മധുരസ്മരണകളോടെ ഈ ലോകത്തു നിന്നും യാത്ര പറഞ്ഞുവോ ആ കാലമിതാ നിങ്ങൾ കണ്ടെത്തിയിരിക്കുന്നു. ഇനി അതിനെ വിലമതിക്കുകയോ വിലമതിക്കാതിരിക്കുകയോ ചെയ്യുന്നത് നിങ്ങളുടെ ഇഷ്ടം. എന്നാൽ, ഞാനിത് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കും. ദീനിനെ പുതിയ രൂപത്തിൽ ഹൃദയങ്ങളിൽ പുനഃപ്രതിഷ്ഠിക്കുന്നതിനുവേണ്ടി. മനുഷ്യരെ നന്മയിലേക്കു നയിക്കുവാൻ തക്കസമയത്ത് അയക്കപ്പെട്ടിട്ടുള്ളവൻ ഞാൻ തന്നെയാകുന്നു എന്ന സത്യം പ്രഖ്യാപിക്കുന്നതു നിർത്തിവെക്കുവാൻ എനിക്കാവുകയില്ല. *'കലീമുല്ലാഹ്'* ആയ ദൈവഭടനുശേഷം അയക്കപ്പെട്ടിരുന്നതാരോ, ആരുടെ ആത്മാവ് ഹെരോദാസിന്റെ ഭരണത്തിൽ ഏറിയ കഷ്ടപ്പാടുകൾക്ക് ശേഷം സ്വർഗത്തിലേക്ക് എടുത്തുകൊള്ളപ്പെട്ടുവോ ആ വ്യക്തിയെപോലെ പ്രേഷണം ചെയ്യപ്പെട്ടിരിക്കുന്നവനത്ര ഞാൻ. അപ്രകാരം തന്നെ രണ്ടാമത്തെ *'കലീമുല്ലാഹ്'* സത്യത്തിൽ എല്ലാവരേക്കാളും ആദ്യത്തെയാളും സയ്യിദുൽ അമ്പിയാവും ആയ മഹാത്മാവ് മറ്റു ഫിർഔനുകളെയും ചതയ്ക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ടു.

---

സ്ഥയാണ് 'തജ്ദീദെ ദീൻ' അഥവാ മതനവീകരണം. പിന്നെ അതു മറ്റുള്ളവരിലേക്കും വേഗത്തിലോ മെല്ലെയോ സംക്രമിച്ചു തുടങ്ങുന്നു. അല്ലാഹുവിൽ നിന്ന് മുജദ്ദിദിയ്യത്തിന്റെ ചൈതന്യം നേടുന്നവർ 'ഖബർ' തോണ്ടികളോ പൊങ്ങച്ചക്കാരോ അല്ല. മറിച്ചു അവർ റസൂലിന്റെ യഥാർഥ പ്രതിനിധികളും ആത്മീയ നിലയിൽ തിരുമേനിയുടെ ഖലീഫമാരും ആയിത്തീരുന്നു. അല്ലാഹു നബിമാർക്കും റസൂൽമാർക്കും നല്കപ്പെടുന്ന എല്ലാ അനുഗ്രഹങ്ങൾക്കും അവർ അവകാശികളാവുകയും ചെയ്യുന്നു. അവരുടെ വാക്കുകൾ അകൃത്രിമങ്ങളും സ്വച്ഛസുന്ദരങ്ങളുമത്രെ. തനതുരൂപത്തിൽ അവർ സംസാരിക്കുന്നു. നാട്യഭാവത്തിൽ അവർ ഒന്നും പറയുന്നില്ല. അല്ലാഹുവിൽ നിന്നുള്ള ദിവ്യവെളിപാടുകളുടെ ഒളിവ് അവരുടെ ഹൃദയങ്ങളിൽ പ്രകാശിക്കുന്നു. എല്ലാ വിഷമഘട്ടങ്ങളിലും *'റൂഹുൽഖുദ്സ്'* മുഖേന അവർക്കു പാഠം നല്കപ്പെടുന്നു. അവരുടെ സംസാരത്തിലോ പ്രവൃത്തിയിലോ ലൗകികതയുടെ മാലിന്യം കലർന്നിരിക്കയില്ല. എന്തെന്നാൽ അവർ സമ്പൂർണമായും ദൈവത്തിലേക്ക് ആകൃഷ്ടരായിട്ടുള്ളവരത്രെ.

اِنَّاۤ اَرۡسَلۡنَاۤ اِلَيۡكُمۡ رَسُوۡلًا ۙ شَاهِدًا عَلَيۡكُمۡ كَمَاۤ اَرۡسَلۡنَاۤ اِلٰى فِرۡعَوۡنَ رَسُوۡلًا ؕ۱۶

*"ഫിർഔന്റെ അടുക്കൽ നാം റസൂലിനെ അയച്ചതുപോലെ*
*നാം നിങ്ങളുടെ അടുക്കലും റസൂലിനെ അയച്ചിരിക്കുന്നു.*
*നിങ്ങളുടെമേൽ സാക്ഷിയായിട്ടുതന്നെ"*
*(വിശുദ്ധ ഖുർആൻ 73:16)*

എന്നു അദ്ദേഹത്തെപറ്റി പറയപ്പെട്ടിരിക്കുന്നു. അപ്രകാരം തന്നെ തന്റെ പ്രവർത്തനങ്ങളിൽ ഒന്നാമത്തെ 'കലീമി'ന്റെ സദൃശ്യനെങ്കിലും പദവിയിൽ അദ്ദേഹത്തേക്കാളും ആദരണീയനായിരുന്ന ആ മഹാത്മാവിനും ഒരു മസീഹീ സദൃശ്യന്റെ വാഗ്ദത്തം നല്കപ്പെടുകയും ആ മസീഹി സദൃശ്യൻ മസീഹിബ്നു മറിയമിന്റെ ശക്തിയും സ്വഭാവവും പ്രത്യേകതകളും ആവാഹിച്ചുകൊണ്ട് അതേ കാലയളവിൽ തന്നെ, അതായത് ഒന്നാം കലീമിന്റെ കാലം മുതൽ മസീഹിബ്നു മറിയമിന്റെ കാലം വരെയുള്ള കാലഘട്ടത്തിന് ഒപ്പത്തിനൊപ്പം തന്നെ. എന്നുവെച്ചാൽ, പതിനാലാം നൂറ്റാണ്ടിൽ തന്നെ ആകാശത്തുനിന്നും ഇറങ്ങിവന്നു. ആ അവരോഹണം ആത്മീയനിലയിലുള്ള അവരോഹണമായിരുന്നു. എപ്രകാരമെന്നാൽ, പൂർണമനുഷ്യൻ അത്യുന്നതിയിലേക്ക് ഉയർന്നശേഷം മനുഷ്യ സംസ്കരണാർഥം ഇറങ്ങിവരുന്നത് എങ്ങനെയോ അങ്ങനെ. എല്ലാവിധത്തിലും മസീഹിബ്നുമറിയമിന്റെ അവരോഹണത്തിന്റെ കാലഘട്ടം എങ്ങിനെയുള്ളതായിരുന്നുവോ, എല്ലാ കാര്യങ്ങളിലും അതിനു തികച്ചും തുല്യമായിട്ടുള്ള ഒരു കാലഘട്ടത്തിൽ തന്നെ ആ സദൃശ്യപുരുഷൻ ഇറങ്ങിവന്നിരിക്കുന്നു ചിന്തിക്കുന്നവർക്ക് സത്യത്തിന്റെ അടയാളമായിരിക്കാൻ വേണ്ടിതന്നെ. ആകയാൽ, ഇതിനെ നിഷേധിക്കുന്ന കാര്യത്തിൽ ആരും ധൃതി കാണിക്കാതിരിക്കേണ്ടതാണ്.*

---

* നാം ജീവിക്കുന്ന ഈ കാലഘട്ടം മസീഹിബ്നുമറിയമിന്റെ കാലത്തെ ജൂതന്മാരിൽ പ്രചരിച്ചിരുന്ന എല്ലാതരം തിന്മകളും അതിന്റെ പൂർണരൂപത്തിൽ പ്രകടമായിട്ടുള്ളതിനാൽ അതിനോടു തികച്ചും സാദൃശ്യമുള്ള ഒരു കാലഘട്ടമാകുന്നു. ആചാരമാത്രമായ ബാഹ്യപ്രകടനങ്ങളും യാഥാർഥ്യത്തിൽ നിന്നുള്ള അകന്നുനില്പും ആത്മീയതയുടെ അഭാവവും സത്യസന്ധതയും വിശ്വസ്തതയും നഷ്ടപ്പെട്ട നിലയും, ആർജവവും സ്വഭാവനൈർ

അവർ ദൈവത്തോടു പോരിനു പുറപ്പെട്ടവരുടെ കൂട്ടത്തിലകപ്പെടാതി രിക്കാൻ തന്നെ. അന്ധകാരത്തിന്റെ ചിന്താഗതിക്കാരും തങ്ങളുടെ പൗരാണികമായ വിശ്വസാചാരങ്ങളിൽ അടിഞ്ഞുകൂടിയവരും

---

മല്യവും അപ്രത്യക്ഷമായ അവസ്ഥയും, അത്യാർത്തി പിശുക്ക് ലൗകിക ലാലസ തുടങ്ങിയവ എങ്ങും നിറഞ്ഞു നില്ക്കുന്ന സ്ഥിതിവിശേഷവും മസീഹിന്റെ കാലത്തെ യഹൂദികളിലെന്നപോലെ ഇന്നു സർവത്ര നടമാടുകയാണ്. യഥാർഥമായ നന്മയെന്തെന്നറിയാതെ ബാഹ്യമാത്രമായ ആചാരസമ്പ്രദായങ്ങളെ കേവലനന്മകളായി കരുതി അവയ്ക്കടിപ്പെട്ടു കഴിഞ്ഞിരുന്നതുപോലെ ആത്മാർഥതയും ആർജവവും ആന്തര വിശുദ്ധിയും നീതിനിഷ്ഠയും അവയുടെ അടയാളം പോലും കാണപ്പെടാത്തവണ്ണം അവരിൽ അപ്രത്യക്ഷമായി ഭവിക്കുകയും അനുകമ്പയും ദയാവായ്പും കണി കാൺമാനില്ലാതിരിക്കുകയും ഏകദൈവാരാധനയുടെ സ്ഥാനത്ത് സൃഷ്ടിപൂജ കൊടികുത്തി വാഴുകയും ചെയ്തിരുന്നതുപോലെ ഇക്കാലത്ത് ഈ എല്ലാ വിപത്തുകളും വന്നു പെട്ടിരിക്കുകയാണ്. ഹലാലായ കാര്യങ്ങൾ നന്ദിഭാവത്തോടും കൃതജ്ഞതാഭരിതമായ വിനയത്തോടും കൂടിയല്ല അനുഭവിക്കുന്നത്. ഹറാമായ കാര്യങ്ങളിൽ യാതൊരു വൈമുഖ്യവും വെറുപ്പും കാണിക്കപ്പെടുന്നില്ല. അല്ലാഹുവിന്റെ വ്യക്തമായ കല്പനകൾ വ്യാഖ്യാന വിശദീകരണങ്ങളിൽ കൂട്ടിക്കുഴച്ചു അവയെ കടന്നുചാടുന്നു. നമ്മുടെ കാലത്തെ അധികം ഉലമാക്കളും അക്കാലത്തെ ശാസ്ത്രിമാരിൽ നിന്നും പരീശന്മാരിൽ നിന്നും ഒട്ടും വിഭിന്നരല്ല. കൊതുകിനെ അരിച്ചു നീക്കുകയും ഒട്ടകത്തെ അപ്പടി വിഴുങ്ങുകയും ചെയ്യുന്നവരാണവർ. സ്വർഗരാജ്യം മനുഷ്യർക്കായി കൊട്ടിയടക്കുന്നു. അവരോ അതിൽ പ്രവേശിക്കയില്ല. പ്രവേശിക്കുന്നവരെ അവരൊട്ടു കടത്തുകയുമില്ല. നീണ്ടു നീണ്ടു നമസ്കാരം അനുഷ്ഠിക്കും എന്നാൽ അവരുടെ ഹൃദയത്തിലാകട്ടെ ആ യഥാർഥ ആരാധ്യന്റെ നേരെ സ്നേഹമോ ആദരവോ ഇല്ല. മിമ്പറിൽ കയറിയിരുന്നു വികാരഭരിതങ്ങളായ ഉപദേശപ്രസംഗം നടത്തും. എന്നാൽ, അവരുടെ സ്വകാര്യ ജീവിതം മറ്റൊന്നായിരിക്കും. ഹൃദയങ്ങളിൽ കുസൃതികളും കുതന്ത്രങ്ങളും നിറഞ്ഞിരിക്കുന്നുവെങ്കിലും അവരുടെ കണ്ണുകളിൽ വെള്ളം നിറയുന്നു എന്നത് ആശ്ചര്യകരം തന്നെ! ഹൃദയങ്ങളിൽ അന്യവൽക്കരണം നിറഞ്ഞു തുളുമ്പുന്നുവെങ്കിലും നാവിന്റെ തുമ്പത്ത് സ്നേഹപ്രകടനവും കൂറും അവർക്ക് കാണിക്കാനാവുന്നതും അത്ഭുതകരം! ഇപ്രകാരം യഹൂദിയത്തിന്റെ സകല സ്വഭാവങ്ങളും സർവത്ര പ്രകടമായിക്കാണുന്നു. ഭയഭക്തിയും ദൈവചിന്തയും എത്ര മാറിത്തിരിഞ്ഞുപോയി! സത്യവിശ്വാസത്തിന്റെ ദൗർബല്യം ദൈവപ്രേ

ആരോ അവർ ഇതിനെ കൈക്കൊള്ളുകയില്ല. എന്നാൽ അവരുടെയെല്ലാം തെറ്റുകുറ്റങ്ങൾ അവർക്കു പൊറുക്കപ്പെടുമാറാകുന്ന ആ കാലം ഇതാ വരുന്നു.

---

മത്തെ തണുപ്പിച്ചുകളഞ്ഞു. ജനം ലൗകികതയുടെ ഭ്രമത്തിൽപ്പെട്ടുപോയിരിക്കുന്നു. ഇതൊക്കെ സംഭവിക്കേണ്ടതുതന്നെയായിരുന്നു. എന്തെന്നാൽ ഈ ഉമ്മത്തിൽ യഹൂദരോടു തികഞ്ഞ സാദൃശ്യം ഉള്ള ഒരു കാലം വരുമെന്നും യഹൂദികൾ ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളും ഇവരും ചെയ്യുമെന്നും യഹൂദർ എലിയുടെ മാളത്തിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ തന്റെ ജനവും അപ്രകാരം എലിപ്പൊത്തിൽ കടക്കുമെന്നും നബിതിരുമേനി(സ) പ്രവചിച്ചിട്ടുണ്ടായിരുന്നു. അപ്പോൾ, അത്തരം ഒരു കാലത്ത്, പേർഷ്യൻ വംശാവലിയിൽപെട്ട ഒരു ആത്മീയ പുരുഷൻ ജന്മമെടുക്കും. സത്യവിശ്വാസം 'സുറയ്യാ' (കാർത്തിക) നക്ഷത്രത്തിലേക്ക് ഉയർന്നുപോയിട്ടുണ്ടെങ്കിൽ കൂടി അദ്ദേഹം അതിനെ വീണ്ടും കൊണ്ടുവരും. ഇതാണ് തിരുനബിയുടെ പ്രവചനം. ദിവ്യബോധനത്തിലൂടെ ഈ എളിയ സേവകന് അതിന്റെ സത്യം വെളിപ്പെട്ടിരിക്കുന്നു. അതിന്റെ പ്രാധാന്യവും എല്ലാ വിശദീകരണങ്ങളോടും കൂടി എനിക്ക് വ്യക്തമാക്കിത്തരികയും ചെയ്തിരിക്കുന്നു. മൂസാ നബിക്ക് 1400 കൊല്ലശേഷം വെളിപ്പെട്ട മസീഹിബിനുമറിയം യഥാർഥത്തിൽ ആ കാലഘട്ടത്തിൽ ദൈവത്താൽ നിയുക്തനായ ഒരു അധ്യാത്മിക പരിഷ്കർത്താവായിരുന്നുവെന്ന് അവൻ എനിക്കു വ്യക്തമാക്കിത്തന്നിരിക്കുന്നു. ജൂതന്മാർക്കിടയിൽ സത്യവിശ്വാസം ക്ഷയിച്ചുപോകുകയും ധാർമികത നഷ്ടപ്രായമാകുകയും ചെയ്ത കാലമായിരുന്നു അത്. ഇതേ തരത്തിലുള്ള വിപത്തുകളും ദോഷങ്ങളും തിരുനബിയുടെ ദൗത്യത്തിന് 1400 കൊല്ലത്തിനു ശേഷം ഇക്കാലത്തുള്ളവരിലും ആ പ്രവചനത്തിന്റെ പൂർത്തീകരണമെന്നോണം വന്നുഭവിച്ചിരുന്നു. തന്നിമിത്തം മസീഹിബിനു മറിയമിന്റെ സാദൃശ്യത്തോടു കൂടി സത്യവിശ്വാസം പഠിപ്പിക്കുന്ന ഒരു മതഗുരുവിനെ ഈ തലമുറയിലും ദൈവം അവന്റെ പൂർണമായ 'ഖുദ്റത്ത്' മുഖേന അയച്ചിരിക്കുകയാണ്. വരാനിരിക്കുന്ന ആ മസീഹ് ഈയുള്ളവൻ തന്നെ. മനസ്സുള്ളവർ വിശ്വസിച്ചുകൊള്ളട്ടെ! ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ! ഇത് ദൈവത്തിന്റെ പ്രവൃത്തിയാകുന്നു. ജനങ്ങളുടെ ദൃഷ്ടിയിൽ ഇതു പക്ഷേ ഒരു പുതുമ! ആണെങ്കിലും ശരി. ആരെങ്കിലും ഇക്കാര്യം നിഷേധിക്കുന്നുവെങ്കിൽ, അറിഞ്ഞുകൊള്ളുവിൻ പണ്ടുകാലത്തും പുണ്യവാളന്മാർ കള്ളവാദികളാക്കപ്പെട്ടിരുന്നു. യോഹന്നാനെ, അതായതു സകരിയ്യാ നബിയുടെ പുത്രനായിരുന്ന യോഹന്നാനെ, യഹൂദികൾ തീർച്ചയായും സ്വീകരിച്ചിരുന്നില്ല. ആകാശത്തേക്ക് ഉയർത്തപ്പെട്ടിട്ടുണ്ടായി

دنیامیں ایک نذیر آیاپر دنیانے اُس کو قبول نہیں کیالیکن خدا اُسے قبول کریگا

اور بڑے زور آور حملوں سے اُس کی سچائی ظاہر کردیگا

*" ലോകത്ത് ഒരു താക്കീതുകാരൻ വന്നു. പക്ഷേ, ലോകം അദ്ദേഹത്തെ ചെവിക്കൊണ്ടില്ല. എന്നാൽ, ദൈവം അദ്ദേഹത്തെ കൈകൊള്ളും. വളരെ ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത്തെ വെളിപ്പെടുത്തുകയും ചെയ്യും"*

---

രുന്ന അതേ ഏലിയാ തന്നെയാണ് അദ്ദേഹമെന്നു മസീഹ് സാക്ഷ്യം നല്കിയിരുന്നു. ഏലിയാ ഇറങ്ങിവരുന്നതിനെ കുറിച്ചു പുണ്യഗ്രന്ഥങ്ങളിൽ എഴുതപ്പെടുകയും ചെയ്തിരുന്നു. ദൈവം അവന്റെ ഭാഷണത്തിൽ സദൃശ്യവാക്യങ്ങളും അലങ്കാരങ്ങളും ഉപയോഗിക്കുന്നു. പ്രകൃതിയും പ്രത്യേകതകളും പ്രതിഭയും അടിസ്ഥാനമാക്കി ഒരാളുടെ പേര് മറ്റൊരാൾക്ക് നല്കുകയും ചെയ്യുന്നു. ഇബ്രാഹീമിന്റെ മനോനില ആർക്കുണ്ടോ അയാൾ അല്ലാഹുവിന്റെ പക്കൽ ഇബ്രാഹിം ആയിരിക്കും. ഉമർ ഫാറൂഖിന്റെ ഹൃദയം ആർക്കുണ്ടോ അയാൾ അല്ലാഹുവിന്റെ പക്കൽ ഉമർ ഫാറൂഖ് ആയിരിക്കും. അല്ലാഹുവിന്റെ ഭാഷണത്താൽ അനുഗൃഹീതനായിരിക്കുന്ന 'മുഹദ്ദസ്' ആയി ഈ ഉമ്മത്തിലും ആരുണ്ടോ അയാളും ഉമർ ആണ് എന്ന ഹദീസ് നിങ്ങൾ വായിക്കുന്നില്ലേ? 'മുഹദ്ദസിയത്ത്' ഹദ്റത് ഉമറിൽ അവസാനിച്ചു പോയിരിക്കുന്നു എന്നാണോ ഇതിന്റെ അർഥം? ഒരിക്കലുമല്ല; ആ ഹദീസിന്റെ അർഥം ഇതാണ്: ആരുടെ ആത്മീയാവസ്ഥ ഉമറിന്റേതിനോടു കിട നില്ക്കുന്നുവോ അത്തരമൊരാൾ ആവശ്യമായ ഘട്ടത്തിൽ മുഹദ്ദസ് ആയിരിക്കും. ഉദാഹരണമായി ഈ വിനീതനും ഒരവസ്ഥയിൽ ഇതു സംബന്ധിച്ച്

فِيْکَ مَادَةٌ فَارُوْقِيَّةٌ

*"നിന്നിൽ ഫാറൂഖി ആയ ചൈതന്യാംശം അടങ്ങിയിരിക്കുന്നു"*

എന്ന ഇൽഹാം ലഭിക്കുകയുണ്ടായി. അങ്ങനെ, ഈ എളിയവനും മറ്റു പുണ്യവാന്മാരുടെ സ്വഭാവസാദൃശ്യങ്ങൾക്കു പുറമെ –ഇതിന്റെ വിശദവിവരങ്ങൾ 'ബറാഹീനെ അഹ്മദിയ്യ'യിൽ അടങ്ങിയിരിക്കുന്നു– ഹദ്റത് മസീഹിന്റെ സ്വഭാവപ്രകൃതിയുമായും സവിശേഷസാദൃശ്യം ഉണ്ട്. ഈ സവിശേഷസാദൃശ്യം കാരണമായിട്ടു തന്നെ മസീഹിന്റെ പേരിൽ ഈ വിനീതൻ അയക്കപ്പെട്ടിരിക്കുന്നു. കുരിശു വിശ്വാസത്തെ തകർത്തു തരിപ്പണമാക്കുന്നതിനുതന്നെ. അതുകൊണ്ട് ഞാൻ കുരിശിനെ മുറിക്കാനും പന്നികളെ കൊല്ലാനും ആയിട്ട് അയക്കപ്പെട്ടിരിക്കുകയാണ്. ഞാൻ ആകാ

**ഇതു മനുഷ്യന്റെ വചനമല്ല; അല്ലാഹുവിൽനിന്നുള്ള ദിവ്യവെളിപാടും പ്രതാപശാലിയായ രക്ഷിതാവിന്റെ വചനവുമാകുന്നു. ഞാൻ ഉറച്ചു വിശ്വസിക്കുന്നു; ആ ആക്രമണങ്ങളുടെ കാലം വരെ അടുത്തുപോയി. എന്നാൽ ഈ ആക്രമണങ്ങൾ വാളും**

---

ശത്തിൽ നിന്ന് ഇറങ്ങിവന്നവനാകുന്നു. എന്റെ ഇടത്തും വലത്തുമുണ്ടായിരുന്ന ആ പരിശുദ്ധരായ മലക്കുകളോടൊപ്പം തന്നെ. ആ മാലാഖമാർ, എന്നോടൊപ്പമുള്ള എന്റെ ദൈവം എന്റെ ദൗത്യം പൂർത്തിയാക്കുന്നതിനുവേണ്ടി എല്ലാ ഓരോ അർഹതയുള്ള ഹൃദയങ്ങളിലും പ്രവേശിക്കുമാറാകും. അല്ല പ്രവേശിച്ചുകൊണ്ടിരിക്കുന്നു. ഞാൻ അനങ്ങാതിരിക്കുന്നുവെങ്കിൽ കൂടിയും എന്റെ തൂലിക ചലിക്കാതെയായാൽ പോലും എന്നോടൊപ്പം അവരോഹണം ചെയ്ത ആ മലക്കുകൾക്ക് അവരുടെ ജോലി നിറുത്തുവാൻ കഴിയുമാറില്ല തന്നെ, അവരുടെ കൈകളിൽ വലിയ വലിയ ഗദകളുണ്ട്. കുരിശിനെ തകർക്കാനും സൃഷ്ടിപൂജയുടെ രൂപങ്ങളെ തച്ചുടക്കുവാനും വേണ്ടി നല്കപ്പെട്ടിട്ടുള്ളതാണവ. മലക്കുകൾ ഇറങ്ങിയെന്നു പറയുന്നതിന്റെ പൊരുളെന്തെന്നു മനസ്സിലാക്കാതെ വിവരമില്ലാത്ത ചിലർ അമ്പരക്കുന്നുണ്ടാവാം. മനുഷ്യരുടെ സമുദ്ധാരണാർഥം ഏതെങ്കിലും റസൂലോ നബിയോ മുഹദ്ദസോ ആകാശത്തിൽ നിന്ന് ഇറങ്ങുമ്പോൾ അതോടൊപ്പം സഹയാത്രികരായി യോഗ്യതയുള്ള ഹൃദയങ്ങളിൽ പ്രവേശിച്ചു മാർഗനിർദേശം നല്കുകയും നന്മക്കു പ്രചോദനം ഉണ്ടാക്കുകയും ചെയ്യുന്ന അത്തരം മാലാഖമാർ ഇറങ്ങിക്കൊണ്ടിരിക്കും എന്നത് അല്ലാഹു അനുവർത്തിച്ചുവന്നിട്ടുള്ള പ്രവർത്തനശൈലി തന്നെയാണെന്നു വ്യക്തമാക്കിക്കൊള്ളട്ടെ. അവിശ്വാസവും അധർമവും അകന്നു സത്യവിശ്വാസത്തിന്റെയും സന്മാർഗത്തിന്റെയും പ്രഭാതം പൊട്ടിവിരിയുന്നതുവരെ ഈ മലക്കുകളുടെ ഇറക്കം തുടർന്നു കൊണ്ടിരിക്കുന്നതാണ്.

تَنَزَّلُ الْمَلٰٓئِكَةُ وَالرُّوْحُ فِيْهَا بِاِذْنِ رَبِّهِمْ ۚ مِنْ كُلِّ اَمْرٍ ۛ۝٥ سَلٰمٌ ۛ هِيَ حَتّٰى مَطْلَعِ الْفَجْرِ ۝٦

*അതിൽ മലക്കുകളും ആ പരിപൂർണാത്മാവും തങ്ങളുടെ നാഥന്റെ അനുമതിയോടെ സകല കല്പനകളും കൊണ്ട് ഇറങ്ങുന്നതാണ്. അത് തികച്ചും സമാധാനമാകുന്നു, പ്രഭാതോദയം വരെ (വിശുദ്ധ ഖുർആൻ 97:5,6)*

എന്ന് അല്ലാഹു ഖുർആനിൽ പറഞ്ഞിരിക്കുന്നു. ചുരുക്കത്തിൽ മലക്കുകളുടെയും 'റൂഹുൽ ഖുദ്സി'ന്റെയും അവതാരം അതായത് ആകാശത്തിൽ നിന്നുള്ള ഇറക്കം, മഹോന്നതനായ ഒരു വ്യക്തി ഖിലാഫത്തിന്റെ ആടയണിഞ്ഞു കൊണ്ടും ദൈവികഭാഷണത്തിന്റെ അനുഗ്രഹം നേടിക്കൊണ്ടും ഭൂമിയിൽ അവതരിക്കുമ്പോഴാണു സംഭവിക്കുക. ഈ ഖലീഫക്ക് റൂഹുൽ ഖുദ്സിന്റെ അനുഗ്രഹം ലഭിക്കുന്നു. അദ്ദേഹത്തോടൊപ്പമുള്ള മാലാഖമാർ ലോകത്തുള്ള

കുന്തവും കൊണ്ടുള്ളതായിരിക്കില്ല. ഖഡ്ഗങ്ങളുടെയും തോക്കുകളുടെയും ആവശ്യം തന്നെ ഉണ്ടായിരിക്കില്ല. ആത്മീയമായ ആയുധങ്ങളോടൊപ്പം ദൈവീകമായ സഹായങ്ങളും ഇറങ്ങിക്കൊണ്ടിരിക്കും. യഹൂദികളുമായുള്ള ശക്തിമത്തായ പോരാ

---

യോഗ്യത നേടിയ എല്ലാ ഹൃദയങ്ങളിലും അവതരിപ്പിക്കപ്പെടുകയും ചെയ്യുന്നു. അപ്പോൾ ലോകത്ത് എവിടെയെല്ലാം അർഹരായിട്ടുള്ളവർ ഉണ്ടോ അവരുടെയെല്ലാം ഹൃദയങ്ങളിൽ ആ പ്രകാശത്തിന്റെ ഒളി മിന്നുകയും അങ്ങനെ പ്രപഞ്ചമാകെതന്നെയും ആ 'നൂറാനിയ്യത്ത്' അഥവാ പ്രകാശപ്പൊലിമ പരക്കുകയും ചെയ്യുന്നു. അങ്ങനെ മലക്കുകളുടെ പരിശുദ്ധമായ പ്രഭാവം നിമിത്തം ഹൃദയങ്ങളിൽ സ്വയം സദ്‌വിചാരങ്ങൾ ഉടലെടുക്കാൻ തുടങ്ങുന്നു. അതോടെ 'തൗഹീദ്' അഥവാ ഏകതാതത്വം പ്രിയങ്കരമായി അനുഭവപ്പെട്ടു തുടങ്ങുകയും നിർമലഹൃദയങ്ങളിൽ സത്യസന്ധതയുടേയും നീതി നിഷ്ഠയുടേയും ചൈതന്യം നിറക്കപ്പെടുകയും ചെയ്യും. ദുർബലർക്കു ശക്തി പ്രദാനം ചെയ്യപ്പെടുകയും ആ പരിഷ്കർത്താവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുയോജ്യവും സഹായകവുമായ കാറ്റ് നാല് പുറവും അടിച്ചു തുടങ്ങുകയും ചെയ്യും. പരോക്ഷമായ ഒരു ഹസ്തത്തിന്റെ അനക്കം മൂലം ലോകർ സ്വമേധയാ നന്മയിലേക്കു കുതറിയെത്തുകയും ജനതകളിൽ ഒരു വലിയ ചലനം സംഭവിക്കുകയും ചെയ്യും. അപ്പോൾ അജ്ഞരായിട്ടുള്ള ജനം ലോകത്തിന്റെ ചിന്തകൾ സ്വയം നേർവഴിക്കു നീങ്ങിത്തുടങ്ങിയെന്നു സങ്കല്പിക്കും. എന്നാൽ, യഥാർഥത്തിൽ ഈ സംഭവം ഖലീഫത്തുല്ലായുടെ ഒപ്പം ആകാശത്തു നിന്നിറങ്ങിയ മലക്കുകളുടെ പ്രവൃത്തിഫലമാണ്. സത്യം സ്വീകരിക്കാനും മനസ്സിലാക്കാനുമുള്ള അസാധാരണമായ ശക്തികൾ അപ്പോൾ പ്രദാനം ചെയ്യപ്പെടുന്നു. ഉറങ്ങുന്നവർ തട്ടിയുണർത്തപ്പെടുന്നു. ആലസ്യം ബാധിച്ചവർ കർമോത്സുകരാക്കപ്പെടുന്നു. ബധിരന്മാരുടെ ചെവി തുറക്കപ്പെടുന്നു. മൃതരായിട്ടുള്ളവരിൽ ജീവൻ ഊതപ്പെടുന്നു. ഖബറുകളിൽ അടക്കപ്പെട്ടവർ പുറത്തിറക്കപ്പെടുന്നു. അപ്പോൾ ജനം പെട്ടെന്ന് കണ്ണുതുറക്കാൻ തുടങ്ങുന്നു. മറഞ്ഞുകിടന്ന രഹസ്യവസ്തുതകൾ അവർക്കായി തുറക്കപ്പെടുന്നു. ഈ മലക്കുകൾ ആ ഖലീഫത്തുല്ലായുമായി വേറിട്ടു നില്ക്കുന്നില്ലെന്നു ബോധപ്പെടുമാറാകുന്നു. അത് അദ്ദേഹത്തിന്റെ തന്നെ മുഖപ്രകാശവും അദ്ദേഹത്തിന്റെ തന്നെ പ്രതിഭാവിലാസവും ആകയാൽ ആ കാന്തികവലയത്തിലേക്ക് അനുയോജ്യരായിട്ടുള്ളവരെയെല്ലാം ആകർഷിച്ചെടുക്കുന്നു. ഭൗതിക നിലയിൽ അടുത്തവരായാലും അകന്നവരായാലും അറിയപ്പെടുന്നവരായാലും അജ്ഞതരായാലും പേരു പോലും അറിയപ്പെടാത്തവരായാലും;

ട്ടം നടക്കും. ആരാണ് അവർ? യഹൂദികളുടെ കാൽപാടുകളെ പിന്തുടരുന്ന ഈ കാലഘട്ടത്തിലെ ഭൗതികവാദികൾ തന്നെയാണവർ. ഇവരെയെല്ലാം സ്വർഗീയമായ വാൾ വെട്ടി നുറുക്കും. അതോടൊപ്പം യഹൂദിയ്യത്തിന്റെ സ്വഭാവരീതികൾ തുടച്ചുനീ

ചുരുക്കത്തിൽ ഈ കാലത്ത് നന്മയുടെ ഭാഗത്തേക്കുണ്ടാവുന്ന എല്ലാ ചലനങ്ങളും നേർവഴി സ്വീകരിക്കാനുള്ള എല്ലാ ആവേശങ്ങളും അത് ഏഷ്യയിലോ യൂറോപ്പിലോ അമേരിക്കയിലോ താമസിക്കുന്ന ഏതു ജനവിഭാഗങ്ങളിലായാലും യഥാർഥത്തിൽ ഖലീഫത്തുല്ലായുടെ അവതാരത്തോടൊപ്പം ഇറങ്ങുന്ന മലക്കുകളുടെ പ്രവർത്തനം മൂലം ഉണ്ടായിത്തീരുന്നതാകുന്നു. ഒരിക്കലും മാറ്റം വരാത്ത ദൈവിക നിയമങ്ങളിൽപെട്ടതാകുന്നു ഇത്. ഇതു വളരെ ലളിതവും എളുപ്പം മനസ്സിലാക്കാൻ കഴിയുന്നതുമായ ഒരു കാര്യമാകുന്നു. നിങ്ങൾ ഇതിനെപറ്റി ചിന്തിക്കുന്നില്ലെങ്കിൽ നിങ്ങളുടെ നിർഭാഗ്യമെന്നേ പറയേണ്ടു. എന്തെന്നാൽ, വിനീതനായ ഈയുള്ളവൻ അല്ലാഹുവിൽ നിന്ന് സത്യത്തോടും സന്മാർഗദർശനത്തോടും കൂടി വന്നിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ സത്യത്തിന്റെ അടയാളം എല്ലാ ഭാഗങ്ങളിലും കണ്ടെത്തും. മാലാഖമാരുടെ സൈന്യം ആകാശത്തുനിന്ന് ഇറങ്ങിവന്ന് ഏഷ്യയിലെയും യൂറോപ്പിലെയും അമേരിക്കയിലെയും ജനഹൃദയങ്ങളിൽ പ്രവേശിക്കുന്നതു നിങ്ങൾ കാണുമാറാകുന്ന ആ കാലം അകലെയൊന്നുമല്ല. അതു വളരെ സമീപത്താണ്. ഖലീഫത്തുല്ലാഹ്‌യുടെ അവതാരത്തോടൊപ്പം മലക്കുകൾ ഇറങ്ങേണ്ടത് ആവശ്യമാണെന്ന കാര്യം നിങ്ങൾ വിശുദ്ധ ഖുർആനിൽ നിന്നു ഗ്രഹിച്ചിരിക്കുമല്ലോ. ഹൃദയങ്ങളെ സത്യത്തിലേക്കു തിരിക്കുന്നതാണിത്. ആകയാൽ നിങ്ങൾ ഈ അടയാളം നോക്കിപ്പാർക്കുവിൻ. മലക്കുകൾ ഇറങ്ങിയില്ലെങ്കിൽ, അവർ ഇറങ്ങിയതിന്റെ പ്രത്യക്ഷമായ പ്രതികരണങ്ങൾ നിങ്ങൾ ലോകത്തു കാണുന്നില്ലെങ്കിൽ, സത്യത്തിന്റെ ഭാഗത്തേക്കുള്ള ഹൃദയങ്ങളുടെ ഇളക്കം സാധാരണയിലധികമായി നിങ്ങൾക്ക് അനുഭവപ്പെടുന്നില്ലെങ്കിൽ ആകാശത്തുനിന്ന് ആരും ഇറങ്ങിയിട്ടില്ലെന്ന് നിങ്ങൾ കരുതിക്കൊള്ളുക. എന്നാൽ, ഇതെല്ലാം പ്രത്യക്ഷപ്പെട്ടുവെങ്കിലോ നിങ്ങൾ നിഷേധത്തിൽ നിന്നു പിന്തിരിഞ്ഞുകൊള്ളുവിൻ; നിങ്ങൾ ദൈവദൃഷ്ടിയിൽ ധിക്കാരികളായിത്തീരാതിരിക്കാനാണ് ഞാനിത് പറയുന്നത്.

**രണ്ടാമത്തെ അടയാളം:** ദൈവത്തിന്റെ വരിഷ്ഠദാസന്മാർക്കു ലഭിക്കുന്ന ആ സവിശേഷമായ പ്രകാശങ്ങളാൽ അല്ലാഹു ഈ വിനീതനെ പ്രത്യേകപ്പെടുത്തിയിരിക്കുന്നു. അത്തരക്കാരെ മറ്റുള്ളവർക്കു നേരിടാൻ സാധ്യമല്ല. അതുകൊണ്ട് സംശയമുണ്ടെങ്കിൽ നിങ്ങൾ എന്നെ നേരിടുവാൻ മുന്നോട്ടുവ

ക്കപ്പെടും. സത്യത്തെ മറച്ചു പിടിക്കുന്ന ഭൗതികവാദിയായ ആത്മീയ ദൃഷ്ടിയില്ലാത്ത ഒറ്റക്കണ്ണനായ ഓരോ ദജ്ജാലും നിർണായകമായ ന്യായപൂർത്തിയുടെ അസിലതകൾകൊണ്ടു അറുത്തിടപ്പെടുകയും അങ്ങനെ സത്യത്തിന്റെ വിജയം ആഘോഷിക്കപ്പെടുകയും ചെയ്യും. ഇസ്‌ലാമിനുവേണ്ടി പുതുമയുടേയും പ്ര

---

രുവിൻ! എന്നാൽ, എന്നെ നേരിടുവാൻ നിങ്ങൾക്ക് ഒരിക്കലും സാധ്യമല്ലെന്നു ഉറപ്പിച്ചുകൊള്ളുവിൻ. നിങ്ങൾക്ക് നാവുകളുണ്ട്, ഹൃദയമില്ല. നിങ്ങൾക്ക് ശരീരമുണ്ട്, ജീവനില്ല. കണ്ണുകളിൽ കൃഷ്ണമണിയുണ്ട്. പക്ഷേ, അതിൽ വെളിച്ചം ഇല്ല. അല്ലാഹു നിങ്ങൾക്കു കാണാൻ സഹായിക്കുന്ന വെളിച്ചത്തെ പ്രദാനം ചെയ്യുമാറാകട്ടെ!

**മൂന്നാമത്തെ അടയാളം:** ഏതൊരു ആദരവായ നബിയിൽ വിശ്വാസം കൊള്ളുന്നതായി നിങ്ങൾ അവകാശപ്പെടുന്നുവോ ആ പരിശുദ്ധ നബി(സ) ഈ വിനീതനെപ്പറ്റി സ്വഹീഹായ ഹദീസുഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്നതെന്തോ അതിൽ നിങ്ങൾ ഇന്നേവരെ ചിന്തിച്ചുനോക്കിയിട്ടില്ല. നിങ്ങൾ അതിന്റെ സത്യവൽകരണത്തിന്നല്ലാതെ അതിനെ കളവാക്കാൻ ആലോചനങ്ങൾ നടത്തുമ്പോൾ നിങ്ങൾ ആ ആദരവായ നബിയുടെ ഗുപ്തശത്രുക്കളായി ചമയുകയല്ലേ? നിങ്ങളിൽ പലരും കുഫ്റ് ഫത്‌വകൾ എഴുതും. സാധ്യമാണെങ്കിൽ എന്നെ നിങ്ങൾ കൊല്ലാനും തയ്യാറാകും. എന്നാൽ, എളുപ്പം വശീകരിക്കാവുന്നതും ആലോചനാശക്തി കുറഞ്ഞതുമായ ഒരു ജനതയുടെ സർക്കാർ അല്ല ഇവിടെ അധികാരത്തിലുള്ളത്. മുൻകാലങ്ങളിലെ യഹൂദി പാരമ്പര്യം പുനർജീവിപ്പിക്കപ്പെടുമെന്നു കരുതാൻ മാത്രം ഉൽകൃഷ്ഠഗുണങ്ങൾ നഷ്ടപ്പെട്ടുപോയ ഒരു ജാതിയുമല്ല ഇത്. ഈ ഗവൺമെന്റ് സത്യവിശ്വാസത്തിന്റെ മേന്മകളും അനുഗ്രഹങ്ങളും സ്വായത്തമാക്കിയിട്ടുള്ള ഒരു ഗവൺമെന്റ് അല്ലെന്നിരിക്കിലും, മസീഹ്ബ്നു മറിയമിന്റെ പ്രശ്നം ആരുടെ അധികാരകാലത്ത് കൈകാര്യം ചെയ്യപ്പെട്ടുവോ ആ ഹെരോദാവിന്റെ ഭരണത്തേക്കാളും എത്രയോ മടങ്ങ് ശ്രേഷ്ഠമായിട്ടുള്ളതത്രെ. സമാധാനം പുലർത്തുന്നതിലും വ്യാപകമായ ജനക്ഷേമം കൈവരുത്തുന്നതിലും ജനങ്ങളുടെ ശിക്ഷണകാര്യത്തിലും നിയമക്രമം പാലിക്കുന്നതിലും നീതി നിർവഹണത്തിലും, കുറ്റവാളികളെ ശിക്ഷിക്കുന്നതിലും ഇന്നത്തെ മിക്ക ഇസ്‌ലാമിക രാഷ്ട്രങ്ങളെക്കാളും മെച്ചപ്പെട്ട നിലവാരത്തിലുള്ളതാണ് ഈ ഗവൺമെന്റ്. യഹൂദന്മാരുടെ ഭരണകാലത്തും അവരുടെ അധികാരത്തിൻ കീഴിലും ദൈവം അവന്റെ യുക്തിസാമർഥ്യമനുസരിച്ച് മസീഹിനെ എഴുന്നേല്പിക്കാതിരുന്നതുപ്രകാരം ഈ വിനീത ദാസന്റെ കാര്യത്തിലും അതേ നയം അവലംബിച്ചുകൊണ്ടു ചിന്തിക്കുന്നവർക്ക് ഒരു അടയാളമാക്കിയിരിക്കുകയാണ്. ഇക്കാലത്തെ അവിശ്വാസികൾ എന്നെ പരി

കാശോജ്ജ്വലതയുടേയും ആ ദിനങ്ങൾ പൂർവിക കാലത്തുണ്ടാ യതുപോലെ വീണ്ടും വന്നുദിക്കുകയും ചെയ്യും. ഇസ്ലാമിന്റെ സൂര്യൻ പണ്ടത്തെപോലെ സകല ദീപ്തികളോടും കൂടി ഒരി ക്കൽ കൂടി ഉയർന്നു പ്രകാശിച്ചു തുടങ്ങും. എന്നാൽ ഇപ്പോൾ അങ്ങനെയല്ല. അതു പ്രകാശിച്ചുയരുന്നതിനെ നിശ്ചയമായും

---

ഹസിക്കുകയും ശകാരിക്കുകയും ചെയ്യുന്നു എങ്കിൽ അതിൽ ദുഃഖിക്കാ നൊന്നുമില്ല. ഇവർക്കു മുമ്പുള്ളവർ ഇതിനേക്കാൾ മോശമായ നിലയിലാണ് പ്രവാചകന്മാരോടു പെരുമാറിയിരുന്നത്. മസീഹുതന്നെയും പലതവണ പരി ഹസിക്കപ്പെടുകയും നിന്ദിക്കപ്പെടുകയുമുണ്ടായി. ഒരിക്കൽ മസീഹിനെ അദ്ദേ ഹത്തിന്റെ സ്വന്തം സഹോദരന്മാർ, സ്വന്തം ഉമ്മയിൽ പിറന്ന സഹോദരന്മാർ തന്നെ അദ്ദേഹത്തെ ഭ്രാന്തനെന്നു വിധിക്കുകയും കാരാഗൃഹത്തിൽ അട ക്കാൻ ഒരുക്കം കൂട്ടുകയും ചെയ്തു. മറ്റുള്ളവരാകട്ടെ, അദ്ദേഹത്തെ കൊ ല്ലാൻ ശ്രമിച്ചു. പലതവണ അവർ അദ്ദേഹത്തിന്റെ നേരെ കല്ലെറിഞ്ഞു. അങ്ങേ യറ്റത്തെ പുച്ഛത്തോടെ അവർ അദ്ദേഹത്തിന്റെ മുഖത്ത് തുപ്പി. അല്ല, ഒരി ക്കൽ അദ്ദേഹത്തെ അവർ രോഷാകുലരായി കുരിശിന്മേൽ തറച്ചു. ഏതാണ്ട് വധിച്ച നിലയിലാക്കി. എന്നാൽ, എല്ല് തല്ലിയൊടിക്കപ്പെടാതിരുന്നതിനാൽ, തന്റെ വിശ്വസ്തരും നല്ലവരുമായ ശിഷ്യന്മാരുടെ സഹായത്തോടെ അദ്ദേഹം മരണത്തിൽ നിന്നു രക്ഷപ്പെടുകയും പിന്നീടും സേവനങ്ങൾ അർപ്പിച്ച് ജീവിച്ച ശേഷം സ്വർഗത്തിലേക്ക് എടുത്തുകൊള്ളപ്പെടുകയും ചെയ്തു. മസീ ഹിന്റെ ശിഷ്യന്മാർപോലും അവർ അദ്ദേഹത്തിന്റെ വേർപ്പെടുത്താവാനാത്ത സ്നേഹിതന്മാരും അനുയായികളുമായിരുന്നിട്ടും ആ പരീക്ഷാവേളയിൽ ചഞ്ച ലപ്പെട്ടു പോകുകയുണ്ടായി. ഒരാൾ മുപ്പതു കാശ് കൈക്കൂലി വാങ്ങി അദ്ദേ ഹത്തെ ഒറ്റിക്കൊടുത്തു. ഒരാൾ അദ്ദേഹത്തെ ചൂണ്ടിക്കാണിച്ചു കൊടുക്കു കയും അദ്ദേഹത്തിന്റെ മുഖത്തു നോക്കി കള്ളം പറയുകയും ചെയ്തു. വലിയ സ്നേഹിതന്മാരാണെന്നു നടിച്ച അവരെല്ലാം പരീക്ഷാവേളയിൽ ഓടി മറയുകയും യേശു മിശീഹായോടു തങ്ങൾക്കുള്ള വിശ്വാസത്തിൽ ഗുരുതര മായ സംശയങ്ങൾ പ്രകടിപ്പിക്കയുമുണ്ടായി. എന്നാൽ, യേശു സത്യസന്ധ നും വിശ്വസ്തനുമായിരുന്നു. അത്യുന്നതനായ ദൈവം മരണശേഷവും അദ്ദേ ഹത്തിന്റെ ദൗത്യത്തെ പുനർജീവിപ്പിച്ചു. ഇപ്രകാരം കൃസ്ത്യാനികൾ ശക്തിയായ വിശ്വാസം പുലർത്തുന്ന യേശു മസീഹിന്റെ രണ്ടാം വരവ് അദ്ദേഹത്തിന്റെ മതത്തിന്റെ പുനരുഥാനത്തിലേക്കാണു വിരൽ ചൂണ്ടുന്നത്. അദ്ദേഹത്തിന്റെ കാലശേഷം അത് പുനരുജ്ജീവിപ്പിക്കപ്പെട്ടു. അതുപോലെതന്നെ എനിക്കും സു വാർത്ത നല്കിയിരിക്കുന്നു. അവൻ, ഞാൻ മരിച്ച ശേഷം എന്നെ പുനർജീ വിപ്പിക്കുമെന്ന്! ദൈവവുമായി വളരെ അടുപ്പമുള്ളവർ, അതായത്, അവന്റെ

സ്വർഗീയശക്തികൾ തടഞ്ഞുനിർത്തിയിരിക്കുകയാണ്. ഏതുവരെയെന്നാൽ, കഠിനമായ അധ്വാനവും ആത്മസമർപ്പണവും കൊണ്ട് നമ്മുടെ കരളുരുകിപ്പോകുന്നില്ലയോ അതുവരെ! അതു പ്രകാശിച്ചുയരുന്നതിനുവേണ്ടി നാം നമ്മുടെ സകല സുഖസന്തോഷങ്ങളും ത്യജിക്കുവാൻ തയ്യാറാകുന്നതുവരെ! ഇസ്ലാമിനു ബഹുമാനം കൈവരുന്നതിനുവേണ്ടി എല്ലാ തരത്തിലുള്ള എളിമയും അവഹേളനവും അപമാനവും സഹിക്കുന്നതുവരെ! ഇസ്ലാമിന്റെ നിലനില്പ്പ് നമ്മിൽ നിന്ന് ഒരു തെണ്ടം ആവശ്യപ്പെടുന്നു. അതെന്താണ്? ഇതേ മാർഗത്തിൽ നാം മരണം വരിക്കുകതന്നെയാണത്! ഇസ്ലാമിന്റെ നിലനില്പും മുസൽമാന്മാരുടെ ജീവിതവും ജീവിച്ചിരിക്കുന്ന ദൈവത്തിന്റെ തേജസ്സും സ്ഥിതി ചെയ്യുന്നത് ഈ മരണത്തിലാണ്. ഇതിനു തന്നെയാണ് മറ്റൊരു വാക്കിൽ പറഞ്ഞാൽ 'ഇസ്ലാം' എന്നു പറയുന്നത്. ഈ ഇസ്ലാമിനെ ജീവിപ്പിക്കാനാണ് അല്ലാഹു ഇച്ഛരിക്കുന്നത്. ഈ മഹാപദ്ധതി നടപ്പാക്കുന്നതിനു വേണ്ടി എല്ലാ വശങ്ങളിലൂടെയും ഫലപ്രദമായിട്ടുള്ള ഒരു മഹത്തായ പ്രവർത്തന സംവിധാനം അവന്റെ വകയായി സ്ഥാപിക്കേണ്ടത് എത്രയും ആവശ്യമായിരിക്കുന്നു. തന്നിമിത്തം, 'ഹകീ'മും 'ഖദീറു'മായ ആ സർവശക്തൻ ഈ വിനീതനെ മനുഷ്യരാശിയുടെ ഉദ്ധാരണാർഥം അയച്ചുകൊണ്ട് അപ്രകാരം തന്നെ ചെയ്തിരിക്കുന്നു. സത്യത്തിലേക്കും നേർമാർഗത്തിലേക്കും ലോകരെ ആകർഷിച്ചെടുക്കുന്നതിനായി, സത്യത്തിന്റെ പിന്തുണയ്ക്കും ഇസ്ലാമിന്റെ 'ഇശാഅ'ത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളെ വിവിധ ശാഖകളായി തിരിച്ചിരിക്കുന്നു.

---

വരിഷ്ഠന്മാർ തങ്ങളുടെ മരണശേഷം ഉയിർത്തെഴുന്നേല്ക്കുന്നു. പിന്നെ,

میں اپنی چمکار دکھلاؤں گا اور اپنی قدرت نمائی سے تجھے اُٹھاؤں گا۔

*"ഞാൻ: എന്റെ പ്രകാശപ്പൊലിമ വെളിപ്പെടുത്തും എന്റെ അത്ഭുതപ്രകടനം മുഖേന ഞാൻ നിന്നെ ഉയർത്തുകയും ചെയ്യും"*

എന്നിങ്ങനെ അല്ലാഹു എന്നോടു പറഞ്ഞു. ചുരുക്കത്തിൽ, ഈ രണ്ടാം ജീവിതത്തിന്റെ അർഥവും എന്റെ ലക്ഷ്യങ്ങളുടെ പുനർജീവനും ആകുന്നു. ഈ രഹസ്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നവർ എത്രയോ വിരളം!

## ദൈവീകമായ പണിപ്പുരയുടെ പഞ്ചശാഖകൾ

ഈ പണിപ്പുരയുടെ ശാഖകളിൽ ഒന്ന് സാഹിത്യ സൃഷ്ടിയുടെയും പ്രസിദ്ധീകരണങ്ങളുടെയും പ്രസ്ഥാനമാകുന്നു. അതിന്റെ മേൽനോട്ടം ഈ വിനീതനിൽ അർപ്പിക്കപ്പെട്ടിരിക്കുന്നു. കൂടാതെ മനുഷ്യന്റെ കഴിവിൽ പെടാത്തതരത്തിൽ അല്ലാഹുവിന്റെ മാത്രം സഹായ ശക്തികൊണ്ടു ഗ്രഹിക്കാൻ കഴിയുന്നതും മനുഷ്യകൃതമല്ലാതെ 'റൂഹുൽ ഖുദുസ്' മുഖേനയുള്ള അധ്യാപനത്തിലൂടെ വിഷമ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തിയിട്ടുള്ളതുമായ ആത്മീയ ജ്ഞാനങ്ങളും അതിസൂക്ഷ്മങ്ങളായ അറിവുകളും പഠിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

ഈ പ്രവർത്തന സംവിധാനത്തിന്റെ രണ്ടാമത്തെ ശാഖ ലഘുലേഖകൾ പ്രസിദ്ധീകരിക്കാനുള്ള ഏർപ്പാടാകുന്നു. ദൈവാജ്ഞയനുസരിച്ചു ന്യായപൂർത്തിയെ ലക്ഷ്യമാക്കി നടത്തിവരുന്ന ഈ പ്രവർത്തനം ഇപ്പോഴും തുടരുന്നു. ഇതിനകംതന്നെ ഇരുപതിനായിരത്തിലും അല്പം അധികം ലഘുലേഖകൾ ഇതരസമുദായങ്ങളിൽ ഇസ്ലാമിന്റെ ന്യായപൂർത്തി വരുത്തുന്നതിനുവേണ്ടി പ്രസിദ്ധം ചെയ്തുകഴിഞ്ഞു. മേലിലും ആവശ്യമുള്ള ഘട്ടങ്ങളിൽ എപ്പോഴും പ്രസിദ്ധം ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു.

മൂന്നാമത്തെ ശാഖ ഈ പ്രവർത്തന സംവിധാനത്തിന്റെ വിവരമറിഞ്ഞു തങ്ങളുടെതായ നാനാവിധ നിശ്ചയങ്ങളുമായി അഭിമുഖ ദർശനത്തിനു വന്നെത്തിക്കൊണ്ടിരിക്കുന്ന സത്യാന്വേഷികളും വിവിധങ്ങളായ മറ്റു ഉദ്ദേശങ്ങൾക്കായി ഇറങ്ങിത്തിരിച്ചവരുമായ വരവുപോക്കുകാർ അഥവാ സഞ്ചാരികൾ ആകുന്നു. ഈ ശാഖയുടെ പ്രവർത്തനവും മുറയ്ക്കു വെളിപ്പെട്ടു തുടങ്ങിയിരിക്കുന്നു. ചില ദിവസങ്ങളിൽ കുറവാണെങ്കിലും ചില ദിവസങ്ങളിൽ വളരെ തിരക്കോടെ അതു നടന്നു പോരുന്നു. ഇതനുസരിച്ച് കഴിഞ്ഞ ഏഴു വർഷത്തിനുള്ളിൽ അറുപതിനായിരത്തിലേറെ അതിഥികൾ വന്നിരിക്കണം. ഇവരിൽ ഉപദേശം കേൾക്കാൻ തയ്യാ റാ

യവരിൽ അതുമുഖേന എത്രത്തോളം ആത്മീയഫലം സൃഷ്ടിക്കപ്പെടുകയും അവരുടെ വിഷമപ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകുകയും അവരുടെ ദൗർബല്യങ്ങൾ ദുരീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ടെന്ന കാര്യം ദൈവത്തിനു മാത്രമേ അറിയുകയുള്ളൂ. ചോദ്യകർത്താക്കൾക്കുള്ള മറുപടിയെന്നോണം ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതു മായ ഈ ഉപദേശപ്രസംഗങ്ങൾ അഥവാ സ്ഥലകാലോചിതം വിവരിച്ചു കേൾപ്പിക്കപ്പെടുന്ന കാര്യങ്ങൾ ചില ഘട്ടങ്ങളിൽ പ്രസിദ്ധീകരണങ്ങളെ അപേക്ഷിച്ചു വളരെയേറെ പ്രയോജനകരവും ശീഘ്രം ഹൃദയത്തിൽ പതിയുന്നതുമായി തെളിഞ്ഞിട്ടുണ്ട്. ഇക്കാരണത്താൽ തന്നെയാണ് എല്ലാ നബിമാരും സവിശേഷരീതിയിൽ രേഖപ്പെടുത്തപ്പെട്ടതും പ്രസിദ്ധീകരിക്കപ്പെട്ടതുമായ ദൈവവചനങ്ങളെ ഒഴിച്ചു നിർത്തിയാൽ ഈ രീതിയെ അവലംബിച്ചു പോന്നിട്ടുള്ളത്. ബാക്കി നബിമാരുടെ തിരുമൊഴികൾ എത്രത്തോളം അവയെല്ലാം അതാതവസരത്തിൽ ഉപദേശപ്രസംഗങ്ങളെന്ന പോലെ പ്രചരിച്ചുകൊണ്ടിരിക്കുകയാണ് ചെയ്തിട്ടുള്ളത്. നബിമാരുടെ തിരുമൊഴികൾ എത്രത്തോളമുണ്ടോ അവയെല്ലാം അതാതവസരത്തിൽ ഉപദേശപ്രസംഗങ്ങളെന്നപോലെ പ്രചരിച്ചുകൊണ്ടിരിക്കുകയാണ് ചെയ്തിട്ടുള്ളത്. നബിമാരുടെ സാധാരണ രീതി എന്തെന്നാൽ അവർ പ്രാപ്തനായ ഒരു പ്രഭാഷകനെ പോലെ ആവശ്യത്തിനൊത്ത് വിവിധ സമ്മേളനങ്ങളിലും സഭകളിലും തങ്ങളുടെ നിലയ്ക്കനുസരിച്ച നിലയിൽ ആത്മാവിൽ നിന്നും ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ഉൽബോധനം നടത്തിപ്പോന്നു. എന്നാൽ അത് ഇക്കാലത്തെ പ്രസംഗകരെ പോലെയല്ല. അവർക്കാകട്ടെ പ്രസംഗങ്ങളിൽ തങ്ങളുടെ അറിവിന്റെ ആഴം പ്രകടിപ്പിക്കുക മാത്രമേ വേണ്ടൂ. അല്ലെങ്കിൽ തങ്ങളുടെ കപടമായ തത്വശാസ്ത്രവും സ്വയം കൃതസിദ്ധാന്തങ്ങളുടെ ന്യായപൂർത്തിയും ഏതാനും ശുദ്ധഗതിക്കാരിൽ അടിച്ചേൽപ്പിക്കയും അങ്ങനെ അവരെയും തങ്ങളേക്കാളധികം നരകാവകാശികളാക്കി മാറ്റുകയും ആണ് അവരുടെ ഉദ്ദേശ്യം. നബിമാരാകട്ടെ വളരെ സരളമായ ശൈലിയിൽ ആർജ്ജവത്തോടെ സംസാരിക്കുകയും

തങ്ങളുടെ ഹൃദയത്തിൽ ഏതൊന്നു തിളച്ചുമറിയുന്നുവോ അത് മറ്റുള്ളവരുടെ ഹൃദയത്തിലും പകരുകയുമാണ് ചെയ്യുന്നത്. അവരുടെ മുഖത്തുനിന്നു വരുന്ന ദിവ്യമായ വചനങ്ങൾ അവസരത്തിനും ആവശ്യത്തിനും ഒത്തുള്ളതായിരുന്നു. അവർ തങ്ങളെ അഭിമുഖീകരിക്കുന്നവരെ കഥാകാലാക്ഷേപം പോലെ എന്തെങ്കിലും കേൾപ്പിക്കുന്നവരായിരുന്നില്ല. ജനങ്ങളെ ആത്മീയരോഗബാധിതരായും പലതരം ആത്മീയവിപത്തുകളിൽ കുടുങ്ങിയവരായും കണ്ടുകൊണ്ട് രോഗചികിത്സയെന്ന നിലയിൽ അവർക്കാവശ്യമായിട്ടുള്ള ഉപദേശങ്ങൾ നല്കിക്കൊണ്ടിരുന്നു. അഥവാ നിർണായകമായ ന്യായങ്ങൾ വഴി അവരുടെ സംശയങ്ങളെല്ലാം പരിഹരിച്ചുകൊടുത്തുകൊണ്ടിരുന്നു. അവരുടെ സംഭാഷണത്തിൽ വാക്കുകൾ കുറച്ചും സാരം അധികവും ഉണ്ടായിരുന്നു. ഇതേ രീതി തന്നെയാണ് ഈ വിനീതനും സ്വീകരിച്ചിട്ടുള്ളത്. ✵ ഈ

✵ ഇവിടെ ആശ്ചര്യം ജനിപ്പിക്കുന്ന ഒരു സംഭവം എടുത്ത് പറയേണ്ടിയിരിക്കുന്നു. ഒരു ദിവസം എനിക്ക് അലീഗറിൽ പോകേണ്ടതായിവന്നു. മസ്തിഷ്കക്ഷീണരോഗം കാരണം ഖാദിയാനിൽ വച്ച് കുറച്ചുമുമ്പ് ഇതിന്റെ ആക്രമണം ഉണ്ടായിട്ടുണ്ടായിരുന്നു. അധിക സംഭാഷണം നടത്താനോ ബുദ്ധിപരമായ കൂടുതൽ ജോലി ചെയ്യാനോ കഴിയാത്ത അവസ്ഥയിലായിരുന്നു. ഇപ്പോഴും എന്റെ സ്ഥിതി ഇതുതന്നെയാണ്. അതായത് അധികമായി സംസാരിക്കുകയോ ക്രമത്തിലേറെ ചിന്തിക്കുകയോ ആലോചിക്കുകയോ ചെയ്യാനുള്ള കഴിവ് അപ്പോൾ ഉണ്ടാവില്ല. ഈ സ്ഥിതിയിൽ അലീഗറിലെ മുഹമ്മദ് ഇസ്മാഈൽ എന്ന ഒരു മൗലവി സാഹിബ് എന്നെ സമീപിക്കുകയും വളരെ വിനീതനിലയിൽ 'വഅള്' (മതപ്രഭാഷണം) നടത്തുന്നതിന് അപേക്ഷിക്കുകയും വളരെ കാലമായി ആളുകൾ ഇത് ആഗ്രഹിച്ചുകൊണ്ടിരിക്കുകയാണെന്നും എല്ലാവരും ഒരു വീട്ടിൽ ഒരുമിച്ചുകൂടുന്നതും അവിടെ വച്ച് വഅള് പറയുന്നത് നന്നായിരിക്കുമെന്നും അഭിപ്രായപ്പെടുകയും ചെയ്തു. സത്യത്തിന്റെ കാര്യങ്ങൾ ജനങ്ങളോടു സംസാരിക്കുന്നത് എനിക്ക് എപ്പോഴും സന്തോഷമുള്ളതും ഞാൻ സദാ ആഗ്രഹിക്കുന്നതുമായിരിക്കയാൽ ഞാൻ പൂർണ്ണഹൃദയത്തോടെ അതിനു സമ്മതിക്കുകയും 'ഇസ്‌ലാമിന്റെ യാഥാർഥ്യം' അതായത് ഇസ്‌ലാം യഥാർഥത്തിൽ എന്താണെന്നും ജനങ്ങൾ അതു സംബന്ധിച്ച് എന്താണ് ധരിച്ചുവെച്ചിരിക്കുന്നത് എന്നും മറ്റും ആളുകൾക്ക് വിവരിച്ചുകൊടുക്കാമെന്ന് കരുതുകയും അപ്രകാരം 'ഇൻശാ അല്ലാഹ്' ഇസ്‌ലാ

വരവ് പോക്കുകാരുടെ സന്നദ്ധതയ്ക്കൊത്ത് അവരുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലുള്ളതും അവരുടെ ആത്മീയമായ അനുരോഗങ്ങളെകുറിച്ചുള്ള വിചാരത്തോടു കൂടിയതുമായ പ്രസംഗങ്ങളുടെ വാതിലുകൾ എപ്പോഴും തുറന്നുകിടക്കുന്നു. എന്തെന്നാൽ തിന്മയെ കുറിമാനമായി കണ്ടുകൊണ്ട് അതിനെ

---

മിനെ കുറിച്ച് സംസാരിക്കാമെന്നും മൗലവി സാഹിബിനെ അറിയിക്കയുമുണ്ടായി. എന്നാൽ, പിന്നീട് അല്ലാഹു ഇതിനെ വിരോധിച്ച് എന്റെ ദേഹസ്ഥിതി തീരെ അനുയോജ്യമല്ലെന്നതിനാൽ അധികമായി ബുദ്ധിമുട്ടി എന്തെങ്കിലും ശാരീരിക ക്ലേശമുണ്ടാക്കുന്ന ജോലി ചെയ്യുന്നത് അവൻ ഇഷ്ടപ്പെട്ടില്ല. അതിനാൽ വഅള് പറയുന്നതിൽ നിന്ന് അല്ലാഹു എന്നെ വിലക്കി. ഇതിനു മുമ്പും ഒരിക്കൽ ഇപ്രകാരം സംഭവിച്ചിട്ടുണ്ടായിരുന്നു. ഞാൻ വളരെ ക്ഷീണിതനായ ഒരവസരത്തിൽ കഴിഞ്ഞുപോയ നബിമാരിൽപ്പെട്ട ഒരു നബി 'കശ്ഫി'ൽ എനിക്കു പ്രത്യക്ഷപ്പെടുകയും സഹതാപത്തോടും ഉപദേശരൂപത്തിലും ഇത്തരത്തിൽ എന്തിനാണ് ധൈഷണികാദ്ധ്വാനം ചെയ്യുന്നതെന്ന് എന്നോടു ചോദിക്കുകയും അതുകാരണം രോഗിയായി പോകുമെന്ന് എന്നെ ഉണർത്തുകയുമുണ്ടായി. ഏതായാലും അല്ലാഹുവിന്റെ ഭാഗത്തു നിന്നുള്ള ഒരു വിലക്കായിരുന്നു ഇത്. ഞാൻ ഈ ഒഴികഴിവ് മൗലവി സാഹിബിന്റെ മുമ്പിൽ വെക്കുകയും ചെയ്തു. യഥാർഥത്തിൽ ഇത് തികച്ചും സത്യമായിരുന്നുതാനും. രോഗം കഠിനമായി ബാധിച്ചാലുള്ള എന്റെ അവസ്ഥ നേരിട്ട് കാണുകയും ധാരാളമായി സംസാരിക്കുകയോ ചിന്തിക്കുകയോ മനനം ചെയ്കയോ ചെയ്താൽ വളരെ വേഗം ഈ രോഗം മൂർച്ഛിക്കുന്നത് നേരിട്ട് കണ്ടു മനസ്സിലാക്കുകയും ചെയ്തിട്ടുള്ളവർ, എന്റെ 'ഇൽഹാ'മുകളിൽ ദൃഢവിശ്വാസം ഉണ്ടായിട്ടില്ലാത്തവരാണെങ്കിൽകൂടി, ഈ രോഗാവസ്ഥയിൽ എന്റെ സ്ഥിതിയിതാണെന്നു പൂർണമായി മനസ്സിലാക്കിയിട്ടുണ്ടായിരിക്കും. ലാഹോറിലെ 'ഓണറി മജിസ്ട്രേറ്റ്' കൂടിയായ ഡോക്ടർ മുഹമ്മദ് ഹുസൈൻ ഖാൻ സാഹിബ് ആണ് ഇതേ വരെ എന്നെ ചികിത്സിച്ചു പോന്നിട്ടുള്ളത്. രോഗാവസ്ഥയിൽ മസ്തിഷ്കപരമായ അധ്വാനം ഒഴിവാക്കണമെന്ന് അദ്ദേഹം എന്നെ എപ്പോഴും കർശനമായി താക്കീതു ചെയ്തുപോന്നിട്ടുണ്ട്. ഡോക്ടർ സാഹിബ് എന്റെ ഈ രോഗാവസ്ഥക്ക് ഒന്നാമത്തെ സാക്ഷിയാകുന്നു. പിന്നെ, എന്നോടുള്ള സഹതാപത്തിൽ പൂർണഹൃദയത്തോടെ വ്യാപൃതനായിട്ടുള്ള ജമ്മു സ്റ്റേറ്റിലെ കൊട്ടാരവൈദ്യനായ ഭ്രാതാ ഡോ. ഹക്കീം നൂറുദ്ദീൻ സാഹിബ്, അക്കൗണ്ടന്റ് മുൻഷി അബ്ദുൽ ഹഖ് സാഹിബ് –ലാഹോറിൽ ജോലി ആവശ്യാർഥം താമസിക്കുകയും ബന്ധപ്പെടുകയും ചെയ്യുന്ന ഇദ്ദേഹം

തടുക്കുന്നതിനുള്ള അത്യാവശ്യ ഉപദേശങ്ങൾ തൊടുത്തുവിടുകയും ദുഃസ്വഭാവങ്ങളെ സ്ഥാനം തെറ്റിപ്പോയ ശരീരഘടകമെന്നപോലെ കരുതിക്കൊണ്ട് അവയെ യഥാർഥ രൂപത്തിൽ ശരിയായ സ്ഥാനത്തു പുനഃപ്രതിഷ്ഠിക്കുകയും ചെയ്യുകയാകുന്നു. അവർ രോഗിക്കുള്ള ചികിത്സ എന്ന നിലയ്ക്കാണ് ഇതു പ്രയോ

---

എന്റെ ഈ രോഗനാളുകളിൽ വിവരണാതീതമായ വിധത്തിൽ എനിക്കുള്ള സേവനത്തിൽ വ്യാപൃതനായിരുന്നിട്ടുണ്ട്– ആത്മാർഥത നിറഞ്ഞ ഇവരെല്ലാം തന്നെ എന്റെ ഈ അവസ്ഥക്കു സാക്ഷികളാകുന്നു. എന്നാൽ, കഷ്ടം! ഓരോ സത്യവിശ്വാസിയും സദ്ഭാവന ചെയ്യാൻ ആജ്ഞാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും മൗലവി സാഹിബിനു എന്റെ ഒഴികഴിവിനെ ഹൃദയത്തിൽ സദ്ഭാവനയോടു കൂടി നോക്കിക്കാണാൻ കഴിഞ്ഞില്ല. ഇതിനു പകരം വളരെ തരംതാണ ദുർഭാവനയോടു കൂടി കള്ളത്തരം പ്രചരിപ്പിക്കുകയാണുണ്ടായത്. അങ്ങനെ അദ്ദേഹത്തിന്റെ ആ എല്ലാ പ്രസ്താവനകളും അദ്ദേഹത്തിന്റെ സ്നേഹിതനായ ഒരു ഡോക്ടർ ജലാലുദ്ദീൻ, മൗലവി സാഹിബിന്റെ സമ്മതത്തോടെതന്നെ ജനങ്ങൾക്കിടയിൽ എഴുതി പ്രചരിപ്പിക്കുകയുണ്ടായി. ഞാൻ അതിനുള്ള മറുപടി ചുവടെ കുറിച്ചുകൊള്ളാം.

**മൗലവി സാഹിബ്:** "ഞാൻ അദ്ദേഹത്തോട് (അതായത് ഈ വിനീതനോട്) അലീഗറിൽ വെച്ച് പറഞ്ഞു: നാളെ 'ജുമുഅഃ' ദിവസം ആണ്, 'വഅള്' പറയണം എന്ന്. അതിനു അദ്ദേഹം വാഗ്ദത്തവും നല്കി. രാവിലെ കുറിപ്പ് കിട്ടി. 'വഅള്' പറയുന്നത് 'ഇൽഹാം' മുഖേന വിരോധിക്കപ്പെട്ടിരിക്കുന്നു എന്ന്. എനിക്ക് തോന്നുന്നത് പ്രസംഗിക്കാനുള്ള കഴിവുകേടും പരീക്ഷയിലകപ്പെട്ടുപോകുമെന്നുള്ള പേടിയുംകൊണ്ടാണ് ഇപ്രകാരം നിഷേധിച്ചതെന്നാണ്."

**ഞാൻ:** തികച്ചും ദുർഭാവനപരമായ മൗലവി സാഹിബിന്റെ ഈ വിചാരം ശരീഅത്തിൽ കഠിനമായി വിരോധിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതാകുന്നു. സദ്വൃത്തന്മാരുടെ പ്രവൃത്തിയല്ല ഇത്. ഇതിനു യാതൊരു അടിസ്ഥാനവും യാഥാർഥ്യവും ഇല്ല. ഞാൻ അലിഗറിൽ വന്നതിനു ശേഷം മാത്രം ഇപ്രകാരം ഈ അവസരത്തിൽ ഒരു ദിവ്യ വെളിപാടുവാദം പുറപ്പെടുവിച്ചതാണെങ്കിൽ ഇങ്ങനെ ദുർഭാവന വിചാരിക്കാൻ നിശ്ചയമായും ന്യായമുണ്ടായിരുന്നു. അങ്ങനെയാണെങ്കിൽ, ഞാൻ മൗലവി സാഹിബിന്റെ ജ്ഞാനപരമായ ഉയർന്ന നിലവാരത്തിന്റെ പ്രഭാവഗരിമ കണ്ടും അദ്ദേഹത്തിന്റെ വൈജ്ഞാനിക സിദ്ധിയുടെ ഔന്നത്യത്തിലും ഗാംഭീര്യത്തിലും പ്രഭാവിതനായി പരിഭ്രമിച്ചു വശായും ഒരു ഒഴികഴിവ് കണ്ടെത്തുന്നതിന് ഇപ്രകാരം പറഞ്ഞൊഴിഞ്ഞതാണെന്ന് നിശ്ചയമായും വിചാരിക്കാമായിരുന്നു. എന്നാൽ, ഞാനാകട്ടെ ഈ ദിവ്യവെ

ഗപ്പെടുത്തുന്നത്. അല്ലാതെ മറ്റൊരു തരത്തിലും അതു അനുയോജ്യ മായിരിക്കുന്നില്ല. ഇക്കാരണത്താൽ തന്നെയാണ് അല്ലാഹു ഏതാനും ആയിരം പ്രവാചകന്മാരെയും റസൂൽമാരെയും അയക്കുകയും അവരുടെ സാമീപ്യസമ്പർക്കങ്ങൾ അനുഭവിച്ചറിയുവാൻ ആ

---

ളിപാടിന്റെ വാദം അലീഗറിലേക്ക് വരുന്നതിന് ആറുകൊല്ലം മുമ്പു തന്നെ രാജ്യം മുഴുവനും പ്രസിദ്ധം ചെയ്തിട്ടുള്ളതാണല്ലോ. മാത്രമല്ല, 'ബറാഹീനെ അഹ്മദിയ്യാ'യുടെ മിക്കഭാഗങ്ങളിലും അത് നിറഞ്ഞുകിടക്കുന്നുമുണ്ട്. ഞാൻ പ്രസംഗിക്കാൻ കഴിവില്ലാത്തവനാണെങ്കിൽ പ്രസംഗരൂപത്തിൽ തന്നെ 'സുർമെ ചശ്മെ ആര്യ'യെപോലുള്ള ഒരു ഗ്രന്ഥം സഭയിൽ വച്ച് തന്നെ അനുകൂലികളും പ്രതികൂലികളുമായിട്ടുള്ള ആയിരക്കണക്കിന് ആളുകളുടെ സാന്നിധ്യത്തിൽ എഴുതി പ്രസിദ്ധപ്പെടുത്തിയിരിക്കെ, അവ എന്റെ അത്തരത്തിലുള്ള ബലഹീനതയിൽ നിന്നും കഴിവ്കേടിൽ നിന്നും പുറത്തുവരുമായിരുന്നതെങ്ങനെ? വിവിധ തരക്കാരും വ്യത്യസ്ത ജനങ്ങളുമടങ്ങിയ ആയിരക്കണക്കിന് ആളുകളുടെ മുമ്പിൽ വെച്ചു നടത്തേണ്ടിവരുന്ന പ്രഭാഷണങ്ങളുടെ അത്യുജ്ജ്വലമായ പ്രസ്ഥാനം ഇന്നു വരെ എനിക്കു കൊണ്ടുനടത്താൻ കഴിയുമാറായതെങ്ങനെ? കഷ്ടം! മഹാ കഷ്ടം!! ഈ കാലത്തെ ഭൂരിപക്ഷം മൗലവിമാരിലും കത്തിജ്വലിക്കുന്ന അസൂയയുടെ അഗ്നി ഉള്ളിൽനിന്ന് തന്നെ അവരെ തിന്നുകളഞ്ഞിരിക്കയാണ്. സത്യവിശ്വാസത്തിന്റെ മര്യാദകളെപറ്റിയും സഹോദരത്വപരമായ പെരുമാറ്റങ്ങളെപറ്റിയും പരസ്പരമുള്ള സദ്ഭാവനകളെ കുറിച്ചുമെല്ലാം എപ്പോഴും ഉപദേശിച്ചു കൊണ്ടിരിക്കുകയും മിമ്പറുകളിൽ കയറിനിന്നുകൊണ്ട് ഇതു സംബന്ധിച്ച ദൈവവചനങ്ങളടങ്ങുന്ന ആയത്തുകളെ ജനങ്ങൾക്കു വിവരിച്ച് കൊടുക്കുകയും ചെയ്യുന്നുവെങ്കിലും സ്വയം ആ കല്പനകളെ സമീപിക്കാൻ പോലും തയ്യാറല്ല. അല്ലയോ മഹാന്മാരെ, അല്ലാഹു നിങ്ങളുടെ കണ്ണുകൾ തുറപ്പിക്കുമാറാകട്ടെ. അല്ലാഹു അവന്റെ 'മുൽഹ' മായ ഒരു ദാസനെ ഏതോ 'മസ്‌ലിഹ'ത്തിന്റെ അടിസ്ഥാനത്തിൽ ഒരു കാര്യം ചെയ്യുന്നതിൽ നിന്ന് വിലക്കി നിർത്തി എന്നത് അത്രയേറെ അസംഭവ്യമായ ഒരു കാര്യമാണോ? ഈ വിലക്കിനുള്ള മറ്റൊരു കാരണം താങ്കളുടെ ആന്തരീയമായ പ്രത്യേക അവസ്ഥകൾക്ക് ഒരു പരീക്ഷയായിരിക്കണമെന്നതും താങ്കളുടെ സഹയാത്രികരും സമാനചിന്തകരും ആയിട്ടുള്ളവരുടെ ദുഷ്ടോദ്ദേശ്യങ്ങൾ ഈ സംഭവം മുഖേന പുറത്തു വരുമാറാകണമെന്നതും ആയിരിക്കാവതല്ലേ? താങ്കളുടെ അറിവാളത്വത്തിന്റെ മഹത്വത്തിലും ഗാംഭീര്യത്തിലും ഞാൻ പേടിച്ചുപോയി എന്നതാണല്ലോ മറ്റൊരു കാര്യം! ഇതിന് മറുപടിയായി എനിക്കു പറയാനു

ജ്ഞാപിക്കുകയും ചെയ്തിട്ടുള്ളത്. അപ്രകാരം എല്ലാ ഓരോ കാലത്തുള്ള ആളുകളും നേരിട്ട് മാതൃകകൾ കണ്ടറിഞ്ഞു അവരുടെ വ്യക്തിത്വങ്ങളെ ദൈവികവചനങ്ങളുടെ പ്രതീകങ്ങളായി സാക്ഷ്യപ്പെടുത്തിക്കൊണ്ട് അവരെ പിന്തുടരുന്നതിനായി പരി

---

ള്ളത് അന്ധകാരത്തിലും ആത്മീയമായ ഇരുട്ടുകളിലും തപ്പിത്തടയുന്നവർക്ക് അവർ ഭൗതികമായ സകല തത്വചിന്തകളുടെയും അത്ഭുതസിദ്ധികളുടേയും കൂടാരമായിട്ടുള്ള ഒരാളായാലും എന്റെ കണ്ണിൽ ചത്തുപോയ ഒരു കീടത്തിലും കവിഞ്ഞ ഒരു സ്ഥാനം ഇല്ല എന്നാണ്. താങ്കളാകട്ടെ അത്തരത്തിൽ ഉന്നത കിടയിലുള്ള ഒരു പണ്ഡിതനല്ലതാനും. താങ്കൾ പഴയ ചിന്താഗതിക്കാരനായ ഒരു മൊരട്ടുമൊല്ല! ഇരുളിന്റെ ചിന്താഗതിക്കാരായ മുല്ലമാരിൽ കാണപ്പെടാറുള്ള ഊച്ചാളിത്തം താങ്കളുടെ ഹൃദയത്തിലും കുടികൊള്ളുന്നു. സകലകലാവല്ലഭന്മാരും അപാരമായ പാണ്ഡിത്യമുള്ളവരും ഗവേഷണനിഷ്ണാതരും ആയ ആളുകളാണ് എന്റെ അടുക്കൽ വരികയും ആത്മീയജ്ഞാന രഹസ്യങ്ങൾ ആരായുകയും ചെയ്യുന്നവരെന്നും അവരെ അപേക്ഷിച്ച് താങ്കളെ ഒരു സ്കൂൾകുട്ടി എന്നു പറഞ്ഞാൽപോലും അതു താങ്കൾക്ക് അനർഹമായ ഒരു ബഹുമതിയായിപ്പോകുമെന്നാണു ഞാൻ കരുതുന്നതെന്നും താങ്കൾ നല്ലപോലെ അറിഞ്ഞുകൊള്ളേണ്ടതാണ്.

ഇപ്പോഴും താങ്കളുടെ സൂക്ഷമഗ്രാഹ്യതക്കു കുറവ് വന്നിട്ടില്ലെന്നാണെങ്കിൽ, ദുർഭാവനാപരമായ വികാരങ്ങൾക്കു ശമനമുണ്ടായിട്ടില്ലാ എന്നാണെങ്കിൽ അല്ലാഹുവിന്റെ സഹായാനുഗ്രഹങ്ങളിൽ താങ്കളെ നേരിടുന്നതിനായി , പ്രഭാഷണം നടത്താൻ തന്നെയും ഞാൻ തയ്യാറാണ്! അസുഖം കാരണം ദൂരയാത്ര നടത്താൻ ഇപ്പോഴും എനിക്കു കഴിവില്ല. എങ്കിലും താങ്കൾക്കു സമ്മതമാണെങ്കിൽ എന്റെ സ്വന്തം ചിലവിൽ പഞ്ചാബിന്റെ തലസ്ഥാനമായ ലാഹോർ പോലുള്ള സ്ഥലത്തു വന്നു ഈ കാര്യത്തിൽ ഇത്തരം പരീക്ഷ നടത്തുന്നതിനായി ഞാൻ ക്ലേശമെടുത്തുകൊള്ളാം! ഈ പ്രതിജ്ഞ ഞാൻ ഉറച്ച കരുത്തോടുകൂടിയാണു പ്രഖ്യാപിക്കുന്നത്. ഞാൻ താങ്കളുടെ മറുപടിക്കായി കാത്തു നില്ക്കുന്നു.

**മൗലവി സാഹിബ്:** “ഇയാൾ തീരെ കൊള്ളരുതാത്തവനാണ്. വൈജ്ഞാനികമായ കഴിവൊന്നും ഇയാൾക്കില്ല.”

**ഞാൻ:** അല്ലയോ മാന്യൻ! ഭൗതികമായ എന്തെങ്കിലും രഹസ്യജ്ഞാനമോ ബുദ്ധിവൈഭവമോ ഉള്ളവനാണെന്ന വാദം എനിക്കില്ല. ഈ ലോകത്തിന്റെ ബുദ്ധിസിദ്ധികളും കൗശലങ്ങളും കൊണ്ടു ഞാനെന്തു കാട്ടാനാണ്! അവക്ക്

ശ്രമിക്കുമാറാകാനും തന്നെ. സ്വാലിഹീങ്ങളുടെ സാഹചര്യത്തിൽ കഴിയുക എന്നതു ദീനിന്റെ നിർബന്ധകാര്യങ്ങളിൽ പെട്ടതായിരുന്നില്ലെങ്കിൽ അല്ലാഹുവിന് അവന്റെ റസൂൽമാരെയും നബിമാരെയും അയക്കാതെ തന്നെ തന്റെ വചനങ്ങളെ മറ്റു പ്രകാരത്തിൽ

---

ആത്മാവിനെ പ്രകാശിപ്പിക്കാനുള്ള ശക്തിയില്ലല്ലോ. ആന്തരീയമായ മാലിന്യങ്ങളെ കഴുകിക്കളയാൻ അവക്കു സാധ്യമല്ല. താഴ്മയും വിനയശാലിത്വവും ഹൃദയത്തിലങ്കുരിപ്പിക്കാൻ കഴിയുകയില്ല. മറിച്ച്, തുരുമ്പിന്മേൽ തുരുമ്പ് കയറ്റു കയും കുഫ്‌റിന്മേൽ കുഫ്‌റ് വർധിപ്പിക്കുകയുമാണവ ചെയ്യുന്നത്. ദൈവികാനുഗ്രഹം എനിക്കു സഹായം നല്കി. മദ്രസ്സകളിൽ നിന്നല്ല, സ്വർഗീയാധ്യാപകനിലൂടെ ലഭിക്കുന്ന ജ്ഞാനം അവൻ എനിക്കു പ്രദാനം ചെയ്തു. എന്നെ 'ഉമ്മീ' (നിരക്ഷരൻ) എന്ന് വിളിക്കുന്നു എങ്കിൽ എനിക്ക് അതെന്തു മാനഹാനി? മറിച്ച് എനിക്ക് അത് അളവറ്റ അഭിമാന ഹേതുകമായിത്തീരുകയേ ഉള്ളൂ. എന്തെന്നാൽ സൃഷ്ടിവർഗത്തിന്റെ മുഴുവനും സംസ്കരണാർഥം അയക്കപ്പെട്ടിട്ടുള്ള എന്റെയും മുഴുവൻ മനുഷ്യരാശിയുടേയും ആ വഴികാട്ടിയും ഒരു 'ഉമ്മീ' ആയിരുന്നുവല്ലോ? അറിവിന്റെ ഗർവ് നിറഞ്ഞ തലയോട്ടിയെ ഞാൻ തെല്ലും ഗൗനിക്കില്ല! അതിന്റെ ഉള്ളിലും പുറത്തും അന്ധകാരമാണ്! വിശുദ്ധ ഖുർആൻ തുറന്നുനോക്കി അതിൽ പറഞ്ഞ കഴുതയുടെ കഥയെ പറ്റി ഓർക്കൂ. എന്താ, ഇത്രയും പോരേ?

**മൗലവി സാഹിബ്:** "ഞാൻ ഇൽഹാമിനെപറ്റി അയാളോട് ചില ചോദ്യങ്ങൾ ചോദിച്ചു. നിരർഥകമായ എന്തോ ചിലതു പറഞ്ഞു മൗനം ദീക്ഷിക്കയാണ് ചെയ്തത്."

**ഞാൻ:** വളരെ അർഥസംപുഷ്ടമായ മറുപടി പറഞ്ഞിട്ടുണ്ടായിരുന്നു. ബുദ്ധിശക്തിയും നീതിബോധവും ഉള്ള ഏതൊരാൾക്കും അതു മതിയായതായിരുന്നുതാനും. എന്നാൽ, താങ്കൾ മനസ്സിലാക്കിയില്ല; അതിൽ ആരുടെ മറ നീക്കലാണ് സംഭവിച്ചത്. താങ്കളുടേയോ അല്ല, വേറെ വല്ലവരുടേയോ? അതേ ചോദ്യം ഏതെങ്കിലും പത്രത്തിൽ പ്രസിദ്ധം ചെയ്യിച്ചുകൊണ്ട് താങ്കളുടെ അവധാരണശേഷി വീണ്ടുമൊന്ന് പരീക്ഷാവിധേയമാക്കിയാലും!

**മൗലവി സാഹിബ്:** "അത്രയും അമൂല്യമായ ഗ്രന്ഥത്തിന്റെ കർത്താവ് ഈ വ്യക്തിയാണെന്നു തീരെ ബോധ്യം വരുന്നില്ല."

**ഞാൻ:** താങ്കൾക്ക് എന്തു ബോധ്യം വരാനാണ്! നബി(സ)തിരുമേനിയെ സ്വന്തം കണ്ണുകൾ കൊണ്ട് നോക്കിക്കണ്ട 'കുഫ്ഫാ'റിന് ഈ ബോധ്യം ഉണ്ടായിട്ടില്ലല്ലോ. തീർത്തും ഒളിഞ്ഞു കിടന്നത് കാരണം തിരുനബിയുടെ

ഇറക്കാൻ കഴിയുമായിരുന്നു. അല്ലെങ്കിൽ ആരംഭകാലത്തേക്കു മാത്രമായി റിസാലത്തിന്റെ കല്പനയെ പരിമിതപ്പെടുത്തുകയും നുബുവ്വത്തിന്റെയും റിസാലത്തിന്റെയും ദിവ്യവെളിപാടുകളുടെയും പരമ്പരയെ നിറുത്തിക്കളയുകയും ചെയ്തിരിക്കുമായി

---

ശ്രേഷ്ഠതകൾ അവർക്ക് വെളിപ്പെടുമാറായില്ല. അങ്ങനെ അവർ തിരുനബിയുടെ മുഖത്തു നിന്നു പുറപ്പെട്ട ഗഹനമായ വചനങ്ങളും സൃഷ്ടികൾക്ക് ഓതികേൾപ്പിക്കപ്പെടുന്ന ഈ ഖുർആനും ഈ എല്ലാ പ്രതിപാദ്യങ്ങളും യഥാർഥത്തിൽ രാപ്പകലായി രഹസ്യത്തിൽ അദ്ദേഹത്തിന് പഠിപ്പിച്ചുകൊടുക്കുന്ന മറ്റാരോ ചിലരുടെ സൃഷ്ടിയാണെന്ന് ആരോപിച്ചിരുന്നു. ഒരു വിധത്തിൽ ആ 'കുഫ്ഫാ'റും സത്യം പറഞ്ഞു. മൗലവി സാഹിബിന്റെ മുഖത്തു നിന്നും സത്യം തന്നെ പുറത്തുവന്നു. വിശുദ്ധ ഖുർആനിലെ പ്രതിപാദ്യങ്ങൾ സാഹിത്യമൂല്യവും യുക്തിയും അടിസ്ഥാനമാക്കി നോക്കിയാൽ തിരുനബിയുടെ ധൈഷണികസിദ്ധികൾക്കു തികച്ചും അതീതമായിരുന്നു എന്നു മാത്രമല്ല, എല്ലാ സൃഷ്ടികളുടെയും കഴിവിന്നതീതവും ഉദാത്തവും ആയിട്ടുള്ളതത്രേ. സർവജ്ഞനും സർവശക്തനും ആയിട്ടുള്ള ഒരു സത്തക്കല്ലാതെ മറ്റാർക്കും ആ വാചകങ്ങൾ ഉണ്ടാക്കാൻ സാധ്യമല്ല. അപ്രകാരം തന്നെയാണ് ഈ വിനീതൻ വിവരിച്ചു പ്രസാധനം ചെയ്തിട്ടുള്ള ഗ്രന്ഥങ്ങളും. ഇവയെല്ലാം അദൃശ്യമായ ശക്തിയിൽ നിന്നുള്ള സഹായത്തിന്റെ ഫലമാകുന്നു. ഈ വിനീതന്റെ കഴിവുകൾക്കും അർഹതകൾക്കുമെല്ലാം തികച്ചും അതീതമായിട്ടുള്ളവ. എന്നാൽ, മൗലവി സാഹിബിന്റെ ഈ ആക്ഷേപം വഴി 'ബറാഹീനെ അഹ്മദിയ്യ'യിൽ അടങ്ങിയിട്ടുള്ള ഒരു പ്രവചനം പൂർത്തിയായി എന്നതിൽ 'ശുക്ക്റ്' ചെയ്യേണ്ടിയിരിക്കുന്നു. ചിലർ ഈ ഗ്രന്ഥം വായിച്ചിട്ട് ഈ പുസ്തകം ഈ വ്യക്തിയുടെ രചന അല്ല എന്നു പറയുമെന്നതാണ് ആ പ്രവചനം

بل اعانه عليه قومٌ اٰخرون

(ബറാഹീനെ അഹ്മദിയ്യാ, പേജ്: 239)

**മൗലവി സാഹിബ്:** "എനിക്ക് നല്ലവണ്ണം പരിചയമുള്ള സയ്യിദ് അഹ്മദ് അറബ് എന്നോട് നേരിട്ട് പറയുകയായിരുന്നു. ഞാൻ രണ്ട് മാസക്കാലം അദ്ദേഹത്തിന്റെ അടുക്കൽ അദ്ദേഹത്തിന്റെ പ്രത്യേക വിശ്വാസികളുടെ വൃത്തത്തിൽ താമസിക്കുകയും അതാതവസരത്തിൽ രഹസ്യാന്വേഷണദൃഷ്ടിയോടെയും പരീക്ഷണാർഥവും ഓരോ പ്രത്യേക സന്ദർഭത്തിലും എത്തിച്ചേർന്ന് കൊണ്ടും പരിശോധിച്ചപ്പോൾ മനസ്സിലായി, യഥാർഥത്തിൽ അദ്ദേഹത്തിന്റെ പക്കൽ ജ്യോതിഷപരമായ ഉപകരണങ്ങൾ ഉണ്ടെന്നും അത് മുഖേനയാണ്

**രുന്നു. എന്നാൽ അല്ലാഹു അവന്റെ അഗാധമായ യുക്തിജ്ഞാന വും ബുദ്ധിവൈഭവവും കൊണ്ട് അപ്രകാരം ആക്കിയില്ല. മറിച്ച്, ആവശ്യഘട്ടങ്ങളിൽ അതായത് ദൈവപ്രേമം, ദൈവാരാധന, ഭയഭക്തി, പരിശുദ്ധി എന്നിത്യാദി ആവശ്യകാര്യങ്ങളിൽ കുറവ് കണ്ടെത്തുമ്പോൾ വിശുദ്ധന്മാരായ ആളുകൾ അല്ലാഹുവിൽ നിന്ന്**

---

അദ്ദേഹം ഇക്കാര്യങ്ങളൊക്കെ ചെയ്ത് വന്നിട്ടുള്ളതെന്നും."

**ഞാൻ:** എന്റെ ഭാഗത്ത് നിന്നുള്ള മറുപടി ഇത്രമാത്രം.

تَعَالَوْا نَدْعُ اَبْنَآءَنَا وَاَبْنَآءَكُمْ وَنِسَآءَنَا وَنِسَآءَكُمْ وَاَنْفُسَنَا
وَاَنْفُسَكُمْ ثُمَّ نَبْتَهِلْ فَنَجْعَلْ لَّعْنَتَ اللّٰهِ عَلَى الْكٰذِبِيْنَ ﴿٦٢﴾

വരൂ, ഞങ്ങളുടെ സന്താനങ്ങളേയും നിങ്ങളുടെ സന്താനങ്ങളെയും, ഞങ്ങളുടെ സ്ത്രീകളെയും നിങ്ങളുടെ സ്ത്രീകളെയും ഞങ്ങളുടെ ആളുകളെയും നിങ്ങളുടെ ആളുകളെയും വിളിക്കാം. എന്നിട്ട് , അല്ലാഹുവിന്റെ ശാപം കള്ളം പറയുന്നവരുടെമേൽ ഉണ്ടാവട്ടെ എന്നു നമുക്ക് ഉള്ളഴിഞ്ഞു പ്രാർഥിക്കുകയും ചെയ്യാം.

(വിശുദ്ധഖുർആൻ 3:62)

ദൈവിക വചനങ്ങളിലുള്ള ഈ മറുപടിയല്ലാതെ യഥാർഥത്തിൽ മറ്റൊരു മറുപടി എനിക്കു പറയാനില്ല. രണ്ടു മാസക്കാലം എന്റെ അടുക്കൽ വന്ന് പാർത്ത ആ സയ്യിദ് സാഹിബ് ഏതു മാന്യവ്യക്തിയായിരിന്നുവെന്നു ഞാൻ ഓർക്കുന്നേയില്ല. ഇക്കാര്യത്തിൽ തെളിവു നല്കേണ്ട ഉത്തരവാദിത്വം മൗലവി സാഹിബിനുള്ളതാണ്. ഏത് ഉപകരണങ്ങളാണ് താൻ കണ്ടതെന്ന് ചോദിച്ചറിയുന്നതിന് അദ്ദേഹത്തെ എന്റെ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഞാൻ ഇപ്പോഴും ജീവനോടെ ഉണ്ട്. ഇതേ നിലയിൽ മൗലവി സാഹിബ് തന്നെ രണ്ട് മാസക്കാലം എന്നോടൊപ്പം താമസിച്ച് എല്ലാം നേരിട്ടു കണ്ടറിഞ്ഞ് കൊള്ളട്ടെ. ഏതെങ്കിലും അറബിയെയോ അജമിയെയോ ആശ്രയിക്കേണ്ട കാര്യമെന്ത്?

**മൗലവി സാഹിബ്:** "ഇൽഹാമിലെ വാചകങ്ങളിൽ ചിന്തിച്ചപ്പോൾ അത് 'ഇൽഹാ'മാണെന്ന് എനിക്ക് ഉറപ്പ് വരുന്നില്ല."

**ഞാൻ:** അല്ലാഹു ഖുർആനിൽ وَّكَذَّبُوْا بِاٰيٰتِنَا كِذَّابًا ﴿٢٩﴾

അവർ നമ്മുടെ അടയാളങ്ങളെ കള്ളം പറഞ്ഞു മുഴുവനും കള്ളമാക്കിതള്ളി

(വിശുദ്ധ ഖുർആൻ 78:29)

എന്ന് ആരെക്കുറിച്ച് പറഞ്ഞുവോ അവർക്കും ദൃഢവിശ്വാസം വന്നിട്ടുണ്ടായിരുന്നില്ല.

വഹ്‌യ് സ്വീകരിച്ചുകൊണ്ട് മാതൃകാപുരുഷന്മാരായി ലോകത്ത് പ്രത്യക്ഷപ്പെടുമാറാകുന്നു. ഈ രണ്ടു കാര്യങ്ങളും പരസ്പരം ആശ്രയിച്ചു നിലകൊള്ളുന്നവയത്രെ. അതായത്, അല്ലാഹു കാലാകാലത്തേക്കും മനുഷ്യരുടെ സമുദ്ധാരണത്തിന് ശ്രദ്ധിക്കുന്നവനാണെങ്കിൽ, തന്റെ പ്രത്യേക ശ്രദ്ധയിൽ ദീർഘദർശിത്വം നല്കി

---

യഹൂദന്മാരുടെ ശാസ്ത്രിമാർക്കും പരീശന്മാർക്കും 'യഖീൻ' ഉണ്ടായില്ല. അബൂജഹലിനും അബൂലഹബിനും 'യഖീൻ' ആയില്ല. എന്നാൽ, ഹൃദയത്തിൽ വിനയം ഉള്ളവർക്കും ആത്മാവിൽ വിശുദ്ധി ഉള്ളവർക്കും അത് ഉണ്ടായി.

این سعادت بزور بازو نیست تانہ بخشد خدائے بخشندہ

"അത്തരത്തിലുള്ള സൗഭാഗ്യങ്ങൾ ഒരുവനു കേവലം സ്വന്തം പോരാട്ടത്തിലൂടെ മാത്രം നേടാനാവില്ല, എതുവരെ ദൈവം അതു അവനു നൽകുന്നില്ലയോ"

**മൗലവി സാഹിബ്:** "വാദി ആയിട്ട് രംഗത്ത് വരിക കറാമത്തിന് എതിരായിട്ടുള്ളതാണ്. നിഷേധിക്കുന്നവർ വന്ന് നോക്കട്ടെ എന്ന് തിരിച്ചടിക്കുന്നതും പൊള്ളവാദമാകുന്നു."

**ഞാൻ** : ഈ കാര്യങ്ങളൊന്നും മനുഷ്യനിൽ നിന്നുള്ളതല്ല. എല്ലാ വാദങ്ങളും ഒടുവിൽ ആരിൽ എത്തിച്ചേരുന്നുവോ ആ അല്ലാഹുവിൽ നിന്നുള്ളതത്രെ. പിന്നെ ഏത് സത്യസ്നേഹിക്കാണ് അത് കള്ളമാണെന്നു പറയാനൊക്കുക? ഖുദ്റത്തിയായ കാര്യങ്ങൾ ചെയ്യാൻ ഒരു നബിക്കും സാധ്യമല്ലെന്നതു ശരി തന്നെയാണ്. എന്നാൽ അത്തരം വാദം ഒരു നബിയോ റസൂലോ മുഹദ്ദസോ മുഖേന അല്ലാഹുവിന്റെ ഭാഗത്തു നിന്നും അനുവദനീയമല്ലെന്നാണോ?

**മൗലവി സാഹിബ്:** കണ്ടു മുട്ടിയപ്പോൾ ഞാൻ തീരെ വിശ്വാസമില്ലാത്തവനായിത്തീർന്നു. അദ്ദേഹത്തെ കണ്ടുമുട്ടുന്ന ഏതൊരു മുവഹ്ഹിദും അദ്ദേഹത്തിൽ വിശ്വാസം നഷ്ടപ്പെട്ടവനാകുമെന്നാണ് എന്റെ അഭിപ്രായം. അദ്ദേഹം അവസാനസമയത്താണ് നമസ്കരിക്കാറുള്ളത്. അതും ജമാഅത്തായി നമസ്കരിക്കുന്നതിൽ നിഷ്ഠയുള്ള ആളുമല്ല"

**ഞാൻ:** മൗലവി സാഹിബിന്റെ വിശ്വാസരാഹിത്യം എനിക്കൊരു പ്രശ്നമേയല്ല. അദ്ദേഹത്തിന്റെ കള്ളത്തരത്തിലും കറ്റുകെട്ടിലും അങ്ങേയറ്റത്തെ ദുർഭാവനകളിലും എനിക്ക് വലുതായ അത്ഭുതമുണ്ട്. അല്ലയോ അല്ലാഹുവേ, മാർഗദർശിമാരും വഴികാട്ടികളും നേതാക്കളുമായി ഇത്തരത്തിലുള്ള മൗലവിമാരെ സ്വീകരിച്ചിട്ടുള്ള ഈ ഉമ്മത്തിന്റെ മേൽ നീ കരുണ കാണിക്കേണമേ. പ

അനുഗ്രഹിച്ചവരും അവന്റെ തൃപ്തിയുടെ വഴിയിൽ കാലുറച്ചവരുമായ വിശുദ്ധന്മാരെ അയച്ചുകൊണ്ടിരിക്കേണ്ടതും വളരെ അത്യാവശ്യമാകുന്നു. സൃഷ്ടിസമുദ്ധാരണം എന്ന മഹത്തായ ആസൂത്രിതപദ്ധതി കടലാസുകുതിരകളെ ചാടിക്കാനുള്ള ശ്രമ

കയും അസൂയയും മൂത്ത് മൗലവി സാഹിബിന്റെ മുഖത്ത് നിന്ന് പുറത്ത് വന്ന ഈ ആക്ഷേപത്തെ കുറിച്ച് വായനക്കാർ ഒന്ന് ചിന്തിക്കുവിൻ. ഏതാനും ദിവസം ഈ വിനീതൻ ഒരു യാത്രക്കാരനെന്ന നിലയിൽ അലീഗറിൽ തങ്ങിയിരുന്നു എന്നത് വാസ്തവമാണ്. യാത്രക്കാർക്ക് ഇസ്‌ലാം ശരീഅത്ത് പല ഒഴിവുകളും അനുവദിച്ചിട്ടുള്ളതാണ്. സ്ഥിരമായ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നത് നിരീശ്വരത്വപരമായ നിലപാടെന്ന് വിധിച്ചിട്ടുള്ള കാര്യങ്ങളുടെ അനുഷ്ഠാനം എനിക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്താതായിരുന്നു. ആകയാൽ, ചെയ്യേണ്ട രൂപത്തിൽ ഞാൻ അനുഷ്ഠിച്ചിട്ടുണ്ടായിരുന്നു. ഏതാനും ദിവസം ഞാൻ താമസിച്ചപ്പോൾ, ചില അവസരങ്ങളിൽ നിയമാനുസൃതമായി രണ്ട് നമസ്കാരം 'ജംഅ്' ആക്കിയിരുന്നു. ചിലപ്പോൾ ളുഹറിന്റെ അവസാന നേരത്ത് ളുഹറും അസറും ഒന്നിച്ച് നമസ്കരിക്കയുണ്ടായിട്ടുണ്ട്. എന്നാൽ, മുവഹ്ഹിദീങ്ങളായ മഹാന്മാർ ചിലപ്പോൾ വീട്ടിൽവെച്ചും നമസ്കാരം 'ജംഅ്' ആക്കി അനുഷ്ഠിക്കാറുണ്ട്. യാത്രയിലും മറ്റും അല്ലാതിരിക്കെ മുറപ്രകാരം നമസ്കാരം അനുഷ്ഠിച്ച് വരാറുള്ള ഞാൻ ആ ഏതാനും ദിവസം പള്ളികളിൽ ഹാജരാകുന്നതിന് പൂർണമായി നിർബന്ധം കാണിച്ചിട്ടില്ലെന്നത് നിഷേധിക്കാനും എനിക്ക് സാധ്യമല്ല. പക്ഷേ, ആതുരാവസ്ഥയും യാത്രാക്ഷീണവു ഉണ്ടായിട്ടും ഞാൻ പൂർണമായും അവ ഉപേക്ഷിക്കുകയുണ്ടായിട്ടില്ലതന്നെ. മൗലവി സാഹിബ് ഓർക്കുന്നുണ്ടാവും ഞാൻ അദ്ദേഹത്തിന്റെ പിന്നിലും 'ജുംഅ' നമസ്കാരം അനുഷ്ഠിച്ചിട്ടുണ്ടായിരുന്നു. അത് സ്വീകാര്യമായിരിക്കുമോ എന്ന കാര്യത്തിൽ എനിക്കിപ്പോൾ ശങ്ക ജനിച്ചിരിക്കയാണ്. യാത്രയിലായിരിക്കുമ്പോൾ എപ്പോഴും തന്നെ പള്ളികളിൽ ഹാജരാകുന്നതിൽ നിന്ന് ഞാൻ ഒഴിഞ്ഞ് നിൽക്കാറുണ്ടെന്നത് സത്യമാണ്. അതെ, പൂർണമായും സത്യം തന്നെയാണ്. എന്നാൽ, അതിന് കാരണം മടിയോ ദൈവകല്പനയോടുള്ള അനാദരവോ (മആദല്ലാഹ്) ഒരിക്കലും അല്ലതന്നെ. യഥാർഥകാരണം ഇതാണ്; അതായതും ഇക്കാലത്ത് നമ്മുടെ നാട്ടിൽ ബഹുഭൂരിപക്ഷം പള്ളികളുടെയും സ്ഥിതി വളരെ തരംതാണതും പരിതാപകരവുമായി വരികയാണ്. ഈ പള്ളികളിൽ ചെന്ന് നിങ്ങൾ ഇമാമത്ത് നില്ക്കുവാൻ ഉദ്ദേശിച്ചാൽ, ഇമാമത്ത് സ്ഥാനത്തുള്ള വ്യക്തി വളരെ കോപതാപങ്ങൾ പ്രദർശിപ്പിച്ചു തുടങ്ങുന്നതായി കാണാം. അവരെ പിന്തുടർന്നാൽ നമസ്കാരം സ്വീകാര്യമാകുന്ന കാര്യത്തിൽ

മായിരിക്കാവതല്ലെങ്കിൽ പണ്ടുപണ്ടേ അല്ലാഹുവിന്റെ വിശുദ്ധ പ്രവാചകന്മാർ പാടുപെട്ട വഴികളിൽ തന്നെ പണി ചെയ്തേ തീരൂ. ഇസ്‌ലാമാകട്ടെ, രംഗപ്രവേശം ചെയ്തതു മുതൽക്കേ ഈ ഏറ്റവും ഫലപ്രദമായ വഴിയെ മറ്റു മതങ്ങളിലൊന്നും കണ്ടെത്താൻ കഴിയാത്ത നിലയിൽ അത്രയും ശക്തിമത്തായ തരത്തിലും സ്ഥിരതയോടു കൂടിയും നടപ്പാക്കിയിരിക്കയാണ്. ഇത്രയും ജനത്തെ ഒരുമിച്ചുകൂട്ടിയിട്ടുള്ളത് മറ്റെവിടെ കാണാൻ കഴിയും? എണ്ണത്തിലാകട്ടെ പതിനായിരങ്ങൾ കവിഞ്ഞിരുന്നു. പ

---

എനിക്ക് സംശയമുണ്ട്. എന്തെന്നാൽ, അവർ ഇമാമത്തിനെ ഒരു ജീവിതത്തൊഴിലാക്കിയവരാണെന്നത് വളരെ വ്യക്തമായിട്ടുള്ളതാണ്. അവർ അതിനെ അഞ്ചുനേരം പോയി തുറക്കുന്ന ഒരു കച്ചവടപ്പീടികയാക്കിയിരിക്കുകയാണ്. ഈ കച്ചവടപ്പീടികയാണ് അവരുടെയും അവരുടെ കുടുംബക്കാരുടെയും ജീവനോപാധി. ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നതും അവിടെനിന്ന് നീക്കപ്പെടുന്നതും വ്യവഹാരത്തിൽ ചെന്നെത്തുന്നു. മൗലവി സാഹിബുമാരാണെങ്കിൽ ഇമാമത്തിന്റെ ഡിഗ്രി നേടുന്നതിന് അപ്പീലും പുനരപ്പീലുമായി നാടാകെ തെണ്ടുന്നു. ഇത് ഇമാമത്തല്ല. ഇത് ഹറാം തീറ്റയുടെ അപഹാസ്യമായ പ്രകടനമാകുന്നു. താങ്കളും ഇത്തരം ദേഹേച്ഛയുടെ ചളിക്കുണ്ടിൽ മുങ്ങികിടക്കുകയല്ലേ? പിന്നെ, എന്തിന് ആരെങ്കിലും അറിഞ്ഞും കൊണ്ട് തന്നെ തന്റെ ഈമാൻ നഷ്ടപ്പെടുത്തണം? പള്ളികളിൽ മുനാഫിഖുകൾ ഒരുമിച്ച് കൂടുമെന്നുള്ള തിരുനബിയുടെ ഹദീസുകളിൽ അവസാനകാലത്തെ സ്ഥിതികളെകുറിച്ച് വിവരിച്ചിട്ടുള്ള ആ പ്രവചനങ്ങൾ, 'മിഹ്റാബു'കളിൽ എഴുന്നേറ്റ് നിന്ന് വിശുദ്ധ ഖുർആൻ ഓതുകയും മനസ്സിൽ റൊട്ടിയുടെ എണ്ണം കണക്ക് കൂട്ടുകയും ചെയ്യുന്ന ഇതേ മുല്ലാ സാഹിബുമാരെ കുറിച്ചുള്ളതാണ്. ളുഹറും അസറും, മഗ്‌രിബും ഇശായും യാത്രവേളയിൽ 'ജംഅ്' ആക്കുന്നത് എന്ന് മുതൽക്കാണ് വിരോധിക്കപ്പെട്ടതെന്ന് എനിക്കറിയുകയില്ല. നമസ്കാരം താമസിപ്പിക്കുന്നത് 'ഹറാ'മാണെന്ന് 'ഫത്‌വ' ആരാണ് നല്കിയത്? സ്വന്തം സഹോദരന്റെ ശവം തിന്നുന്നത് താങ്കളുടെ പക്കൽ ഹലാലും യാത്രാവസ്ഥയിൽ ളുഹറും അസറും ഒരിടത്തുവച്ച് ഒരുമിച്ച് നമസ്കരിക്കുന്നത് തികച്ചും ഹറാമും! എന്തൊരാശ്ചര്യം!

اتقوا الله ایها الموحدون فان الموت قریب والله یعلم ما تکتمون۔ منه۔

"അല്ലയോ മുവഹ്ഹിദീങ്ങളെ, നിശ്ചയമായും മരണം വളരെ സമീപത്താണ്. നിങ്ങൾ എന്ത് മറച്ച് വെക്കുവാൻ ശ്രമിക്കുന്നുവോ അത് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു."((പരി)

രിപൂർണമായ വിശ്വാസദാർഢ്യത്തോടും വിനയത്തോടും കൂടി സത്യത്തെ പ്രാപിക്കാനും നേർമാർഗം പഠിച്ചറിയാനും വേണ്ടി അവർ നബിമാരുടെ മണ്ഡലത്തിൽ രാപ്പകലെന്നില്ലാതെ കഴിച്ചു കൂട്ടിയിരുന്നു. ഹദ്റത്ത് മൂസാനബി(അ)നും ഒരു ജമാഅത്ത് ലഭിച്ചിട്ടുണ്ടായിരുന്നു എന്നതിൽ സംശയമില്ല. എന്നാൽ അവർ എങ്ങനെ എത്രത്തോളം ധിക്കാരികളും കലാപകാരികളും ആത്മീയസാമീപ്യങ്ങളിൽ നിന്നു ദൂരപ്പെട്ടവരും ഹതഭാഗ്യരും ആയിരുന്നു എന്നു ബൈബിൾ പാരായണം ചെയ്യുന്നവർക്കും യഹൂദന്മാരുടെ ചരിത്രത്തിൽ കണ്ണോടിച്ചിട്ടുള്ളവർക്കും നല്ലവണ്ണം അറിയാവുന്നതാണ്. പക്ഷേ, നബിതിരുമേനിയുടെ ജമാഅത്ത് തങ്ങളുടെ വരിഷ്ഠ പ്രവാചകന്റെ വഴിയിൽ ഇസ്‌ലാമിക സാഹോദര്യത്തിന്റെ പൊരുളിനൊത്ത്, ഒരൊറ്റ ശരീരം പോലെയായിത്തീരുമാറ് അത്രയും ശക്തിമത്തായ ഒരു ഐക്യബന്ധവും ആത്മീയമായ ഏകതാനതയും സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. അവരെല്ലാം തന്നെ നബിതിരുമേനിയുടെ ഛായാ ചിത്രങ്ങളെന്നപോലെ തങ്ങളുടെ ദൈനംദിനപെരുമാറ്റവും ആന്തരമായും ബാഹ്യമായും നുബുവ്വത്തിന്റെ പ്രകാശത്തിൽ രൂപപ്പെടുത്തിയിരുന്നു. നിരർഥകമായ ബിംബാരാധന നടത്തിപ്പോന്നിരുന്നവർ പൂർണ ദൈവാരാധകരായി മാറുകയും എല്ലാ നിമിഷവും ലൗകീകതയിൽ മുങ്ങിത്തുടിച്ചുകൊണ്ടിരുന്നവർ ദൈവമാർഗത്തിൽ തങ്ങളുടെ ജീവരക്തം വെള്ളം പോലെ ഒഴുക്കുവാൻ തയ്യാറാകുമാറ് ദൈവവുമായി പ്രേമബന്ധത്തിൽ കഴിയുന്നവരായി മാറുകയും ചെയ്യുന്നതരത്തിൽ ആന്തരീയപരിവർത്തനത്തിന്റെ കനത്തൊരു ദിവ്യത്ഭുതമാണിത്. ഇത് സത്യസന്ധനായ ഒരു പൂർണ നബിയുടെ സാഹചര്യത്തിൽ ആത്മാർഥമായ നിലയിൽ ജീവിതം നയിച്ചതിന്റെ ഫലമായിട്ട് സിദ്ധിക്കുന്നതാകുന്നു. ഈ അടിസ്ഥാനത്തിലാണ് ഈ വിനീതൻ ഈ സ്ഥാപനത്തിനായി നിയുക്തനായിട്ടുള്ളത്. അടുത്തിരിക്കുന്നവരുടെ നിര ഇപ്രകാരം വളരെ വികസിപ്പിക്കുവാനും ഞാൻ ഇച്ഛിക്കുന്നു. തങ്ങളുടെ സത്യവിശ്വാസവും സ്നേഹവും വിശ്വാസദാർഢ്യവും വർധിപ്പിക്കുന്നതിനായി കാംക്ഷിക്കുന്ന അത്തരം ആളുകൾ രാപ്പ

കലെന്നില്ലാതെ അടുത്തിരിക്കട്ടെ! അങ്ങനെ ഈ വിനീതന്റെ മേൽ വെളിപ്പെടുത്തപ്പെടുന്ന പ്രകാശധാര അവരുടെമേലും വെളിപ്പെടുമാറാകയും ഈ വിനീതന് അനുഗ്രഹിച്ചരുളപ്പെട്ട ആനന്ദാനുഭൂതി അവർക്കും ലഭ്യമാകുകയും അങ്ങനെ ഇസ്‌ലാമിന്റെ പ്രകാശം പൊതുവെ ലോകമാകെ പരക്കുകയും മുസൽമാന്മാരുടെ മുഖത്തു നിന്ന് അവഹേളനത്തിന്റെയും അധോവസ്ഥയുടേയും കറുത്ത പാടുകൾ കഴുകപ്പെടുകയും ചെയ്യുമാറാകട്ടെ! ഇതു സംബന്ധിച്ചു സുവാർത്ത നല്കിക്കൊണ്ടാണ് അല്ലാഹു എന്നെ നിയോഗിച്ചയച്ചിരിക്കുന്നതും ഇപ്രകാരം എന്നോടു പറഞ്ഞിട്ടുള്ളതും:

بخرام کہ وقتِ تو نزدیک رسید و پائے محمدیان بر منار بلند تر محکم افتاد

"ആഹ്ലാദിക്കുക; നിന്റെ സമയം സമീപസ്ഥമായിരിക്കുകയാണ്.
മുസൽമാന്മാരുടെ ചവിട്ടടികൾ ഉത്തുംഗമായ മിനാരത്തിൽ
ഉറപ്പിക്കപ്പെട്ടിരിക്കുന്നു"

ഈ പണിപ്പുരയുടെ നാലാമത്തെ ശാഖ സത്യാന്വേഷികളായിട്ടുള്ളവരോ സത്യദ്വേഷികളായിട്ടുള്ളവരോ എഴുതി അയക്കുന്ന കത്തുകളാകുന്നു. മേൽപറഞ്ഞ കാല പരിധിക്കിടയിലായി തൊണ്ണൂറായിരത്തിലേറെ കത്തുകൾ വന്നിട്ടുണ്ടായിരിക്കണം. നിരർഥകങ്ങളായിട്ടുള്ളവയും അത്യാവശ്യങ്ങളല്ലെന്നു കരുതീട്ടുള്ളവയും ആയവ ഒഴിച്ച് അവയ്ക്കെല്ലാമുള്ള മറുപടികൾ അയച്ചു കഴിഞ്ഞിട്ടുണ്ട്. ഈ സംവിധാനവും വ്യവസ്ഥയും ഇപ്പോഴും തുടർന്നുപോരുന്നു. എല്ലാ ഓരോ മാസവും ഏതാണ്ട് മുന്നൂറ് മുതൽ എഴുന്നൂറ് വരെയും ചിലപ്പോൾ ആയിരവും കത്തുകൾ വന്നും പോയും കൊണ്ടിരിക്കുന്നു.

അല്ലാഹു അവന്റെ പ്രത്യേകമായ വഹ്‌യും ഇൽഹാമും മുഖേന സ്ഥാപിച്ചിട്ടുള്ള ഈ പണിപ്പുരയുടെ അഞ്ചാമത്തെ ശാഖ മുരീദന്മാരുടെയും ബൈഅത്തു ചെയ്തിട്ടുള്ളവരുടേയും പരമ്പരയാകുന്നു. എന്തെന്നാൽ, ഈ പ്രസ്ഥാനം ആരംഭിക്കുമ്പോൾ അവൻ എന്നോടു പറഞ്ഞു, ഭൂമിയിൽ അധർമത്തിന്റെ പ്രളയം വ്യാപിച്ചിരിക്കയാണെന്നും ഈ പ്രളയകാലത്ത് ഒരു കപ്പൽ പണിയിക്കണമെന്നും *"ഈ നൗകയിൽ ആർ കയറി സഞ്ചരിക്കുന്നുവോ*

*അവർ മുങ്ങിപ്പോകാതെ രക്ഷയിലകപ്പെടും; അതിനെ നിഷേധിക്കുന്നവരാരോ അവനെ ഏതു ഭാഗത്തും മരണം അഭിമുഖീകരിക്കും. നിനക്കു കൈ തരുന്നവൻ നിന്റെ കൈയ്യിലല്ല, മറിച്ചു അല്ലാഹുവിന്റെ കൈയ്യിലാണ് കൈവെച്ചിരിക്കുന്നത്".* ആ രക്ഷിതാവായ ദൈവം എനിക്കു സുവിശേഷം ഇറക്കിക്കൊണ്ട് പറഞ്ഞു: 'നാം നിനക്കു മരണം നല്കുകയും എന്നിലേക്ക് നിന്നെ ഉയർത്തുകയും ചെയ്യും. നിന്റെ യഥാർഥ അനുയായികളും സ്നേഹിതരും ഖിയാമത്തുനാൾ വരെ നിലനില്ക്കുകയും നിഷേധികൾക്കു മേൽ അവർക്ക് എല്ലായ്പ്പോഴും വിജയം നല്കുകയും ചെയ്യും.

## ദൈവീക സഹായം ഏകാവലംബം

അല്ലാഹു അവന്റെ കൈകൊണ്ടുതന്നെ സംസ്ഥാപിച്ച അഞ്ചുതരത്തിലുള്ള സംവിധാനമാണിത്. ഒറ്റനോട്ടത്തിൽ കേവലം പ്രസിദ്ധീകരണവിഭാഗം മാത്രമെ ആവശ്യമുള്ളുവെന്നും ബാക്കിയെല്ലാം അത്യാവശ്യമില്ലാത്തതും കാര്യമല്ലാത്തതും ആണെന്നും ഒരാൾക്ക് തോന്നിയേക്കാം. എന്നാൽ അല്ലാഹുവിന്റെ വീക്ഷണത്തിൽ ഇതെല്ലാം ഒരുപോലെ ആവശ്യമായിട്ടുള്ളതാകുന്നു. മാത്രമല്ല, അല്ലാഹു ഉദ്ദേശിച്ചിട്ടുള്ള പരിവർത്തനം ഈ അഞ്ചു വഴികളിൽ കൂടി അല്ലാതെ വെളിപ്പെടാവതല്ലെന്നും വ്യക്തമാകുന്നു. ഈ എല്ലാ ഏർപ്പാടുകളും അല്ലാഹുവിന്റെ പ്രത്യേകമായ സഹായങ്ങളിലും സവിശേഷമായ അനുഗ്രഹങ്ങളിലും അധിഷ്ഠിതമാണെങ്കിലും അതിന്റെ ഫലപൂർത്തിക്ക് അവൻ തന്നെ മതിയായവനും അവന്റെ തന്നെ സുവിശേഷപരമായ വാഗ്ദത്തങ്ങൾ ഇക്കാര്യത്തിൽ സംതൃപ്തിയേകുന്നതും തന്നെയെങ്കിലും അവന്റെ തന്നെ കല്പനയും നിർദേശവും അനുസരിച്ച് അതിന്റെ സഹായത്തിലേക്കു മുസൽമാന്മാരുടെ ശ്രദ്ധയെ ക്ഷണിക്കുകയത്രെ. അല്ലാഹുവിന്റെ കഴിഞ്ഞുപോയ മുഴുവൻ നബിമാരും തങ്ങളുടെ മുമ്പിൽ വിഷമങ്ങൾ വന്നുപെട്ടപ്പോഴെല്ലാം ഇപ്രകാരം തന്നെ ശ്രദ്ധ ക്ഷണിച്ചുപോന്നിട്ടുണ്ട്. തന്നിമിത്തം, ഈ തരത്തിൽ ശ്രദ്ധ ക്ഷണിക്കുവാനുദ്ദേശിച്ചുകൊണ്ടു

തന്നെ ഞാൻ പറയുന്നു, ഈ അഞ്ചു രൂപത്തിലുള്ള ശാഖക ളുടെ പ്രവർത്തനങ്ങൾ ഏറ്റവും നല്ല രീതിയിലും ഏറ്റവും വിപുലമായ വിധത്തിലും നടത്തിക്കൊണ്ടു പോകുന്നതിനു മുസ് ലിംകളുടെ കൂട്ടായ സഹായങ്ങൾ എത്രത്തോളം ആവശ്യമാ ണെന്നത് വളരെ വ്യക്തമാണ്. ഉദാഹരണമായി, ഗ്രന്ഥനിർമ്മി തിയുടെ കാര്യം തന്നെ എടുക്കുക. പൂർണമായ പ്രചാരണത്തിന്റെ ഉദ്ദേശ്യത്തോടെ ഈ സേവനത്തിനു നാം ഉത്തരവാദിത്തമേ ൽക്കുന്ന പക്ഷം അതിന്റെ പൂർത്തീകരണാർഥം സാമ്പത്തികമായ ചില വഴികൾ നാം കണ്ടെത്തേണ്ടിവരികയില്ലേ? യഥാർഥത്തിൽ 'ഇശാഅത്ത്' ആണ് നാം ഉദ്ദേശിക്കുന്നതെങ്കിൽ ഗവേഷണങ്ങളു ടെയും സൂക്ഷ്മജ്ഞാനങ്ങളുടെയും തത്വരത്നങ്ങൾ നിറഞ്ഞു കിടക്കുന്നതും സത്യാന്വേഷികളെ നേർവഴിക്കു നയിക്കുന്നതു മായ എന്റെ മതഗ്രന്ഥങ്ങൾ വളരെ വേഗത്തിലും അതോടൊപ്പം വിപുലമായും, പലതരം ക്ഷുദ്രപ്രാണങ്ങളുടെ സ്വാധീനത്തിൽ നാ ശകരങ്ങളായ രോഗങ്ങൾക്കിരയായി മരണത്തിന്റെ അടുത്തെത്തി നില്ക്കുന്ന ആളുകളുടെ അടുക്കൽ എത്തിച്ചേരുക എന്നതായി രിക്കണം നമ്മുടെ ഉന്നം. ഏതൊരു രാജ്യത്തിന്റെ ഇന്നത്തെ നില അധർമ്മത്തിന്റെ മാരകവിഷം കാരണം അത്യന്തം അപകടത്തിലാ യിരിക്കുന്നുവോ ആ രാജ്യത്ത് അവിളംബം എന്റെ ഗ്രന്ഥങ്ങൾ പ്രചരിക്കുമാറാകണം എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. എല്ലാ ഓരോ സത്യാന്വേഷിയുടെയും കയ്യിൽ ആ ഗ്രന്ഥങ്ങൾ കാണുമാറാകണം.

എന്നാൽ, നമ്മുടെ ഗ്രന്ഥങ്ങൾ വിൽപന അടിസ്ഥാനത്തിൽ തന്നെ എപ്പോഴും പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കണമെന്ന തീരുമാനം മനസ്സിൽ വെച്ചാൽ, ഈ ലക്ഷ്യം പ്രാപിക്കാനുള്ള കർത്തവ്യം ന മുക്കു പൂർണമായും നിർവഹിക്കാൻ സാധ്യമാകുന്നതല്ലെന്നതു പ്രത്യക്ഷമാണ്. കേവലം വിൽപന അടിസ്ഥാനത്തിൽ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയും സ്വാർഥതാല്പര്യങ്ങളാൽ ദീനിനെ ദുനി യാവിനോട് കെട്ടിയിടുകയും ചെയ്യുന്നത് തികച്ചും ഫലശൂന്യ വും ആക്ഷേപാർഹവുമായ മാർഗ്ഗമാകുന്നു. അതിന്റെ വിപത്ത് കാരണം നമുക്കു നമ്മുടെ ഗ്രന്ഥങ്ങൾ വേഗത്തിൽ ജനങ്ങൾക്കിട

യിൽ പ്രചരിപ്പിക്കാൻ സാധ്യമാകയില്ലെന്നു മാത്രമല്ല, വിപുലമായ തരത്തിൽ അവ ജനങ്ങൾക്കിടയിൽ എത്തിക്കുവാൻ ആവുകയുമില്ല. ഉദാഹരണമായി, നാം ഒരു ലക്ഷം പുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്തുകൊണ്ട് 20 ദിവസങ്ങൾക്കകം ദൂരദൂര രാജ്യങ്ങളിൽ എത്തിക്കുവാനും എല്ലാ വിഭാഗങ്ങളിലും എല്ലാ സ്ഥലങ്ങളിലും പ്രചരിപ്പിക്കാനും എല്ലാ ഓരോ സത്യാന്വേഷിക്കും നേർവഴി തിരയുന്നവനും നല്കാനും സാധിക്കുമാറാകുമ്പോൾ ഉദാരമായ ഒരടിസ്ഥാനത്തിലുള്ള ഈ പ്രവർത്തനം വിലവച്ചു നല്കുന്നപക്ഷം ഒരു പക്ഷേ 20 കൊല്ലം കൊണ്ടും നമുക്കു ചെയ്തുതീർക്കാൻ സാധ്യമാകുന്നതല്ല. വിൽപന പ്രതീക്ഷിച്ചു ഗ്രന്ഥങ്ങൾ പെട്ടികളിൽ ബന്താക്കിവച്ചു ആരെങ്കിലും വരുന്നുണ്ടോ അഥവാ ആരെങ്കിലും കത്തയക്കുന്നുണ്ടോ എന്നു നോക്കി ക്രാതാക്കളെയും കാത്ത് കഴിയേണ്ടിവരുന്നതാണ്. ഇപ്രകാരം ഈ ലോകത്ത് നിന്ന് തന്നെ വിടപറയേണ്ടിവന്നുവെന്നും വരാം. പുസ്തകങ്ങളാണെങ്കിൽ പെട്ടികളിൽതന്നെ അടച്ചുപൂട്ടികിടക്കുകയും ചെയ്യും. തന്നിമിത്തം, ഈ വിൽപനയുടെ വൃത്തം വളരെ കുടുസ്സായിട്ടുള്ളതും യഥാർഥ ലക്ഷ്യം സാധിക്കുന്നതിനു തടസ്സമുണ്ടാക്കുന്നതും ഏതാനും കൊല്ലത്തെ പ്രവർത്തനം നൂറ്റാണ്ടുകളോളം നീട്ടിക്കൊണ്ടുപോകാനിടയാക്കുന്നതുമത്രെ. മുസൽമാന്മാരിൽ അത്തരത്തിലുള്ള വിശാലമനസ്കതയും ഉയർന്ന മനക്കരുത്തും ഉള്ള ഒരു അമീറും ഇതുവരെയും ഈ ഭാഗത്ത് മുഖം തിരിക്കുകയോ എന്റെ പുതിയ ഗ്രന്ഥങ്ങളുടെ ധാരാളം കോപ്പികൾ വിലക്കെടുത്തു അല്ലാഹുവിനുവേണ്ടി ജനങ്ങളിൽ വിതരണം ചെയ്യുന്നതിന് മുന്നോട്ടു വരികയോ ചെയ്തിട്ടില്ല. ഈ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനു ഇസ്‌ലാമിൽ കൃസ്തീയ മിഷ്യനെപോലുള്ള സൊസൈറ്റികളും പ്രവർത്തിച്ചുവരുന്നില്ല.*

* ബ്രിട്ടിഷ് ഫോറിൻ ബൈബിൾസൊസൈറ്റി ഇതുപത്തിയൊന്ന് വർഷമായി അഥവാ അതിന്റെ പ്രാരംഭകാലംതൊട്ടേ ഏഴുകോടിയേക്കാൾ അല്പം കൂടുതലായി ക്രിസ്തു മതത്തിന് ഉപോൽബലകമായ ഗ്രന്ഥങ്ങൾ ലോകത്തെമ്പാടുമായി പ്രചരിപ്പിച്ചിട്ടുണ്ടെന്ന് വിവരിക്കപ്പെടുന്നു. 1890 ഒക്ടോബറിലും നവമ്പറിലുമായി ഇതു സംബന്ധമായി പ്രസിദ്ധമായ പത്രകുറിപ്പുകളെ ഇ

ഇതൊക്കെയും പൂർത്തീകരിച്ചു കാണുന്നതിന് ദീർഘകാലം ജീവിച്ചിരിക്കുമെന്ന ആശയിൽ ഏറെനാൾ കാത്തിരിക്കാമെന്നു വച്ചാൽ വയസ്സിന്റെ കാര്യത്തിൽ ആശ്രയം കൊള്ളാനും സാധ്യമല്ലല്ലോ. തന്നിമിത്തം ഞാൻ എന്റെ പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ തുടക്കത്തിൽതന്നെ പുസ്തകങ്ങളുടെ വലിയൊരുഭാഗം കഴിയുന്നിടത്തോളം നിർബന്ധമായും സൗജന്യമായിത്തന്നെ നല്കാൻ തീരുമാനമെടുത്തിരിക്കുകയാണ്. സത്യത്തിന്റെ പ്രകാശം നിറഞ്ഞ ഈ ഗ്രന്ഥങ്ങൾ വളരെവേഗം ലോകം മുഴുവനും പ്രചരിക്കുമാറാകാൻ തന്നെ. എന്നാൽ ഈ മഹായത്നത്തിന്റെ ഭാരം ഒറ്റയ്ക്ക് ഏറ്റെടുക്കാൻ കഴിയുമാറുള്ളതല്ല എന്റെ ജീവിതവിധി. മറ്റു ശാഖകളുടെ വമ്പിച്ച പ്രവർത്തനങ്ങളും ഇതിനോടു ബന്ധപ്പെട്ടതായിരുന്നതിനാൽ ഗ്രന്ഥപ്രസിദ്ധീകരണത്തിന്റെ ഈ പ്രവൃത്തി ഒരതിരോളം നടന്നെങ്കിലും നിന്നുപോയി. അത് ഇപ്പോഴും നിന്നുപോയ നിലയിൽതന്നെയാണ്.★

## എന്റെ ദൃഷ്ടികൾ മേലോകത്തേക്ക്

അല്ലാഹു ഈ സംരംഭങ്ങളുടെ എല്ലാ ശാഖകളെയും തുല്യദൃഷ്ടിയിൽ തന്നെയാണ് ദർശിക്കുന്നത്. സമദൃഷ്ടിയോടെ ഇവയെല്ലാത്തിന്റെയും പൂർത്തീകരണവും ഇവയെല്ലാത്തിന്റെയും നിലനില്പും അവൻ ഇച്ഛരിക്കുകയും ചെയ്യുന്നു. എന്നാൽ, ഈ പഞ്ചശാഖകളും പ്രവർത്തനം തുടർന്നുപോകുന്നതിന്

ന്നത്തെ സമ്പന്നരും എന്നാൽ അനാസ്ഥരുമായ മുസ്‌ലിങ്ങൾ ഗൗരവപൂർവവും ലജ്ജാസമേതവും വീക്ഷിക്കേണ്ടതുണ്ട്. ഈ ഗ്രന്ഥങ്ങൾ വിലപ്നക്കാർ മുഖാന്തരമാണോ പ്രചരിച്ചിട്ടുള്ളത്? അതോ ഒരു സമുദായത്തിലെ സന്നദ്ധ സംഘടന തങ്ങളുടെ മതസേവന താല്പര്യാർഥം സൗജന്യമായി വിതരണംചെയ്തതാണോ?

★ തന്റെ പ്രവർത്തനത്തിന്റെ ഭാവി എന്തായിരിക്കുമെന്ന് നിശ്ചയമില്ലാത്ത നിസ്സഹായ സാഹചര്യത്തിൽ ഗ്രന്ഥകർത്താവ് ഗ്രന്ഥനിർമ്മിതി നിന്നു പോയതായി പ്രസ്താവിച്ചെങ്കിലും ദൈവീകമായ ഈ പരിപാടി നിലച്ചു പോയില്ലെന്നതാണ് യാഥാർഥ്യം. എന്തെന്നാൽ, ആ മഹാത്മാവ് ഇതിനു ശേഷമാണ് തന്റെ മഹത്തായ പല മഹാഗ്രന്ഥങ്ങളും രചിച്ചു പൂർത്തിയാക്കിയത്. എൺപതോളം ഗ്രന്ഥങ്ങളുടെ കർത്താവാണ് ആ ദിവ്യാത്മാവ് എന്ന് ഓർക്കേണ്ടതുണ്ട്.

– വിവർത്തകൻ

ആത്മാർഥതയുള്ളവരുടെ സവിശേഷ ശ്രദ്ധയും അനുഭാവവും ആവശ്യമാണ്. ഈ ദീനിയായ ഏർപാടുകളുടെ വിശദമായ യാഥാർഥ്യങ്ങൾ ഞാൻ എഴുതുകയാണെങ്കിൽ വളരെ നീണ്ടുപോകും. എന്നാൽ അല്ലയോ സഹോദരങ്ങളെ, നിങ്ങൾ മാതൃകയെന്ന നിലയിൽ ഈ പോക്കുവരവുകാരുടെ –അതിഥികളുടെ– പരമ്പര തന്നെ നോക്കുവിൻ. കഴിഞ്ഞ ഏഴു കൊല്ലത്തിനിടയിൽ ഇതുവരെയും അറുപതിനായിരത്തോളം അഥവാ അതിലും അല്പം കൂടുതൽ അതിഥികൾ ഇവിടെ വന്നിട്ടുണ്ട്. ഈ പ്രിയരായ അതിഥികളുടെ സേവനത്തിനും വിരുന്നിനും അവരുടെ ശീതോഷ്ണകാലഭേദങ്ങളിലെ സുഖസൗകര്യങ്ങൾ നിവർത്തിപ്പിക്കുന്നതിനും എന്തൊക്കെ ഏർപ്പാടുകൾ വേണ്ടി വന്നിരിക്കുമെന്നുള്ള കാര്യം നിങ്ങൾക്കുതന്നെ ആലോചിച്ചുനോക്കാവുന്നതാണല്ലോ. ഇത്രയും ഏറിയ ആളുകൾക്ക് നല്കുന്ന മുഴുവൻ ഉത്തരവാദിത്വവും അതാതവസരങ്ങളിൽ എങ്ങനെ നിർവഹിച്ചു എന്നും മേലിൽ ഇത്തരത്തിലുള്ള വമ്പിച്ച പ്രവൃത്തി ഏതടിസ്ഥാനത്തിൽ തുടർന്നു പോകുമെന്നും ഓർത്തു ദീർഘദൃഷ്ടിയുള്ള ഒരാൾ അന്ധാളിച്ചുപോവുകതന്നെ ചെയ്യും. ഇപ്രകാരം തന്നെ ഇരുപതിനായിരം നോട്ടീസുകൾ ഇംഗ്ലീഷിലും ഉർദുവിലും അച്ചടിച്ചു തയ്യാറാക്കുകയും പന്ത്രണ്ടായിരത്തിലേറെ നോട്ടീസുകൾ എതിരാളികളായ നേതാക്കന്മാരുടെ പേരിൽ രജിസ്ടർ ചെയ്ത് അയക്കുകയുമുണ്ടായി. ഇന്ത്യാ രാജ്യത്ത് ഇപ്രകാരം രജിസ്ടർ ചെയ്ത ലഘുലേഖകൾ അയച്ചു കൊടുത്തിട്ടില്ലാത്ത ഒരൊറ്റ പാതിരി മുഖ്യനും ഇല്ല. മാത്രമല്ല യൂറോപ്പിലും അമേരിക്കയിലും വിവിധ രാജ്യങ്ങളിലും ഈ ലഘുലേഖകൾ റജിസ്ട്രാക്കി അയച്ചു കൊണ്ടു ന്യായപൂർത്തി വരുത്തുകയുമുണ്ടായി. ഈ ചിലവുകളെക്കുറിച്ചെല്ലാം ചിന്തിക്കുമ്പോൾ ഈ വൻ സാമ്പത്തിക ബാധ്യതകളോടുകൂടി ഈ ഏർപാടുകളെല്ലാം എങ്ങനെ നിർവഹിക്കപ്പെടുമെന്ന കാര്യത്തിൽ അദ്ഭുതപ്പെടേണ്ടതില്ലേ? എത്ര വലിയ ചെലവിന്റെ പ്രശ്നമാണിത്. ഓരോ മാസവും കത്തുകൾ അയക്കുന്നതിനു മാത്രം വഹിക്കേണ്ടിവരുന്ന ചെലവ് നോക്കിയാൽ തന്നെ ഇതു മനസ്സിലാക്കാം. ഇതു തുടർന്നുകൊണ്ടുപോകുന്നതിനുതന്നെ

സഹായത്തിന്റെ വഴിയൊന്നും കാണുന്നില്ല. പ്രസ്ഥാനത്തിൽ ബൈഅത്ത് ചെയ്തു ചേർന്നുകൊണ്ടു സത്യം ഗ്രഹിക്കുന്നതിനു വേണ്ടി *'അസ്ഹാബുസ്സുഫ്ഫ'*യെ പോലെ എന്റെ സമീപത്തു തന്നെ കഴിഞ്ഞുകൂടാൻ ആഗ്രഹിക്കുന്നവരുടെ ചിലവിന്റെ കാര്യത്തിലും മേലോകത്തിലേക്കാണ് എന്റെ നോട്ടം. ഈ ശാഖാപഞ്ചകം നിലനില്ക്കേണ്ട മാർഗം ആ സർവശക്തൻ തന്നെ ഒരുക്കുമെന്നും അവന്റെ പ്രത്യേകമായ ഉദ്ദേശ്യവും ഇച്ഛയുമാണ് ഈ പ്രവർത്തന സംവിധാനത്തിന്റെ അടിസ്ഥാനമെന്നും ഞാൻ വിശ്വസിക്കുന്നു. പക്ഷേ, തബ്‌ലീഗിന്റെ വീക്ഷണത്തിൽ, സമുദായത്തെ ഇക്കാര്യത്തിൽ ഉദ്ബുദ്ധമാക്കേണ്ടത് ആവശ്യമാകുന്നു. 'ബറാഹീൻ അഹ്മദിയ്യാ'യുടെ വിലയും മറ്റു പ്രകാരത്തിലുള്ള വരിപ്പണവും മറ്റും എല്ലാം കൂടി 3000 രൂപയോളം ജനങ്ങളിൽ നിന്നും വസൂലാക്കിയിട്ടുണ്ടെന്നും ഇതുവരെ പുസ്തകം പൂർണരൂപത്തിൽ പ്രസിദ്ധീകരിച്ചില്ല എന്നും വിവരംകെട്ട ചിലർ എന്റെ പേരിൽ ആരോപണം ഉന്നയിച്ചതായി ഞാൻ കേട്ടു. അവർക്കു മറുപടിയായി ഞാൻ വെളിപ്പെടുത്തിക്കൊള്ളുന്നു: ജനങ്ങളിൽ നിന്നും വസൂലാക്കിയിട്ടുള്ള പണം മൂവ്വായിരം മാത്രമല്ല; അതിനു പുറമെ വേറെയും പണം കിട്ടിയിട്ടുണ്ട്. ഏതാണ്ടു പതിനായിരം ഉറുപ്പികയോളം വന്നിരിക്കും. അതു പുസ്തകത്തിനുള്ള വരിപ്പണമായിരുന്നില്ല. പുസ്തകത്തിന്റെ വിലയായി നല്കിയിട്ടുള്ളതുമായിരുന്നില്ല. മറിച്ച്, 'ദുആ'ക്ക് അപേക്ഷിച്ചുകൊണ്ട് 'കാണിക്ക'യായി തന്നിട്ടുള്ളതാണത്. ചിലരാകട്ടെ, സ്നേഹാദരത്തിന്റെ പ്രകടനമെന്നനിലയിൽ എനിക്കു സഹായം നല്കുകയാണ് ചെയ്തിട്ടുള്ളത്. ഇതെല്ലാം തന്നെ ഈ പണിപ്പുരയുടെ പ്രവർത്തന ശാഖയുടെ പരിശുദ്ധമായ ആവശ്യങ്ങൾക്കുവേണ്ടി അതാതവസരത്തിൽ ചിലവഴിച്ചുപോരുന്നു. ഗ്രന്ഥപ്രസിദ്ധീകരണം ദൈവനിശ്ചയത്താൽ പുറകോട്ടു മാറ്റിവെച്ചിരിക്കുകയായിരുന്നു. ഇതിനായി ദൈവകല്പനപ്രകാരം തന്നെ സ്ഥാപിച്ചു നടത്തിവരുന്ന മറ്റു ശാഖാപ്രവർത്തനങ്ങളിൽ നിന്നു ഒന്നും മിച്ചമാക്കാൻ കഴിഞ്ഞില്ല. ഈ ഇടവേളയിൽ ഗ്രന്ഥകർത്താവിന് ചില രഹസ്യജ്ഞാനങ്ങളും സത്യ തത്വങ്ങളും പൂർണനിലയിൽ വെളിപ്പെടുമാറാകണമെന്നതു

മാകാം ഗ്രന്ഥനിർമാണപ്രവർത്തനം വൈകിപ്പോയതിനുള്ള കാരണം. അതിനിടയിൽ ശത്രുക്കളുടെ എല്ലാ രോഷവും പുറത്തു വരുമാറാകാനും തന്നെ. ഗ്രന്ഥത്തിന്റെ ബാക്കി ഭാഗങ്ങളും പ്രസിദ്ധീകരിക്കപ്പെടണമെന്നതാണ് ദൈവേച്ഛയെങ്കിൽ അഥവാ, ഈ വിഷയം എഴുതുന്നതിലേക്ക് അല്ലാഹു എന്റെ ശ്രദ്ധയെ തിരിക്കുകയാണെങ്കിൽ, അപ്പോൾ അതിന്റെ പ്രസിദ്ധീകരണം പൂർത്തിയാക്കേണ്ടത് അത്യാവശ്യമായിവരും. എന്നാലും ബറാഹീന്റെ വലിയൊരു ഭാഗം പ്രസിദ്ധീകരണത്തിന് അർഹമായിട്ടുള്ളതാകുന്നു. അത് അച്ചടിച്ചു പൂർത്തിയായാൽ ക്രേതാക്കൾക്കും ആദ്യ ഗഡുക്കൾ നല്കിയിട്ടുള്ളവർക്കും മേലിൽ നല്കുമെന്ന് വാഗ്ദത്തം ചെയ്തിട്ടുള്ളവർക്കുമെല്ലാം അവയെത്തിച്ചു കൊടുക്കാൻ കഴിയും. അപ്രകാരം തന്നെ 'അശിയ്യത്തുൽ ഖുർആൻ' 'സിറാജുമ്മുനീർ' 'തജ്ദീദെ ദീൻ' 'അർബയീൻ ഫീ അലാമാത്തുൽ മുഖർറബീൻ' തുടങ്ങിയ മറ്റു പുസ്തകങ്ങളും പ്രസിദ്ധപ്പെടുത്തേണ്ടിയിരിക്കുന്നു. വിശുദ്ധ ഖുർആന്റെ ഒരു തഫ്സീർ എഴുതണമെന്ന ആലോചനയുമുണ്ട്. കൃസ്തുമതം തുടങ്ങിയ പൊള്ള മതങ്ങളുടെ ഖണ്ഡനമായും അവരുടെ പത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ആക്ഷേപങ്ങൾക്കു മറുപടിയായും ഒരു മാസിക പുറപ്പെടുവിക്കാനും ആഗ്രഹിക്കുന്നു. ഈ എല്ലാ പ്രവൃത്തികളും തുടർച്ചയായി നടത്തിക്കൊണ്ടുപോകുന്ന കാര്യത്തിൽ മുതലിറക്കിന്റെയും ധനപരമായ സഹായമാർഗങ്ങളുടെയും തടസ്സമല്ലാതെ മറ്റൊരു തടസ്സവും എന്റെ മുമ്പിലില്ല. സ്വന്തമായ ഒരു പ്രസിദ്ധീകരണാലയമുണ്ടെങ്കിൽ, അതായതു കടലാസിനും അച്ചടിക്കും മറ്റുമുള്ള ചിലവുകളും എഴുത്തുകാരനു മാസപ്പടി നല്കാനുള്ള തുകയും അപ്പപ്പോൾ കിട്ടിക്കൊണ്ടിരിക്കുകയാണെങ്കിൽ മേൽപറഞ്ഞ അഞ്ചു ശാഖകളിൽ ഒരു ശാഖയുടെ പ്രവർത്തനം പൂർണനിലയിൽ പ്രത്യക്ഷപ്പെടുന്നതിനുള്ള ഏർപാടുകൾ ആവും.

**അല്ലയോ ഇന്ത്യാ രാജ്യമേ, നിന്നിൽ പ്രഭാവശാലിയായ ഒരൊറ്റ അമീറെങ്കിലും ഇല്ലാതെ പോയോ! മറ്റൊന്നുമില്ലെങ്കിൽ ഈ ഒരൊറ്റ ശാഖയുടെ ചിലവ് ഏറ്റെടുക്കാൻ കഴിയുന്ന ആളായി ആരും ഇല്ലന്നോ?**

കഴിവുറ്റ അഞ്ചു മുഅ്മിനുകൾ ഈ കാലഘട്ടത്തെ തിരിച്ചറിഞ്ഞെങ്കിൽ ഈ അഞ്ചു ശാഖകളുടെയും ഉത്തരവാദിത്വം ഓരോരുത്തർക്കുമായി ഏറ്റെടുക്കാൻ കഴിയുമായിരുന്നു! അല്ലയോ സർവ്വാധിനാഥനായ അല്ലാഹുവേ, നീ തന്നെ ഈ ഹൃദയങ്ങളെ ജാഗരിപ്പിച്ചാലും! ഇസ്ലാമിൽ അത്തരം മരവിപ്പ് ഇതുവരെയും വന്നുപോയിട്ടില്ല. പിശുക്ക് ആണുള്ളത്. കൃപണത്വം ഉണ്ടായിട്ടില്ല!

കഴിവില്ലാത്തവർക്കും ഈ പ്രവർത്തനസംവിധാനത്തിനു സഹായമർപ്പിക്കാൻ കഴിയും. തങ്ങളുടെ കഴിവിനൊത്ത് സഹായരൂപത്തിൽ മനക്കരുത്തോടുകൂടി മാസംതോറും എന്തെങ്കിലും കാണിക്കയെന്നോണം അവർക്ക് നല്കാവുന്നതാണ്. മടിയും പിശുക്കും ദുർഭാവനയും ദീനിനു പ്രയോജനകരമായിട്ടുള്ളതല്ല. ശൂന്യമാക്കിക്കളയുന്ന ഭവനങ്ങളുടെയും ഭിന്നിപ്പ് സൃഷ്ടിക്കുന്ന ഹൃദയങ്ങളുടെയും സ്വഭാവമാണ് ദുർഭാവന. നോക്കൂ, അമ്പിയാക്കന്മാരുടെ കാലത്തെ പ്രാപിച്ചവർ ദീനിനെ 'ഇശാഅ'ത്തിനു വേണ്ടി എന്തെല്ലാം ത്യാഗങ്ങളാണ് വരിച്ചത്. ധനവാനായ ഒരാൾ ദീനിന്റെ വഴിയിൽ തനിക്ക് പ്രിയപ്പെട്ട ധനം ഹാജറാക്കിയപ്പോൾ ഫഖീർ ആയ ആളും തന്റെ 'നൊട്ടും നുറുങ്ങും' സംഭരിച്ച പിച്ചച്ചട്ടിയും സമർപ്പിച്ചു. അല്ലാഹുവിന്റെ ഭാഗത്തിനിന്നുള്ള വിജയനാൾ വന്നെത്തുന്നതുവരെ ഈ ധനപരമായ ത്യാഗം തുടർന്നുപോന്നു. മുസൽമാൻ ആവുക എന്നതു എളുപ്പമുള്ള കാര്യമല്ല. 'മുഅ്മിൻ' അഥവാ സത്യവിശ്വാസി എന്ന നാമം സമ്പാദിക്കുക അനായാസമല്ല. ആകയാൽ അല്ലയോ ജനങ്ങളെ, മുഅ്മിനീങ്ങൾക്ക് നല്കപ്പെടുന്ന ആ സന്മാർഗത്തിന്റെ ആത്മാവ് നിങ്ങളിൽ കുടികൊള്ളുന്നു എങ്കിൽ ഇതാ എന്റെ ഈ ക്ഷണത്തെ നിങ്ങൾ അശ്രദ്ധമായ ദൃഷ്ടികളോടെ നോക്കരുതേ! നന്മ നേടാനായി നിങ്ങൾ എരിപൊരി കൊള്ളുവിൻ. ഈ സന്ദേശം കേട്ടിട്ട് നിങ്ങൾ എങ്ങനെ പ്രതികരിച്ചു എന്ന് അല്ലാഹു മേലോകത്തു നിന്നു നിങ്ങളെ നോക്കിപാർക്കുന്നു എന്നുള്ള ചിന്ത നിങ്ങൾക്കുണ്ടായിരിക്കേണ്ടതാണ്.

അല്ലയോ മുസ്ലിംകളെ, പ്രഭാവശാലികളായ സത്യവിശ്വാസികളു

ടെ അടയാളമായി അവശേഷിച്ചിട്ടുള്ളവരും സദ്‌വൃത്തന്മാരുടെ സന്തതികളുമായുള്ളവരേ, നിഷേധത്തിന്റെയും ദുർഭാവനയുടെയും വശത്തേക്കു നിങ്ങൾ തിടുക്കം കൂട്ടല്ലാ! നിങ്ങൾക്കു ചുറ്റും പരന്നുകൊണ്ടിരിക്കുന്ന ഭയാനകമായ പകർച്ചവ്യാധിയെ ഭയപ്പെടുവിൻ! എണ്ണമറ്റ ജനങ്ങൾ അതിന്റെ ചതിക്കുടുക്കിൽ പെട്ടുപോയിരിക്കുന്നു! ഇസ്‌ലാം ദീനിനെ നശിപ്പിക്കുവാൻ എത്ര ശക്തിമത്തായ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നു നിങ്ങളറിയുമോ? ഈ രംഗത്ത് പ്രയത്നിക്കുന്ന നിങ്ങൾക്കും ഒരു ബാധ്യതയില്ലേ? മനുഷ്യ പ്രയത്നങ്ങൾകൊണ്ടു തകർന്നുപോകാൻ ഇസ്‌ലാം മനുഷ്യനിൽ നിന്നുള്ള ഒരു ദീൻ അല്ലെന്നതു നേരുതന്നെ. അതിനെ തുടച്ചു നീക്കാൻ പരിശ്രമിക്കുന്നവർക്ക് ഹാ, കഷ്ടം! എന്നാൽ, തങ്ങളുടെ ഭാര്യമാർക്കും കുട്ടികൾക്കും തങ്ങൾക്ക് തന്നെയും സുഖിച്ച് കഴിയാൻ വേണ്ടുവോളം ചിലവാക്കുമെങ്കിലും ഇസ്‌ലാമിനുവേണ്ടി ചിലവഴിക്കാൻ തയ്യാറില്ലാതെ കീശ കാലിയാക്കിയിട്ടുള്ളവർക്കോ മഹാ കഷ്ടം! ആലസ്യത്തിലാണ്ടവരേ, നിങ്ങളെത്ര നിർഭാഗ്യവാന്മാർ! ഇസ്‌ലാമിന്റെ മഹത്വവും ദീനിന്റെ പ്രകാശവും പ്രദർശിപ്പിക്കാനുള്ള ശക്തിയോ നിങ്ങൾക്കില്ല. എന്നാൽ, ഇസ്‌ലാമിന്റെ പ്രഭയെ വെളിപ്പെടുത്താനായി വന്നെത്തിയ ദൈവദത്തമായ ഈ പ്രവർത്തന സംവിധാനത്തെ കൃതജ്ഞതാപൂർവം നോക്കിക്കാണാനും നിങ്ങൾക്ക് സാധ്യമല്ലേന്നോ? ഒരു പെട്ടിക്കകത്ത് അടച്ചു പൂട്ടിയ ഒരു ദീപം കണക്കെയാണ് ഇന്ന് ഇസ്‌ലാം നിലകൊള്ളുന്നത്. അഥവാ ചപ്പുചവറുകൾകൊണ്ട് മൂടിക്കിടക്കുന്ന തെളിനീരുറവ പോലെ. ഇക്കാരണത്താൽ തന്നെയാണ് ഇസ്‌ലാം അധഃപതിച്ച അവസ്ഥയിലായിത്തീർന്നതും. അതിന്റെ സുന്ദരവദനം കാൺമാനാകുന്നില്ല. അതിന്റെ ഹൃദയഹാരിയായ ആകാരം ദൃശ്യമായി ഭവിക്കുന്നില്ല. അതിന്റെ ഓമനരൂപം വെളിപ്പെടുത്താനായി ജീവൻ കളഞ്ഞും പരിശ്രമിക്കേണ്ടതു മുസ്‌ലിംകളുടെ ധർമ്മമായിരുന്നു. മുതലെന്ത്, ചോര നീരാക്കി ഒഴുക്കുമായിരുന്നു. എന്നാൽ അവരങ്ങനെ ചെയ്തില്ല. അവർ തങ്ങളുടെ അങ്ങേയറ്റത്തെ അവിവേകം കൊണ്ട് പഴയ കിത്താബുകൾ മതിയെന്ന തെറ്റിൽ കുരുങ്ങിയിക്കുകയാണ്.

പുത്തൻ രീതികളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന വിപത്തുകളുടെ പ്രതിരോധവും ആധുനിക രീതികളിൽതന്നെ ആയിരിക്കേണ്ടതാണ്. എല്ലാ കാലഘട്ടങ്ങളിലും, നബിയും റസൂലും മുസ്ലിഹും വന്നുകൊണ്ടിരുന്ന ഓരോ കാലഘട്ടത്തിലും അന്ധകാരം പരന്ന നാളുകളിലും പൂർവീക ഗ്രന്ഥങ്ങൾ നിലവിലുണ്ടായിരുന്നല്ലോ! അതുകൊണ്ട് സഹോദരന്മാരെ, അന്ധകാരം വ്യാപിക്കുന്ന കാലങ്ങളിൽ ആകാശത്ത് നിന്നു വെളിച്ചം ഇറങ്ങേണ്ടത് ആവശ്യമാകുന്നു. 'സൂറത്തുൽ ഖദ്റി'ൽ അല്ലാഹു വിവരിച്ചിട്ടുള്ളതെന്തെന്നു ഞാൻ മുകളിൽ പ്രതിപാദിച്ചുവല്ലോ. അവന്റെ വെളിപാടും അവന്റെ നബിയും 'ലൈലത്തുൽ ഖദ്റി'ലാണ് ആകാശത്ത് നിന്ന് ഇറക്കപ്പെട്ടിട്ടുള്ളത്. അല്ലാഹുവിൽ നിന്ന് വരുന്ന എല്ലാ ഓരോ മുസ്ലിഹും മുജദ്ദിദും ലൈലത്തുൽ ഖദ്റിലാണ് ഇറങ്ങുന്നത്.

## ലൈലത്തുൽ ഖദ്ർ

*'ലൈലത്തുൽ ഖദ്ർ'* എന്നാൽ എന്തെന്ന് നിങ്ങൾക്കറിയുമോ? അന്ധകാരം അതിന്റെ പൂർണതയിൽ പരമസീമയിൽ എത്തിച്ചേരുന്ന ഇരുളടഞ്ഞ കാലഘട്ടത്തിനാണ് *'ലൈലത്തുൽ ഖദ്ർ'* എന്ന് പറയുന്നത്. തന്നിമിത്തം, ആ കാലത്ത് സ്വാഭാവികമായും അന്ധകാരത്തെ നീക്കുന്ന ഒരു പ്രകാശം അവതരിക്കണമെന്ന് അതാവശ്യപ്പെടുന്നു. ഈ കാലത്തിനാണ് ആലങ്കാരികമായി *'ലൈലത്തുൽ ഖദ്ർ'* എന്ന് പേരിട്ടിട്ടുള്ളത്. യഥാർഥത്തിൽ ഇത് രാവല്ല ഒരു കാലഘട്ടമാകുന്നു. അന്ധകാരം നിമിത്തം അതു രാവിന്റെ നിറമാർന്നു. നബിയുടെ അഥവാ നബിയുടെ ആത്മീയ പിന്തുടർച്ചക്കാരന്റെ ചരമത്തിന് ശേഷം ആയിരം മാസം അതായത് ഒരു പുരുഷായുസ്സ് അവസാനിക്കാനടുക്കുന്ന മനുഷ്യന്റെ ഇന്ദ്രിയശക്തികൾ അവനിൽ നിന്ന് വിടപറഞ്ഞു തുടങ്ങുന്ന സമയം കഴിയുമ്പോൾ ഈ രാത്രി അതിന്റെ നിറം ഒരുമിച്ചുകൂട്ടാൻ തുടങ്ങുന്നു. അപ്പോൾ സ്വർഗീയമായ പ്രവർത്തനങ്ങളാൽ ഒളിഞ്ഞ നിലയിൽ ഒന്നോ അധികമോ മുസ്ലിഹീങ്ങളുടെ വിത്തിടപ്പെടുന്നു. അതു പുതിയ നൂറ്റാണ്ടിന്റെ തലക്കൽ വെളിപ്പെടുന്നതിനുവേണ്ടി ഉള്ളിൽ നിന്നും തന്നെ തയ്യാറെടുത്ത് തുടങ്ങുന്നു. ഇതിലേക്കാണ്

പ്രതാപവാനായ അല്ലാഹു لَيۡلَةُ ٱلۡقَدۡرِ خَيۡرٞ مِّنۡ أَلۡفِ شَهۡرٖ എന്ന സൂചന നല്കുന്നത്. അതായത് *'ലൈലത്തുൽ ഖദ്റ്'*ന്റെ പ്രകാശത്തെ കാണുന്ന കാലഘട്ടത്തിന്റെ പരിഷ്കർത്താവിന്റെ സാമീപ്യസമ്പർക്കം നേടുന്ന ആൾ ആ ദീപ്തിമത്തായ കാലഘട്ടത്തെ പ്രാപിച്ചിട്ടില്ലാത്ത ഒരു എൺപതുകാരൻ വൃദ്ധനേക്കാളും ശ്രേഷ്ഠനാകുന്നു. ആ കാലഘട്ടത്തിന്റെ ഒരു 'സാഅത്ത്' അഥവാ ഒരു നിമിഷമെങ്കിലും പ്രാപിച്ചിട്ടുണ്ടെങ്കിൽ ആ ഒരു നിമിഷം കഴിഞ്ഞുപോയ ആയിരം മാസങ്ങളേക്കാൾ –ഒരു പുരുഷായുസ്സിനേക്കാൾ– ശ്രേഷ്ഠതരമാകുന്നു. എന്തുകൊണ്ട് ശ്രേഷ്ഠം? ആ *'ലൈലത്തുൽ ഖദ്ർ'* ൽ അല്ലാഹുവിന്റെ മലക്കുകളും *'റൂഹുൽ ഖുദ്സും'* ആ മുസ്‌ലിഹിന്റെ, പരിഷ്കർത്താവിന്റെ കൂടെ പ്രതാപവാനായ രക്ഷിതാവിന്റെ ഇച് ഛയ്ക്കൊത്ത് ആകാശത്തു നിന്ന് ഇറങ്ങുന്നു എന്നതുകൊണ്ട് തന്നെ! വെറുതെയല്ല, എണ്ണമറ്റ ഹൃദയങ്ങളിൽ ഇറങ്ങുന്നതിനും രക്ഷയുടെ വഴികൾ തുറക്കുന്നതിനും തന്നെ. അങ്ങനെ, അവർ എല്ലാ വഴികളും തുറന്നിടുന്നതിലും എല്ലാ തിരശ്ശീലകളും ഉയർത്തുന്നതിലും വ്യാപൃതരാകുന്നു. എത്രത്തോളമെന്നാൽ, ആലസ്യത്തിന്റെ ഇരുട്ട് അകന്നു പോയിട്ടു ഹൃദയത്തിന്റെ പുലരി ഉദിക്കുമാറാകുന്നു.

അല്ലയോ മുസ്‌ലിംകളെ, നിങ്ങൾ ഈ ആയത്തുകൾ ശ്രദ്ധാപൂർവം ഓതുവിൻ! ഈ കാലഘട്ടത്തിന്റെ പ്രാധാന്യം അതിൽ എപ്രകാരമാണ് വർണിച്ചിട്ടുള്ളതെന്ന് ചിന്തിക്കുവിൻ! ആവശ്യമുള്ള കാലത്ത് ഏതാകിലുമൊരു പരിഷ്കർത്താവിനെ അയക്കുന്നു എന്ന കാര്യം അതിൽ സൂചിപ്പിച്ചിരിക്കുന്നു. നിങ്ങൾ അത്തരം ഒരു കാലഘട്ടത്തിന്റെ ഗൗരവം മനസ്സിലാക്കുന്നില്ലേ? അല്ലാഹുവിന്റെ കല്പനകളെ നിങ്ങൾ നിന്ദാദൃഷ്ടികളോടെ നോക്കുകയാണോ?

## ഞാൻ സന്ദേശം എത്തിച്ചു തരുന്നു

ആകയാൽ, ഇസ്‌ലാമിന്റെ ചൈതന്യം ഉൾക്കൊള്ളുന്ന ജനങ്ങളേ! നോക്കൂ, ഞാൻ ഈ സന്ദേശം നിങ്ങൾക്ക് എത്തിച്ചു തരുന്നു. അല്ലാഹുവിൽ നിന്നുള്ള ഈ പരിഷ്കരണ പ്രസ്ഥാനത്തെ നിങ്ങൾ പൂർണഹൃദയത്തോടും പൂർണ ആദരത്തോടും പൂർണ

മായ ആത്മാർഥതയോടും കൂടി സഹായിക്കേണ്ടതാവശ്യമാണ്. അതിന്റെ എല്ലാ വശങ്ങളെയും ബഹുമാന ദൃഷ്ടികളോടെ നോക്കിക്കൊണ്ടു വളരെ വേഗം അർഹമായ സേവനം അനുഷ്ഠിക്കേണ്ടതാകുന്നു. അതിന്റെ നിലയ്ക്കൊത്തു മാസം തോറും നല്കാനാഗ്രഹിക്കുന്നവർ, അതു നിർബന്ധ കടമയും ബാധ്യതയും ആയി കരുതിയിട്ട് മാസംതോറും നിഷ്കർഷയോടെ അടക്കുകയും ഈ കടമയെ അല്ലാഹുവിൽ നിന്നുള്ള കാണിക്ക എന്നു നിശ്ചയിച്ചുകൊണ്ട് അതു പൂർത്തിയാക്കുന്നതിൽ അമാന്തമോ ആലസ്യമോ കാണിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. ആരെങ്കിലും ഒറ്റത്തവണയായി സഹായം നല്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർ അപ്രകാരവും ചെയ്യട്ടെ! എന്നാൽ ഇതു നിലച്ചു പോകാതെ തുടർന്ന് പോകണമെന്ന പ്രത്യാശയിൽ ഊന്നിക്കൊണ്ടുള്ളതാവണം അടിസ്ഥാനപരമായ ലക്ഷ്യം. ദീനിന്റെ യഥാർഥ ക്ഷേമകാംക്ഷികൾ തങ്ങളുടെ മുതലും കഴിവും അനുസരിച്ച് അപ്രകാരമുള്ള എളിയ തുകകൾ മാസംതോറും അടക്കുന്നതിന് സ്വയം ദൃഢനിശ്ചയമെടുക്കുകയും യാദൃശ്ചികമായുണ്ടാകുന്ന തടസ്സങ്ങളൊന്നുമില്ലെങ്കിൽ അനായാസം അടച്ചുതീർക്കുകയും ചെയ്കയെന്നതാണ് ആ വ്യവസ്ഥ. ആർക്ക് അല്ലാഹു കഴിവും ഹൃദയവിശാലതയും പ്രദാനം ചെയ്തിട്ടുണ്ടോ അവർക്ക് ഈ മാസാന്തവരിപ്പണത്തിന് പുറമെ കരുത്തും കഴിവും പോലെ ഒറ്റത്തവണയായും സഹായം ചെയ്യാവുന്നതാണ്. അല്ലയോ എന്റെ ഉറ്റവരേ, എന്റെ പ്രിയപ്പെട്ടവരേ, എന്റെ ജീവിതവൃക്ഷത്തിന്റെ പച്ചളിപ്പുള്ള ശാഖകളേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ ബൈഅത്ത് പരമ്പരയിൽ പ്രവേശിച്ചിട്ടുള്ളവരേ, തങ്ങളുടെ ജീവിതവും സുഖസന്തോഷങ്ങളും തങ്ങളുടെ മുതലും ഈ മാർഗത്തിൽ ബലിയാക്കിയിട്ടുള്ളവരേ, ഞാനെന്തുപറഞ്ഞാലും അതു സ്വീകരിക്കുന്നത് നിങ്ങൾ ഭാഗ്യമായി കരുതുമെന്നും നിങ്ങൾക്ക് കഴിവുള്ളേടത്തോളം നിങ്ങൾ ഒഴിഞ്ഞുമാറുകയില്ലെന്നും എനിക്കറിയാമെങ്കിലും ഈ സേവനത്തിനുവേണ്ടി ഖണ്ഡിതമായ നിലയിൽ എന്റെ നാവുകൊണ്ട് നിങ്ങളുടെമേൽ എന്തെങ്കിലും കടമ അടിച്ചേല്പിക്കാൻ എനിക്ക് സാധ്യമല്ല. നിങ്ങളുടെ സേവനങ്ങൾ

എന്റെ വാക്കുകളുടെ നിർബന്ധത്താലല്ലാതെ നിങ്ങളുടെ സ്വന്തം ഇഷ്ടമനുസരിച്ചുള്ളതായിരിക്കാൻ വേണ്ടിതന്നെ. എന്റെ സ്നേഹിതൻ ആരാണ്? എന്റെ ബന്ധു ആര്? അത് എന്നെ തിരിച്ചറിയുന്നവൻ തന്നെ. എന്നെ ആരാണ് തിരിച്ചറിയുക? ഞാൻ അയക്കപ്പെട്ടവനാണെന്ന് എന്നിൽ ഉറച്ചു വിശ്വാസം പുലർത്തുന്നതാരോ അവൻ മാത്രം! പ്രേക്ഷിതരായിട്ടുള്ളവരെ കൈകൊള്ളുന്നതുപോലെ എന്നെ കൈക്കൊള്ളുന്നവനാരോ അവൻ തന്നെ. ഈ ലോകത്തിന് എന്നെ കൈകൊള്ളാൻ സാധ്യമല്ല. എന്തെന്നാൽ ഞാൻ ഈ ലോകത്തിൽനിന്നുള്ളവനല്ല. എന്നാൽ ആരുടെ പ്രകൃതത്തിൽ സ്വർഗലോകത്തിന്റെ അംശം നല്കപ്പെട്ടിട്ടുണ്ടോ അവർ എന്നെ കൈകൊള്ളുന്നു. കൈകൊള്ളുകയും ചെയ്യും. എന്നെ നിരാകരിക്കുന്നവൻ എന്നെ അയച്ചവനെ നിരാകരിക്കുന്നു. എന്നോടു ബന്ധം പുലർത്തുന്നവൻ ഞാൻ ആരിൽനിന്ന് വന്നുവോ അവനുമായി ബന്ധം പുലർത്തുന്നു. എന്റെ കൈയ്യിലൊരു വിളക്കുണ്ട്. എന്റെയടുക്കൽ വരുന്നവനു നിശ്ചയമായും ആ വെളിച്ചത്തിൽ പങ്കുണ്ടാകും. എന്നാൽ, സംശയവും ദുർഭാവനയും മൂലം ആർ ദൂരെ ഓടിപ്പോകുന്നുവോ അവൻ അന്ധകാരത്തിലേക്ക് എറിയപ്പെടും. ഈ കാലഘട്ടത്തിലെ അന്യാധീനപ്പെടാത്ത അജയ്യ ദുർഗമാകുന്നു ഞാൻ. എന്നിൽ പ്രവേശിക്കുന്നവനാരോ അവൻ കള്ളന്മാരിൽ നിന്നും ഹിംസ്രജന്തുക്കളിൽ നിന്നും രക്ഷിക്കപ്പെടും. എന്നാൾ എന്റെ കോട്ടമതിലുകളിൽ നിന്ന് അകന്നുനില്ക്കാൻ ആഗ്രഹിക്കുന്നവൻ ആരോ അവന്റെ മുമ്പിൽ ഏതുഭാഗത്തും മരണം വന്നു നില്ക്കും അവന്റെ മൃൽപിണ്ഡം പോലും രക്ഷയിലായിരിക്കില്ല. എന്നിൽ പ്രവേശിക്കുന്നതാരാണ്? തിന്മയെ കൈവെടിയുകയും നന്മയെ കൈവരിക്കുകയും ചെയ്യുന്നതാരോ അവൻ തന്നെ. വളഞ്ഞ വഴി ഉപേക്ഷിക്കുകയും നേർവഴിയിൽ ചരിക്കുകയും ചെയ്യുന്നവനും പിശാചിന്റെ അടിമത്വത്തിൽ നിന്ന് മോചനം നേടുകയും ദൈവത്തിന്റെ അനുസരണമുള്ള ദാസനായിത്തീരുകയും ചെയ്യുന്നവനാരോ അവൻ തന്നെ. അപ്രകാരം ചെയ്യുന്നവൻ എന്നിൽ ആകുന്നു. ഞാൻ അവനിലും തന്നെ. എന്നാൽ അല്ലാഹു പരിശുദ്ധാത്മാവിന്റെ തണലിൽ ഉൾപ്പെ

ടുത്തിയിട്ടുള്ളവർ മാത്രമെ അപ്രകാരം ചെയ്യാൻ പ്രാപ്തനായി ത്തീരുകയുള്ളൂ. അപ്പോൾ അല്ലാഹു അവന്റെ ആത്മാവിന്റെ ന രകത്തിനകത്ത് തന്റെ പാദമൂന്നുന്നു. അപ്പോൾ അതിനകത്ത് ഒരിക്കലും അഗ്നിയുണ്ടായിട്ടില്ലെന്ന് തോന്നുമാറ് അതു തണു ത്തുപോകുന്നു. അതോടെ അവൻ ഉയർച്ചയ്ക്ക്മേൽ ഉയർച്ച പ്രാ പിക്കുമാറാകുകയും ചെയ്യുന്നു. എവിടത്തോളമെന്നാൽ ദൈ വത്തിന്റെ ആത്മാവ് അവനിൽ കുടികൊള്ളുമാറാകുന്നു. സവി ശേഷമായ ഒരു തേജസ്സോടുകൂടി സർവലോകരക്ഷിതാവിന്റെ പ്രവാസം അവന്റെ ഹൃദയത്തിൽ ഉറപ്പിക്കപ്പെടുന്നു. അപ്പോൾ അവനിലെ ആ പഴയ മനുഷ്യത്വം കത്തിക്കരിഞ്ഞുപോകുകയും പുതിയതും പരിശുദ്ധവുമായ ഒരു വ്യക്തിത്വം അവനു പ്രദാനം ചെ യ്യപ്പെടുകയും ചെയ്യുന്നു. ദൈവവും ഒരു പുതിയ ദൈവമായി ട്ടും നവീനവും സവിശേഷവുമായ രീതിയിൽ അവനുമായി ബന്ധം സ്ഥാപിച്ചു തുടങ്ങുന്നു. അങ്ങനെ സ്വർഗീയ ജീവിതത്തിന്റെ സകല വിശുദ്ധ സാധനോപാധികളും ഇതേ ലോകത്തു തന്നെ അവനു സ്വായത്തമായിത്തീരുകയും ചെയ്യുന്നു.

ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹാതിരേകത്താൽ ഞാൻ ഒറ്റയ് ക്കാക്കപ്പെട്ടിട്ടില്ലെന്ന വസ്തുത വെളിപ്പെടുത്തുകയും അതിൽ ന ന്ദി പ്രകടിപ്പിക്കുകയും ചെയ്യാതിരിക്കാൻ എനിക്കു സാധ്യമല്ല. ഞാ നുമായി ബന്ധവും സഹോദരത്വവും സ്ഥാപിക്കുകയും അല്ലാഹു അവന്റെ കൈകൊണ്ടുതന്നെ സ്ഥാപിച്ചിട്ടുള്ള ഈ പ്രസ്ഥാനത്തിൽ പ്രവേശിക്കുകയും ചെയ്യുന്നവർ സ്നേഹത്തിന്റെയും ആത് മാർഥതയുടെയും വർണപ്പൊലിമകൊണ്ട് അത്ഭുതാവഹമായ നി റമണിഞ്ഞിട്ടുള്ളവരത്രെ. എന്റെ പരിശ്രമം കൊണ്ടല്ല, മറിച്ച് അല്ലാ ഹു അവന്റെ പ്രത്യേകമായ അനുഗ്രഹപ്രകർഷത്തിലൂടെ ഈ സത്യസന്ധത തിങ്ങിനിറഞ്ഞ ആത്മാക്കളെ എനിക്കു പ്രദാനം ചെയ്തിരിക്കുന്നു. എപ്പോഴും ആദ്യത്തിൽ തന്നെ എന്റെ ആ ആത് മീയ സഹോദരന്റെ കാര്യം പറയാൻ എന്റെ ഹൃദയം വെമ്പൽ കൊള്ളുകയാണ്. അദ്ദേഹത്തിന്റെ പേര് തന്റെ ആത്മാർഥതയു ടെ പ്രഭാവിലാസത്തിനൊത്ത് നൂറുദ്ദീൻ എന്നാകുന്നു. ഞാൻ അദ്ദേഹത്തിന്റെ ചില ദീനിയായ സേവനങ്ങളെ, തന്റെ ഹലാലായ

മുതൽ ചിലവിട്ടുകൊണ്ടു അദ്ദേഹം ഇസ്‌ലാമിന്റെ മഹോന്നത നാമം ഉയർത്താനായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെ 'ഹാ, ആ സേവനങ്ങൾ എനിക്ക് ചെയ്യാൻ കഴിഞ്ഞെങ്കിൽ' എന്ന ഖേദ ദൃഷ്ടികളോടെയാണ് നോക്കിക്കാണാറുള്ളത്! ദീനിന്റെ പരിരക്ഷക്കായി അദ്ദേഹത്തിൽ പ്രകടമായിക്കണ്ട ആവേശത്തിമർപ്പ് കാണുമ്പോൾ ഒരു 'ഖുദ്‌റ'ത്തിന്റെ (ദിവ്യശക്തി പ്രകടനത്തിന്റെ) ചിത്രം എന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുമാറാകുന്നു. അവൻ എപ്രകാരമാണ് തന്റെ ദാസന്മാരെ തന്നിലേക്ക് ആകർഷിച്ചെടുക്കുന്നത്! അദ്ദേഹം തന്റെ അധീനത്തിലുള്ള തന്റെ സകല മുതലുകളെയും സകലശക്തിയോടും സകല സഹായോപാധികളോടും കൂടി എല്ലായ്പോഴും അല്ലാഹുവിന്റെയും റസൂലിന്റെയും അനുസരണാർഥം സന്നദ്ധനായി നില്ക്കുന്നു. അദ്ദേഹത്തിന് എന്റെ വഴിയിൽ മുതലെന്ത് ജീവനും മാനവും കൂടി കാര്യമല്ലെന്നു വെറും സദ്ഭാവനകൊണ്ടല്ല, അനുഭവപരിചയം കൊണ്ടുതന്നെ ശരിക്കും ഞാൻ മനസ്സിലാക്കുന്നു. ഞാൻ അനുവാദം നല്കിഎങ്കിൽ അദ്ദേഹം സകലതും ഈ ദൈവമാർഗത്തിൽ ത്യജിച്ചുകൊണ്ടു തന്റെ ആത്മീയ സ്നേഹിതത്വം പോലെ ശാരീരികസ്നേഹിതത്വവും പുലർത്താനും ഏതു നിമിഷവും എന്റെ സാമീപ്യത്തിൽ കഴിയാനും തയ്യാറായിരിക്കും. അദ്ദേഹത്തിന്റെ ചില കത്തുകളിലെ ചില വരികൾ ഉദാഹരണാർഥം ഞാനിവിടെ എടുത്തു കാണിച്ചുകൊള്ളട്ടെ. ജമ്മു സ്റ്റേറ്റ് ഭിഷഗ്വരനും എന്റെ എത്രയും പ്രിയപ്പെട്ട സഹോദരനുമായ മൗലവി ഹക്കീം നൂറുദ്ദീൻ ഭേരവി സ്നേഹത്തിന്റെയും ആത്മാർഥതയുടെയും ഉന്നത പടവുകളിൽ എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്ന് വായനക്കാരറിയാൻ വേണ്ടി. ആ വരികൾ ഇവയാണ്.

' *'മൗലാനാ, മുർശിദനാ, ഇമാമനാ!*

*അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹൂ*

*"ആലി ജനാബ്! ഏതവസരത്തിലും അവിടുത്തെ സവിധത്തിൽ ഹാജരായിരിക്കുകയും ഇമാമുസ്സമാനിൽ നിന്ന് (കാലഘട്ടത്തിന്റെ നേതാവിൽ നിന്ന്) ഏതുദ്ദേശ്യാർഥം അവിടുന്ന് മുജദ്ദിദ് ആക്കപ്പെട്ടുവോ ആ ഉദ്ദേശ്യലക്ഷ്യങ്ങൾ*

*നേടുമാറാകണമെന്നുമുള്ളതാണ് എന്റെ പ്രാർഥന. അങ്ങു സമ്മതിക്കുകയാണെങ്കിൽ ഞാൻ ജോലി രാജി കൊടുത്തു രാവുപകലെന്നില്ലാതെ അവിടുത്തെ സവിധത്തിൽ കഴിച്ചുകൂട്ടാൻ തയ്യാറാണ്. അഥവാ, കല്പിക്കുകയാണെങ്കിൽ ഈ ബന്ധമെല്ലാം ഉപേക്ഷിച്ച് ലോകം ചുറ്റുകയും സത്യദീനിലേക്ക് ലോകരെ ക്ഷണിക്കുകയും അതേ മാർഗത്തിൽ തന്നെ ജീവൻ നല്കുകയും ചെയ്യാനും ഞാൻ സന്നദ്ധനാണ്. ഞാൻ അങ്ങയുടെ മാർഗത്തിൽ സർവാർപ്പണം ചെയ്തു കൊള്ളുന്നു. എനിക്കുള്ളതെന്തോ അതൊന്നും എന്റേതല്ല; അങ്ങയ്ക്കുള്ളതാകുന്നു. എന്റെ പീറും മുർശിദുമായുള്ളോവേ, ഞാൻ തികഞ്ഞ സത്യസന്ധതയോടുകൂടി ഇതാ ബോധിപ്പിച്ചുകൊള്ളട്ടെ! എന്റെ സകലസ്വത്തും സമ്പത്തും ദീനിന്റെ ഇശാഅത്തിനുവേണ്ടി ചിലവഴിക്കപ്പെടുകയാണെങ്കിൽ ഞാൻ എന്റെ ലക്ഷ്യം നേടിക്കഴിഞ്ഞു. 'ബറാഹീൻ' പ്രസിദ്ധപ്പെടുത്തുന്നതു വൈകിക്കാണുന്നതിൽ ശ്രോതാക്കൾ അസ്വസ്ഥരാണെങ്കിൽ അടച്ചുകിട്ടിയ മുഴുവൻ വിലയും എന്റെ പക്കൽ നിന്ന് അവർക്കു തിരിച്ചു നല്കുക എന്ന എളിയ സേവനം നിർവഹിക്കാൻ എന്നെ അനുവദിക്കണമെന്ന് ഞാനപേക്ഷിക്കുന്നു.*

*എന്റെ നേതാവും ഗുരുവുമായുള്ളോവേ, ഈ എളിയവനും നിസ്സാരനുമായുള്ളവൻ ബോധിപ്പിച്ചുകൊള്ളട്ടെ, അങ്ങു സമ്മതിക്കുന്ന പക്ഷം അതെന്റെ ഭാഗ്യാതിരേകം! ബറാഹീന്റെ പ്രസിദ്ധീകരണച്ചിലവിന്റെ മുഴുവൻ ഭാരവും എന്റെ ചുമലിലർപ്പിക്കപ്പെടണമെന്നതാണ് എന്റെ ആഗ്രഹം. വിലയായി എന്തു വസൂലാകുന്നുവോ ആ തുക അത്രയും അങ്ങയുടെ ആവശ്യമനുസരിച്ച് ചിലവഴിക്കാവുന്നതുമാണ്. അങ്ങയോടുള്ള എന്റെ ബന്ധം ഫാറൂഖിനുള്ള ബന്ധമാകുന്നു. ഈ വഴിയിൽ സർവസ്വവും ബലികഴിക്കാൻ ഞാൻ സന്നദ്ധനാണ്. എന്റെ മരണം സിദ്ദീഖുമാരുടെ മരണമായിരിക്കാൻ പ്രാർഥിക്കുന്നതിന് ഞാൻ അപേക്ഷിക്കുന്നു."*

ബഹുമാന്യനായ മൗലവി സാഹിബിന്റെ ആർജവവും മനക്കരുത്തും ആ അനുകമ്പയും ത്യാഗസന്നദ്ധതയും അദ്ദേഹത്തിന്റെ വാക്കിലൂടെ വെളിപ്പെടുന്നതു പ്രകാരം, അതിലുപരി അദ്ദേഹത്തിന്റെ അവസ്ഥയിൽ നിന്നും ആത്മാർഥത വഴിഞ്ഞൊഴുകുന്ന സേവനങ്ങളിൽ നിന്നും പ്രത്യക്ഷപ്പെടുമാറാകുന്നുണ്ട്. എത്രത്തോളമെന്നാൽ സ്വന്തം ഭാര്യാമക്കളുടെ ജീവിതയാപനത്തിനാവശ്യമായ വസ്തുക്കൾ പോലും ഇതേ വഴിയിൽ അദ്ദേഹം ബ

ലിയർപിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ ആത്മാവ് സ്നേഹത്തിന്റെ ആവേശവും ലയവും തന്റെ കഴിവിലുമുപരിയായി പ്രവർത്തിപ്പിക്കാൻ അദ്ദേഹത്തെ ഉദ്യുക്തനാക്കുന്നു. ഓരോ ശ്വാസത്തിലും ഓരോ നിമിഷത്തിലും അദ്ദേഹത്തെ സേവനത്തിൽ വ്യാപൃതനായി കാണാം.* എന്നാൽ ഇത്തരം ഒരു ത്യാഗശീലന്റെ മേൽ ഒരു വിഭാഗം ആളുകൾ മുഴുവനും വഹിക്കേണ്ടിയിരിക്കുന്ന ഭാരം കഴിവിന്നതീതമായ നിലയിൽ ഏല്പിക്കുക എന്നത് അങ്ങേയറ്റത്തെ ക്രൂരതയായിരിക്കും. മൗലവി സാഹിബ് ഈ സേവനം പൂർണമായും സാധിക്കുന്നതിനു തന്റെ സകല സ്വത്തുക്കളും കയ്യൊഴിക്കാനും അയ്യൂബ് നബിയെപ്പോലെ, 'ഞാൻ' ഒറ്റയ്ക്കാണല്ലോ വന്നത്, ഒറ്റയ്ക്കു തന്നെ തിരിച്ച് പോകും' എന്ന നില സ്വീകരിക്കാനും തയ്യാറാണെന്നതിൽ സംശയമില്ല. എന്നാൽ, ഈ സേവനം സമുദായത്തിന്റെ മുഴുവൻ കൂട്ടുത്തരവാദിത്തമായിരിക്കയാൽ എല്ലാവർക്കും നിർബന്ധമായിട്ടുള്ളതത്രെ. വിഷമങ്ങളും വിപത്തുകളും നിറഞ്ഞിട്ടുള്ളതും, സൃഷ്ടികർത്താവും അവന്റെ ദാസരും തമ്മിലുണ്ടായിരിക്കേണ്ട സത്യവിശ്വാസത്തിന്റെ ലോലലോലമായ ബന്ധം പോലും ശക്തിപൂർവം കുലുക്കിയിളക്കിക്കൊണ്ടിരിക്കുന്നതുമായ ഈ കാലഘട്ടത്തിൽ ഓരോരുത്തരും

* ഹദ്റത്ത് മൗലവി സാഹിബിന് ഫിഖ്ഹ് (കർമശാസ്ത്രം), ഹദീഥ്, തഫ്സീർ എന്നിവയിൽ അഗ്രഗണ്യമായ നിലയിൽ വ്യുൽപത്തിയുണ്ട്. തത്ത്വദർശനങ്ങൾ, പ്രാചീനവും ആധുനികവുമായ പ്രകൃതിശാസ്ത്രങ്ങൾ എന്നിവയിൽ ഉത്തമ ഗ്രാഹ്യവുമുണ്ട്. അദ്ദേഹം വൈദ്യശാസ്ത്രരംഗത്ത് പ്രാഗൽഭ്യമുള്ള ഒരു ഭിഷഗ്വരനാണ്. അദ്ദേഹം ഈജിപ്ത്, അറേബ്യ, സിറിയ, യൂറോപ്പ് എന്നിവടങ്ങളിൽ നിന്നും സകല വൈജ്ഞാനിക ശാഖകളുടെയും ഗ്രന്ഥങ്ങൾ വരുത്തിക്കുകയും വിരളവും ദുർലഭവുമായ പുസ്തകശേഖരങ്ങളുള്ള ഒരു ഗ്രന്ഥപ്പുര തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതര ശാസ്ത്ര മേഖലകളിൽ പ്രാവീണ്യമുള്ള പണ്ഡിതനായിരിക്കുന്നതു പോലെ മതസംവാദങ്ങളിലും അങ്ങേയറ്റത്തെ നിപുണതയും ഉൾക്കാഴ്ച്ചയും വച്ചു പുലർത്തുന്ന വ്യക്തിയാണ്. അനേകം ഉൽക്കൃഷ്ട ഗ്രന്ഥങ്ങളുടെ രചയിതാവുമാണ്. അടുത്തിടെ തസ്ദീഖ് ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥവും സ്തുത്യർഹനായ ഇദ്ദേഹം രചിച്ചതാണ്. അത് പര്യവേക്ഷണ കുതുകികളുടെ ദൃഷ്ടിയിൽ നവരത്നങ്ങളെക്കാൾ മൂല്യവത്തായതാണ്.

അവരുടെ സദ്പര്യവസാനത്തെപറ്റി ഓർക്കേണ്ടതാവശ്യമാണ്. മോക്ഷത്തിന് അടിസ്ഥാനമായിട്ടുള്ള സൽപ്രവൃത്തികൾ തങ്ങളുടെ ഇഷ്ടമുതലുകൾ വ്യയം ചെയ്യുകയും വിലപ്പെട്ട സമയം സേവനത്തിനായി വിനിയോഗിക്കുകയും ചെയ്യുന്നത് മുഖേന സ്വായത്തമാക്കേണ്ടിയിരിക്കുന്നു.

لَنۡ تَنَالُوا الۡبِرَّ حَتّٰى تُنۡفِقُوۡا مِمَّا تُحِبُّوۡنَ

"നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് ചിലവ് ചെയ്യുന്നതുവരെ
നിങ്ങൾ നന്മയെ പ്രാപിക്കുകയില്ല." (3:93)

എന്ന് അല്ലാഹു അവന്റെ വിശുദ്ധഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള പ്രകാരം മാറ്റമില്ലാത്തതും സ്ഥിരമായിട്ടുള്ളതുമായ അവന്റെ നിയമത്തെ കുറിച്ച് ഭയമുണ്ടായിരിക്കേണ്ടതാണ്. അതായത്, മോക്ഷത്തിലേക്കെത്തിക്കുന്ന യഥാർഥമായ നന്മയെ അല്ലാഹുവിന്റെ വഴിയിൽ നിങ്ങൾ വളരെയേറെ പ്രിയപ്പെടുന്ന നിങ്ങളുടെ ധനവും മുതലും ചിലവിടുന്നതുവരെ പ്രാപിക്കുക സാധ്യമല്ല എന്നുള്ളതു തന്നെ.

## വേറെയും ത്യാഗിവര്യന്മാർ

ഇവിടെ ഞാൻ ഈ ദൈവിക പ്രസ്ഥാനത്തിൽ പ്രവേശിച്ചിട്ടുള്ളവരും എന്നോട് ആത്മാർഥമായ സ്നേഹബന്ധം പുലർത്തുന്നവരുമായ ആത്മമിത്രങ്ങളിൽ ചിലരെകുറിച്ചുകൂടി പ്രതിപാദിക്കുന്നതു ഗുണകരമാണെന്ന് കരുതുന്നു. അവരിൽ ഒരാൾ ഭ്രാതാ ശേഖ് മുഹമ്മദ് ഹുസൈൻ മുറാദാബാദി ആകുന്നു. ഇപ്പോൾ അദ്ദേഹം മുറാദാബാദിൽ നിന്ന് ഖാദിയാനിൽ വന്ന് അല്ലാഹുവിന്റെ തൃപ്തി മാത്രം കാംക്ഷിച്ചു ഈ നിബന്ധത്തിന്റെ പകർപ്പ് എടുത്തുകൊണ്ടിരിക്കുകയാണ്. ആദരണീയനായ ശേഖ് സാഹിബിന്റെ പരിശുദ്ധഹൃദയം ഒരു കണ്ണാടിയിലെന്ന പോലെ എനിക്കു കാണാൻ കഴിയുന്നു. അല്ലാഹുവിനുവേണ്ടി മാത്രം എന്നോട് അങ്ങേയറ്റത്തെ ആത്മാർഥതയും സ്നേഹവും പുലർത്തുന്നു. അദ്ദേഹത്തിന്റെ ഹൃദയം ദൈവസ്നേഹം നിറഞ്ഞതത്രെ. അദ്ദേഹം ഒരു പ്രത്യേക സ്വഭാവത്തോടു കൂടിയ ആളാകുന്നു. ഞാൻ അദ്ദേഹത്തെ മുറാദാബാദിനായുള്ള പ്രകാശം ചൊരിയുന്ന

ദീപമായി കരുതുന്നു. അദ്ദേഹത്തിൽ പരിലസിക്കുന്ന സ്നേഹത്തിന്റെയും ആത്മാർഥതയുടെയും ആ ദീപയഷ്ടി ഒരു നാൾ മറ്റുള്ളവരിലും പ്രകാശിക്കുമാറാകുമെന്നു ഞാൻ പ്രത്യാശിക്കുന്നു. ശേഖ് സാഹിബ് കോപ്പുകളില്ലാത്ത ആളാണെങ്കിലും ഹൃദയത്തിൽ സമ്പന്നനാകുന്നു; വിശാലമനസ്കനുമാകുന്നു. ഈ വിനീതന് എല്ലാ പ്രകാരത്തിലുള്ള സേവനവും അർപിച്ചു കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ നാഡിഞരമ്പുകളിലെല്ലാം സ്നേഹം നിറഞ്ഞ ഭക്തിവിശ്വാസം വഴിഞ്ഞൊഴുകുന്നു.

അവരിൽ മറ്റൊരാൾ ഭ്രാതാ ഹക്കീം ഫസ്‌ലുദ്ദീൻ ഭേരവി ആണ്. ബഹുമാന്യനായ ഹക്കീം സാഹിബ് എന്നോട് എത്തരത്തിലുള്ള ഹൃദയംഗമായ സ്നേഹവും സദ്ഭാവനയും ആന്തരീയബന്ധവും ആണ് പുലർത്തുന്നതെന്ന വിവരിക്കാൻ ഞാൻ അശക്തനാകുന്നു. അദ്ദേഹം എന്റെ നിസ്വാർഥ ഗുണകാംക്ഷിയും ആത്മാർഥ സ്നേഹിതനും സത്യാന്വേഷിയുമായ വ്യക്തിയാകുന്നു. ഈ വിജ്ഞാപനം എഴുതുന്നതിന് അല്ലാഹു എന്റെ ശ്രദ്ധയെ തിരിക്കുകയും എനിക്കുണ്ടായ പ്രത്യേക വെളിപാടിലൂടെ എനിക്കു പ്രത്യാശകൾ നല്കുകയും ചെയ്തശേഷം ഞാൻ പലരോടും ഈ വിജ്ഞാപനമെഴുതുന്ന കാര്യം സംസാരിച്ചപ്പോൾ ആരും എന്റെ അഭിപ്രായത്തോടു യോജിച്ചിരുന്നില്ല. എന്നാൽ, എന്റെ ഈ പ്രിയപ്പെട്ട സഹോദരൻ ഞാൻ ആവശ്യപ്പെടാതെതന്നെ ഈ വിജ്ഞാപനം എഴുതാൻ പ്രോത്സാഹിപ്പിക്കയും അതിന്റെ ചിലവിലേക്കു തന്റെ വക 100 രൂപ. നല്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ സത്യവിശ്വാസപരമായ ഉൾക്കാഴ്ച്ചയിൽ ഞാൻ ആശ്ചര്യപ്പെടുകയാണ്. എന്തെന്നാൽ അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അല്ലാഹുവിന്റെ ഉദ്ദേശ്യങ്ങളോട് ഒത്തുനില്ക്കുന്നു. അദ്ദേഹം സദാ തിരശ്ശീലക്കു പിന്നിൽ സേവനനിരതനായിരിക്കുകയാണ്. എത്രയോ നൂറ് രൂപ്കൾ അദ്ദേഹം ഈ വിഷയത്തിലേക്ക് രഹസ്യനിലയിലും നല്കിയിട്ടുണ്ട്.

ابتغاءً لمرضات اللّٰه

ഇതെല്ലാം അല്ലാഹുവിന്റെ തൃപ്തി നേടുന്നതിന് മാത്രമാകുന്നു!
അല്ലാഹു അദ്ദേഹത്തിന് തക്കതായ പ്രതിഫലം നല്കുമാറാകട്ടെ!

മറ്റൊരാൾ എന്റെ എത്രയും പ്രിയപ്പെട്ട സഹോദരനും തന്റെ വിരഹം മുഖേന ഹൃദയത്തിൽ മുറിപ്പാട് സൃഷ്ടിച്ചയാളും പട്ട്യാല പ്രദേശത്തെ സമാനയിലെ റയീസുമായിരുന്ന മർഹൂം മിർസാ അസീം ബേഗ് സാഹിബ് ആണ്. 1308 'റബീയുസ്സാനി'യിൽ അദ്ദേഹം ഈ ലോകത്തോട് യാത്ര പറഞ്ഞു.

اِنَّالِلّٰہِ وَاِنَّآاِلَیْہِ رَاجِعُوْنَ۔ اَلْعَیْنُ تَدْمَعُ وَالْقَلْبُ یَحْزُنُ وَاِنَّابِفِرَاقِہٖ لَمَحْزُوْنُوْنَ

(നാം അല്ലാഹുവിനുള്ളവരാകുന്നു. അവനിലേക്ക് തന്നെയാണ്
നമ്മുടെ മടക്കവും. കണ്ണു നനഞ്ഞിരിക്കുന്നു ഹൃദയം ദുഃഖപൂർണവും,
അദ്ദേഹത്തിന്റെ വിരഹം കാരണം കരഞ്ഞുകൊണ്ടിരിക്കുന്നു.)(പരി)

മർഹൂം മിർസാ സാഹിബ് എപ്രകാരമാണോ അല്ലാഹുവിന്റെ തൃപ്തിക്ക്വേണ്ടി മാത്രം എന്നോട് സ്നേഹം പുലർത്തി വന്നത്, എപ്രകാരമാണോ എന്നിൽ 'ഫനാ' ആയിക്കൊണ്ടിരുന്നത്, ആ സ്നേഹാദരത്തിന്റെ 'മർതബ' യെ (ഉന്നത പടവിനെ) വിവരിച്ചുകാട്ടാൻ എനിക്കു വാക്കുകൾ കിട്ടുന്നില്ല. അദ്ദേഹത്തിന്റെ അകാലവിരഹം എന്നിലുണ്ടാക്കിയ ദുഃഖത്തിന്റെ ആഘാതം എങ്ങനെയുള്ളതാണെന്നും എനിക്കു പറഞ്ഞറിയിക്കാനാവില്ല. കഴിഞ്ഞ നാളുകളിൽ അതിനു സമാനമായി വളരെ തുച്ഛമായിട്ടേ എനിക്കു കണ്ടെത്താൻ കഴിയുന്നുള്ളു. അദ്ദേഹം എന്റെ ഉച്ചകോടിയും എന്റെ ലക്ഷ്യസ്ഥാനവുമാകുന്നു. നോക്കിക്കൊണ്ടിരിക്കെ അദ്ദേഹം കൺമുന്നിൽ നിന്നു മറഞ്ഞു പോയി. എനിക്ക് ജീവനുള്ള കാലത്തോളം അദ്ദേഹത്തിന്റെ വിരഹം ഉണ്ടാക്കിവച്ച വ്യഥ എനിക്കൊരിക്കലും മറക്കാനാവാത്തതാണ്.

دردیست دردلم کہ گراز پیش آب چشم       بردارم آستین برود تابدامنم

ദുഃഖം നിറഞ്ഞു തുളുമ്പീടുന്നെൻ
ഹൃത്തടം നൊന്തുപിടഞ്ഞീടുന്നു
കൺപോളയൊന്നങ്ങു നീക്കീടുകിൽ
കണ്ണീരിൽ മുങ്ങീടുമെന്റെ വസ്ത്രം (പരി)

അദ്ദേഹത്തിന്റെ വേർപാടിനെ കുറിച്ചോർക്കുമ്പോൾ മനസിൽ ആലസ്യവും നെഞ്ചിൽ ദുഃഖാതിരേകത്തിന്റെ വേദനയും ഹൃദ

യത്തിൽ ആധിയും മിഴികളിൽ ജലാവിലതയും സൃഷ്ടിക്കപ്പെടുന്നു. സ്നേഹത്തിന്റെ നിറകുടമായിരുന്നു അദ്ദേഹം. സ്നേഹാതിരേകത്തിന്റെ ആവേശം പ്രകടിപ്പിക്കുന്നതിൽ ഒരു ബഹദൂർ തന്നെയായിരുന്നു മിർസാ സാഹിബ്. ജീവിതം മുഴുവനും ഈ വഴിയിൽ അദ്ദേഹം ഉഴിഞ്ഞുവച്ചിരുന്നു. അദ്ദേഹം മറ്റെന്തെങ്കിലും സ്വപ്നം കാണാറുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. മിർസാ സാഹിബ് സാമ്പത്തികശേഷി കുറഞ്ഞ ആളായിരുന്നെങ്കിലും താൻ ചെയ്തു വന്നിരുന്ന ദീനിയായ സേവനത്തിന്റെ രംഗത്ത് അദ്ദേഹത്തിനു ധനം മണ്ണിനു തുല്യമായിരുന്നു. ദൈവീകജ്ഞാനങ്ങൾ മനസ്സിലാക്കുന്ന കാര്യത്തിൽ കൂർമബുദ്ധിയുമായിരുന്നു. ഈ എളിയവനോട് അദ്ദേഹം പുലർത്തിവന്ന സ്നേഹം നിറഞ്ഞ ദൃഢവിശ്വാസം അനന്തമായ ദൈവികശക്തിയുടെ ദിവ്യാദ്ഭുതം തന്നെയായിരുന്നു. അദ്ദേഹത്തെ കാണുമ്പോൾ എന്റെ പ്രകൃതം ആകെ ആനന്ദനിഭൃതമായിത്തീരുന്നു. എങ്ങും പൂവും പഴവും നിറഞ്ഞു തൂങ്ങുന്ന ഒരു പൂന്തോട്ടത്തിൽ കയറിയാൽ മനം തരളിതമാകുന്നതു പോലെ! അദ്ദേഹം തന്റെ ഒരു കൊച്ചുകുട്ടി അടക്കം ശേഷക്കാരെ തികഞ്ഞ ദൗർബല്യത്തിലും ഗതികേടിന്റെ അവസ്ഥയിലും വിട്ടും വച്ചാണ് വേർപെട്ടതെന്ന് മനസ്സിലാകുന്നു. അല്ലയോ സർവശക്തനായ നാഥാ, നീ തന്നെ അവരുടെ രക്ഷാകർത്താവും മേൽനോട്ടക്കാരനും ആയിരിക്കണേ! എന്റെ യഥാർഥ സ്നേഹജനങ്ങളിൽ നീ വെളിപാടുകൾ ഇറക്കിക്കൊണ്ട് തങ്ങളെ പോലുള്ള തങ്ങളുടെ ഈ സഹോദരന്റെ നിസ്സഹായരും ദരിദ്രരുമായ പിന്തുടർച്ചക്കാരുടെ നേരെ സഹതാപത്തിന്റെ ധർമങ്ങൾ നിറവേറ്റുന്നതിന് നീ പ്രാപ്തരാക്കേണമേ!

اے خدا اے چارہ سازِ ہر دل اندوہگیں　　اے پناہ عاجزان آمرز گارِ مذنبین
از کرم آں بندۂ خود را بہ بخشش ہا نواز　　ایں جدا افتادگاں را از ترحم ہا بہ بین

ദൈവമേ മാനസനോവകറ്റുന്നോനെ
ദീനർ തന്നാശ്രയസ്ഥാനമേ, പാപം പൊറുക്കുന്നവനേ
നിൻ ദാസനിവന്നേകണേ, രക്ഷ നല്കീടണേ
നിന്നിൽ നിന്നകന്നോനാകിലും കനിഞ്ഞീടണേ.(പരി)

ഇവിടെ ഉദാഹരണാർഥം മാത്രം എന്റെ ചില സ്നേഹിതന്മാരെ ക്കുറിച്ച് വിവരിച്ചു എന്നേയുള്ളൂ. ഇതേ തരത്തിലും ഇതേ മഹനീ യതയിലും മറ്റുചില സ്നേഹിതന്മാരും ഉണ്ട്. അവരുടെ വിസ്തീ ർണ വിവരം ഇൻശാ അല്ലാഹ് ഞാൻ പിന്നീടുള്ള ഒരു പുസ്ത കത്തിൽ നല്കുന്നതാണ്. ഇപ്പോൾ നിബന്ധം നീണ്ടു പോകുന്ന തിനാൽ ഞാനിവിടെ ഇതവസാനിപ്പിക്കുന്നു.

ഒരു കാര്യം കൂടി പ്രസ്താവിക്കേണ്ടത് ഒരാവശ്യമായി എനിക്കു തോന്നുന്നു. എന്റെ ബൈഅത്ത് പരമ്പരയിൽ പ്രവേശിച്ചിട്ടുള്ള എല്ലാവരും അവരെപറ്റി ഞാൻ എന്തെങ്കിലും ദൃഢമായ ഒരു അഭിപ്രായം വെളിപ്പെടുത്താൻ കഴിയുന്ന വിധത്തിലുള്ളവരായി ക്കഴിഞ്ഞിട്ടില്ല. മറിച്ച് അവരിൽ ചിലർ ഉണങ്ങിയ കൊമ്പുകൾ കണക്കെയുള്ളവരാണ്. അവരെ എന്റെ സൂക്ഷിപ്പുകാരനായ എന്റെ ദൈവം എന്നിൽ നിന്നു മുറിച്ചുനീക്കി കത്തുന്ന വിറകുകളിലേക്കു വലിച്ചെറിയും. മറ്റു ചിലരുണ്ട്, അവർ ആദ്യത്തിൽ ഹൃദയനൈർമ്മ ല്യവും ആത്മാർഥതയും ഉള്ളവരായിരുന്നു. എന്നാൽ, ഇപ്പോൾ അവരിൽ ഹൃദയകാഠിന്യം വെളിപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ആത് മാർഥതയുടെ എരിവും ശിഷ്യസഹജമായ സ്നേഹബന്ധത്തിന്റെ തിളക്കവും ഇപ്പോൾ അവരിൽ കാണാനില്ല. മറിച്ച് ബൽഅമിനെ പോലെ അവരിൽ ചതികൾ അവശേഷിക്കുന്നുണ്ട്. കെട്ടുപോയ പല്ലുപോലെ പറിച്ചെടുത്ത് കടലിന്നടിയിലേക്കെറിയാനല്ലാതെ അവരെ കൊണ്ടൊരു കാര്യവുമില്ല. അവർ തളർന്നുപോകുകയും അവശരായി ഭവിക്കുകയും ചെയ്തിരിക്കുന്നു. കൊള്ളരുതാത്ത ലോകം അതിന്റെ കള്ള വിലക്ക് അവരെ വരുതിയിലൊതു ക്കിക്കഴിഞ്ഞു. ആകയാൽ, ഞാൻ സത്യമായും സത്യമായും നി ങ്ങളോടു പറയുന്നു. അവർ അടുത്തുതന്നെ എന്നിൽ നിന്നു മുറി ച്ച് നീക്കപ്പെടും. അല്ലാഹുവിന്റെ അനുഗ്രഹം പുതിയ മുറയ്ക്ക് കരം ഗ്രഹിക്കുന്നവരാരെയോ അവരൊഴികെ. എന്നെന്നേക്കുമായി അല്ലാഹു എനിക്കു നല്കിയിട്ടുള്ളവരും ഒട്ടേറെയുണ്ട്. അവർ എന്റെ ഉൺമയാകുന്ന വൃക്ഷത്തിന്റെ പച്ചപിടിച്ച ശാഖകളാകുന്നു. ഇൻശാ അല്ലാഹ്! അവരുടെ കാര്യങ്ങൾ ഞാൻ പിന്നീടൊരിക്കൽ എഴുതും.

# ഞാൻ പ്രേഷിതൻ

ഇവിടെ കേമന്മാരെന്നും ഉദാരമതികളെന്നും ദീനിന്റെ കാര്യത്തിൽ ബലിയർപ്പിച്ചവരെന്നും സ്വയം കരുതുന്ന ചിലരുടെ സംശയങ്ങൾ കൂടി അകറ്റുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ ആവശ്യവും അവസരവും നോക്കി ചിലവഴിക്കുന്നതിൽ വിമുഖരാണ്. അവർ പറയുന്നു, ദീനിന്റെ പിന്തുണയ്ക്കായി അല്ലാഹുവിൽ നിന്ന് അയക്കപെട്ട ഏതെങ്കിലും ദിവ്യാത്മാവിന്റെ കാലത്ത് തങ്ങൾ ജീവിച്ചുവെങ്കിൽ അദ്ദേഹത്തെ സഹായിക്കാൻ തങ്ങൾ സർവാർപ്പ ണം ചെയ്യുമായിരുന്നു എന്ന്! പക്ഷേ, എന്തു ചെയ്യും? എങ്ങും ചതിയും വഞ്ചനയും കൊടികുത്തി വാഴുകയാണത്രെ! എന്നാൽ അല്ലയോ ജനങ്ങളെ, ദീനിനെ രക്ഷിക്കുന്നതിനുവേണ്ടി ഒരാൾ അയക്കപ്പെട്ടിരിക്കുകയാണ്. പക്ഷേ നിങ്ങൾ അദ്ദേഹത്തെ തിരിച്ചറിഞ്ഞിട്ടില്ല. അദ്ദേഹം നിങ്ങളുടെ ഇടയിൽതന്നെയുണ്ട്. നി ങ്ങളോട് സംസാരിക്കുന്ന ആൾ അദ്ദേഹം തന്നെയാണ്. നിങ്ങ ളുടെ നേത്രങ്ങളിൽ കനത്ത തിരശ്ശീല വീണിരിക്കുകയാണ്. നി ങ്ങളുടെ ഹൃദയം സത്യം തിരയുന്നുവെങ്കിൽ അല്ലാഹുവുമായി സംസാരിക്കുന്നു എന്നു വാദിക്കുന്ന ആ ആളെ പരീക്ഷിച്ചറിയുക വളരെ എളുപ്പമാണ്. അദ്ദേഹത്തിന്റെ സേവനത്തിനായി മുന്നോട്ടു വരുവിൻ. അദ്ദേഹത്തിന്റെ സന്നിധിയിൽ രണ്ടുമൂന്ന് ആഴ്ചകൾ താമസിക്കുവിൻ. അല്ലാഹു ഇച്ഛരിച്ചു എങ്കിൽ അദ്ദേഹത്തിൽ വർ ഷിച്ചുകൊണ്ടിരിക്കുന്ന ആത്മീയാനുഗ്രഹങ്ങളും അദ്ദേഹത്തിന് ഇറങ്ങിക്കൊണ്ടിരിക്കുന്ന സത്യമായ വെളിപാടുകളുടെ പ്രകാശ ങ്ങളും നിങ്ങൾ സ്വയം കണ്ണുകൊണ്ട് കണ്ടറിഞ്ഞുകൊള്ളുക. തിര യുന്നവനാരോ അവനാണ് കണ്ടെത്തുക. മുട്ടുന്നവനാരോ അവനു വേണ്ടിയാണ് വാതിലുകൾ തുറക്കപ്പെടുക. നിങ്ങൾ കണ്ണടച്ചു കൊണ്ട് ഇരുട്ടു നിറഞ്ഞ മുറിയിൽ അടച്ചു പൂട്ടി സൂര്യൻ എവിടെ എന്ന് ചോദിക്കുന്നു. അതു നിങ്ങളുടെ അർഥമില്ലാത്ത ആക്ഷേപം മാത്രമാണ്. അല്ലയോ വിവരം കെട്ടവരേ, നിങ്ങൾ നിങ്ങളുടെ മുറിയുടെ വാതിലുകൾ തുറന്നിടുക. കണ്ണിന്റെ മറ നീക്കുക. നി

ങ്ങൾക്കപ്പോൾ സൂര്യനെ കാണാം. മാത്രമല്ല അപ്പോൾ അതിന്റെ വെളിച്ചം മുഖേന നിങ്ങളും പ്രശോഭിതരായിത്തീരും.

ചിലർ പറയുന്നു: സംഘടനകൾ സ്ഥാപിക്കുകയും മദ്രസ്സകളും വിദ്യാലയങ്ങളും തുറക്കുകയും ചെയ്താൽ ഇസ്‌ലാമിന്റെ സഹായമായിത്തീരുമെന്ന്. എനാൽ ദീൻ എന്താണെന്ന് അവർക്കറിയില്ല. നമ്മുടെ ജീവിതത്തിന്റെ അന്തിമലക്ഷ്യമെന്താണെന്നും എന്തിന് ഏതെല്ലാം വഴികളിലൂടെ ആ ലക്ഷ്യങ്ങൾ കൈവരിക്കാമെന്നും അവർക്കറിയില്ല. തന്നിമിത്തം ഈ ലോകജീവിതത്തിന്റെ അന്തിമലക്ഷ്യം ദൈവവുമായി ആത്മാർഥവും സുദൃഢവുമായ ബന്ധം പ്രാപിക്കുക എന്നതാണെന്ന് ഇവർ മനസ്സിലാക്കേണ്ടതാണ്. ആ ബന്ധമാകട്ടെ, ശാരീരികമായ ബന്ധങ്ങളിൽ നിന്നു മുക്തി നേടിക്കൊണ്ട് രക്ഷയുടെ പ്രഭവസ്ഥാനത്തേക്കെത്തിക്കുന്നതാവണം. ഈ ദൃഢവിശ്വാസത്തിന്റെ വഴികൾ മനുഷ്യനിർമിതമായ കപടതന്ത്രങ്ങളും സൂത്രങ്ങളും കൊണ്ടു തുറന്നുകിട്ടുകയില്ല. മനുഷ്യനിർമിതമായ തത്വശാസ്ത്രങ്ങൾ ഇവിടെ ഒരു പ്രയോജനവും ചെയ്യില്ല. മറിച്ച് ഈ വെളിച്ചം എക്കാലത്തും ദൈവം അവന്റെ വരിഷ്ഠദാസർ മുഖേന അധർമകാലങ്ങളിൽ സ്വർഗത്തു നിന്നും ഇറക്കുന്നതാണ്. സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന ആളാണു സ്വർഗത്തിലേക്കു കൊണ്ടുപോകുക. അതുകൊണ്ട് അധർമത്തിന്റെ ഗർത്തത്തിൽ ആപതിച്ചു സംശയങ്ങളുടെയും സന്ദേഹങ്ങളുടേയും പിടിയിൽ അകപ്പെട്ടുപോകുകയും ശാരീരികവികാരങ്ങളുടെ അടിമകളായിത്തീരുകയും ചെയ്തിട്ടുള്ള അല്ലയോ ജനങ്ങളെ, നിങ്ങൾ നാമമാത്രവും ആചാരമാത്രവുമായ ഇസ്‌ലാമിൽ ഊറ്റമൊന്നും കൊള്ളേണ്ട! യഥാർഥമായ ആത്മീയോൽകർഷവും യഥാർഥമായ ക്ഷേമവും അന്തിമമായ വിജയവും ഇക്കാലത്തെ സംഘടനകളും മദ്രസ്സ സ്ഥാപനങ്ങളും മുഖേനയുള്ള ആസൂത്രണങ്ങളിലാണെന്നു നിങ്ങൾ കരുതല്ലാ. ഈ തൊഴിലുകളെല്ലാം അടിസ്ഥാനപരമായി പ്രയോജനകരം തന്നെ. പുരോഗതിയുടെ ഉൽകർഷത്തിന്റെ ആദ്യപടികളായി അതിനെ കാണുകയും ചെയ്യാം. പക്ഷേ അടിസ്ഥാന ലക്ഷ്യം വളരെ വളരെ അകലെയാണ്. അത്തരം ആസൂത്രിത പദ്ധതികളിലൂടെ ആലോചനാശക്തി

വർധിപ്പിക്കാം. അഥവാ ആരോഗ്യ സംരക്ഷണം, ബുദ്ധി വൈഭവം, ശുഷ്കവിവാദമർമ്മജ്ഞത എന്നിവ നേടാൻ കഴിയും. അല്ലെങ്കിൽ, വലിയ ആലിം ആണെന്നും വലിയ പണ്ഡിതൻ ആണെന്നുമുള്ള അംഗീകാരം നേടിയെടുക്കാം. നീണ്ട കാലത്തെ വിജ്ഞാന സമ്പാദത്തിനുശേഷം യഥാർഥ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ. പക്ഷേ, ചെറിയൊരു സഹായം ലഭിച്ചെന്നും വരും. എന്നാൽ, പാർസി ചൊല്ലു പോലെ

تاتریاق از عراق آوردہ شود مار گزیدہ مردہ شود

ഇറാക്കിൽ നിന്ന് അമൃതം വന്നെത്തുമ്പോഴേക്കും
സർപ്പദംശമേറ്റ രോഗി മരിച്ചെന്നിരിക്കും!(പരി)

## ഉണരുവിൻ, ജാഗരൂകരാകുവിൻ!

ആകയാൽ ഉണരുവിൻ! ജാഗരൂകരാകുവിൻ! നിങ്ങളുടെ കാലുകൾ ഇടറിപ്പോകല്ലാ! നിങ്ങൾ നിരീശ്വരത്വത്തിലും അവിശ്വാസത്തിലുമായിരിക്കെ, നിങ്ങളുടെ പരലോകയാത്ര വന്നെത്തുന്ന അവസ്ഥ നിങ്ങളിൽ വന്നു ഭവിക്കാതിരിക്കട്ടെ. വിജയപൂർണമായ ഒടു പുലർച്ചയ്ക്കുള്ള പ്രത്യാശകളുടെ സഹായാശ്രയങ്ങൾ വെറും ഔപചാരികമായ വിജ്ഞാന സമ്പാദനത്തിലൂടെ ആയിരിക്കാൻ ഒരിക്കലും നിവൃത്തിയില്ല. അതിനു സംശയങ്ങളുടേയും സന്ദേഹങ്ങളുടേയും അഴുക്കുകളെ ദുരീകരിക്കുകയും ശരീരേച്ഛകളുടെയും ദുർവികാരങ്ങളുടെയും അഗ്നിയെ പൊലിച്ചു കളയുകയും അല്ലാഹുവിനോടുള്ള ആത്മാർഥമായ സ്നേഹത്തിലേക്കും പരിശുദ്ധമായ പ്രേമത്തിലേക്കും പരിപൂർണ്ണമായ അനുസരണത്തിലേക്കും ആകർഷിക്കുകയും ചെയ്യുന്ന സ്വർഗീയമായ പ്രകാശം അവതരിക്കേണ്ടത് ആവശ്യമാകുന്നു. നിങ്ങൾ നിങ്ങളുടെ ഉപബോധമനസിനോടു ചോദിക്കുക. ഒറ്റയടിക്ക് ആത്മീയ പരിവർത്തനം വരുത്തുന്ന യഥാർഥമായ സംതൃപ്തിയും മനഃശാന്തിയും നിങ്ങൾക്കിനിയും കൈവന്നിട്ടില്ലെന്ന മറുപടിയാണ് ലഭിക്കുക. ചുരുക്കത്തിൽ ഔപചാരികമായ കാര്യങ്ങളും ഔപചാരികവിദ്യാഭ്യാസവും പ്രചരിപ്പിക്കാൻ നിങ്ങളിൽ എത്രകണ്ടു ആവേശ

മുണ്ടോ അതിന്റെ നൂറിലൊരംശം പോലും സ്വർഗീയമായ പ്ര സ്ഥാനത്തിന്റെ ഭാഗത്തേക്കു നിങ്ങളുടെ ചിന്ത നീങ്ങുന്നില്ല എന്നത് എത്രമാത്രം ശോചനീയമല്ല! ദീനുമായി ഒരു പ്രകാരത്തിലും ബ ന്ധമില്ലാത്തതും അഥവാ ബന്ധമുണ്ടെങ്കിൽ തന്നെ വളരെ നിസ്സാ രമായ നിലയിലുള്ളതും യഥാർഥമായ ലക്ഷ്യത്തിൽ നിന്നു വളരെ അകന്നിരിക്കുന്നതുമായ കാര്യങ്ങൾക്കാണു നിങ്ങളുടെ ജീവിത ത്തിന്റെ അധികമായ ഭാഗങ്ങളും ഉഴിഞ്ഞു വച്ചിട്ടുള്ളത്. അതിപ്ര ധാനമായ ഉദ്ദേശലക്ഷ്യങ്ങളിൽ നിങ്ങളുടെ ചിന്തയും മോഹവും ചെന്നെത്തുന്നു എങ്കിൽ ആ യഥാർഥ ലക്ഷ്യം നേടുന്നതുവരെ നി ങ്ങൾക്കു വിശ്രമിച്ചു കൂടാത്തതാണ്. അല്ലയോ ജനങ്ങളെ, നിങ്ങ ളുടെ യഥാർഥ ആരാധ്യനെ തിരിച്ചറിയുന്നതിനും അനുസരിക്കു ന്നതിനുമായിട്ടാണ് നിങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നിങ്ങ ളുടെ സൃഷ്ടിപ്പിന്റെ മൂലകാരണമായിട്ടുള്ളതെന്തോ അതു നിങ്ങ ൾക്ക് സുതരം വെളിപ്പെടുമാറാകുന്നതുവരെ നിങ്ങൾ നിങ്ങളുടെ യഥാർഥമായ രക്ഷയുടെ മാർഗത്തിൽ നിന്നും വളരെ വളരെ അകലെയായിരിക്കും. നിങ്ങൾ നീതി പുലർത്തിക്കൊണ്ടാണു സംസാരിക്കുന്നതെങ്കിൽ നിങ്ങളുടെ ആന്തരീയാവസ്ഥക്കു നിങ്ങ ൾതന്നെ സാക്ഷിയായിരിക്കും. ദൈവചിന്തയ്ക്കു പകരം സദാ ഭൗതിക വിചാരത്തിന്റെ ശക്തിമത്തായ ബിംബം നിങ്ങളുടെ ഹൃദ യത്തിനുമുന്നിൽ പ്രതിഷ്ഠിച്ചു ഓരോ നിമിഷത്തിലും ആയിരമായി രം തവണ പ്രണാമമർപ്പിച്ചു കൊണ്ടിരിക്കുകയാണെന്നതിലേക്ക്! നിങ്ങളുടെ വില പിടിച്ച സമയം മുഴുവനും മറ്റൊരു ഭാഗത്തേക്കു തിരിഞ്ഞു നോക്കാൻ പോലും ഒഴിവു കിട്ടാത്ത വിധം സംസാര സാഗരത്തിൽ മുങ്ങികിടക്കുകയാണ്. ഈ ജീവിതത്തിന്റെ ഒടു പുലർച്ച എന്തായിരിക്കുമെന്ന കാര്യം നിങ്ങൾ എപ്പോഴെങ്കിലും ഓർമിച്ചിട്ടുണ്ടോ? നിങ്ങളിൽ നീതിബോധം എവിടെ? നിങ്ങളിൽ വിശ്വസ്തത എവിടെ? ഏതൊന്നിലേക്ക് ഖുർആൻ നിങ്ങളെ വിളിക്കുന്നുവോ ആ ആർജവവും ദൈവഭയവും സത്യസന്ധത യുമെല്ലാം എങ്ങുപോയി? നമ്മുടെ ഒരു ദൈവം ജീവിച്ചിരിക്കു ന്നുണ്ടെന്ന കാര്യം വിസ്മൃതിയിലേക്കു തള്ളിനീക്കപ്പെടുന്ന അനേകം വർഷങ്ങൾക്കിടയിൽ ഒരിക്കലെങ്കിലും നിങ്ങൾക്ക്

ഓർമ വരുന്നില്ലല്ലോ? ആ ദൈവത്തോടു നിങ്ങൾക്ക് എന്തെല്ലാം ബാധ്യതകൾ ഉണ്ടെന്ന ചിന്ത നിങ്ങളുടെ ഹൃദയത്തിലൂടെ ഒരിക്കലും കടന്നു പോകുന്നില്ലേ? നിത്യനും നിരാമയനും അനശ്വരനുമായ സത്യദൈവത്തോട് ഒരു ഇടപാടും ഒരു ബന്ധവും ഒരു കാര്യവും ഇല്ലെന്ന നിലയാണു പുലർത്തുന്നതെന്നും അവന്റെ പേരെടുക്കുന്നതു പോലും നിങ്ങൾക്കു വിഷമം തോന്നുകയാണെന്നും ഉള്ളതല്ലേ നേര്? അങ്ങനെയൊന്നുമല്ലെന്നു നിങ്ങളിപ്പോൾ സമർഥമായി തർക്കിക്കുന്നു. എന്നാൽ, വിശ്വാസികളുടെ യാതൊരു അടയാളവും നിങ്ങൾക്കില്ലെന്നു ദൈവിക നിയമം ഓർമപ്പെടുത്തിത്തരുമ്പോൾ നിങ്ങൾ ലജ്ജയിലാഴ്ത്തപ്പെടുന്നു. ഭൗതികചിന്തകളിലും വിചാരങ്ങളിലും നിങ്ങൾ ശക്തിയുക്തം നിങ്ങളുടെ ബുദ്ധിശാലിത്വത്തെയും അഭിപ്രായ സ്ഥൈര്യത്തെയും കുറിച്ച് അവകാശവാദം പുറപ്പെടുവിച്ചാലും നിങ്ങളുടെ പ്രഭാവവും നിങ്ങളുടെ ബുദ്ധിസാമർഥ്യവും നിങ്ങളുടെ ക്രാന്തദർശിത്വവുമെല്ലാം ദുനിയാവിന്റെ അതിരുകളിൽ അവസാനിക്കുന്നു. നിങ്ങൾ നിങ്ങളുടെ ഈ ബുദ്ധിശക്തി മുഖേന ഏതൊരിടത്തെ ശാശ്വതവാസത്തിനുവേണ്ടി നിങ്ങളുടെ ആത്മാക്കളെ സൃഷ്ടിച്ചിരിക്കുന്നുവോ ആ പാരത്രികത്തിന്റെ തുഞ്ചത്തെത്തിനോക്കാൻ പോലും നിങ്ങൾക്കാവുന്നില്ല! എന്നെന്നും നിലനില്ക്കുന്ന വസ്തുവിൽ ആരെങ്കിലും സംതൃപ്തിപ്പെട്ടിരിക്കുന്നതു പോലെ ഈ ലോക ജീവിതത്തിൽ നിങ്ങൾ തൃപ്തിപ്പെട്ടിരിക്കുകയാണോ? എന്നാൽ, ഏതൊരിടത്തെ ആനന്ദാനുഭൂതികൾ സംതൃപ്തികൊള്ളുവാൻ തികച്ചും അർഹവും ശാശ്വതവുമാണോ ആ പരലോകത്തെപറ്റി മുഴുവൻ ജീവിതകാലത്തിനിടയിൽ ഒരിക്കൽ പോലും നിങ്ങൾക്ക് ഓർമ വരുന്നില്ല. എന്തൊരു നിർഭാഗ്യം! അതിപ്രധാനമായ കാര്യത്തിൽ നിങ്ങൾ പറ്റെ അശ്രദ്ധരായി കണ്ണുകളടച്ചുകൂടുകയാണല്ലോ! നശ്വരവും അഗണ്യവുമായ കാര്യങ്ങൾ മോഹിച്ച നിങ്ങൾ ദിനരാത്രങ്ങൾ തലയിട്ടടിക്കുന്നു. നിങ്ങളുടെ ജീവിതത്തിനും നിങ്ങളുടെ സകല ആശകൾക്കും ഒറ്റയടിക്ക് അവസാനമിടുന്ന ഒരു വേള എന്തായാലും വന്നെത്താനുണ്ടെന്നു നിങ്ങൾക്കറിയാമോ? എന്തൊരാശ്ചര്യം! എന്തൊരു ഹൃദയകാഠിന്യം! ഈ അറിവുണ്ടായി

ട്ടും കാലമത്രയും ദുനിയാവ് നേടുന്നതിനുവേണ്ടി തന്നെ നശിപ്പിച്ചു കളയുന്നുവല്ലോ. ഈ ഭൗതിക നേട്ടങ്ങൾക്കായുള്ള ശ്രമങ്ങൾ അനുവദനീയമായ മാർഗങ്ങളിൽ ഒതുക്കുന്നതിനു പകരം അനഭിലഷണീയങ്ങളായ എല്ലാ മാർഗങ്ങളും കള്ളം, ചതി തുടങ്ങിയ അന്യായമായ കൊല വരെ നിങ്ങൾ ഹലാലാക്കിയിരിക്കുന്നു. നിങ്ങളിൽ വ്യാപിച്ചിരിക്കുന്ന ലജ്ജാവഹങ്ങളായ ആ എല്ലാ കുറ്റങ്ങളോടുമൊപ്പം ദിവ്യമായ പ്രകാശവും സ്വർഗീയമായ സംവിധാനവും നമുക്ക് ആവശ്യമില്ലെന്നും നിങ്ങൾ പറയുന്നു. നിങ്ങൾ അതിന്റെ നേരെ കടുത്ത ശത്രുത പുലർത്തുന്നു. അല്ലാഹുവിന്റെ ദിവ്യപ്രസ്ഥാനത്തെ വളരെ ദുർബലം എന്നു നിങ്ങൾ കരുതിയിരിക്കുകയാണ്. അതിനെപറ്റി സ്മരിക്കുമ്പോൾ നിങ്ങളുടെ നാവുകളെ നിന്ദാഭരിതമായ വാക്കുകളിൽ അഹങ്കാരത്തോടും അവജ്ഞയോടും കൂടി ചലിപ്പിക്കുകയും അപഹസിക്കുകയും ചെയ്യാൻ നിങ്ങൾ ധൃഷ്ടരാകുന്നു. ഈ പ്രസ്ഥാനം അല്ലാഹുവിൽ നിന്നുള്ളതാണെന്നു എന്തിനു കരുതണമെന്നു നിങ്ങൾ ആവർത്തിച്ചാവർത്തിച്ചു ചോദിക്കുന്നു. ഞാൻ അതിനുള്ള മറുപടി നല്കിക്കഴിഞ്ഞു. ഈ വൃക്ഷത്തെ ഇതിന്റെ ഫലങ്ങൾ നോക്കിയും ഈ നക്ഷത്രത്തെ ഇതിന്റെ തിളക്കം നോക്കിയും തിരിച്ചറിഞ്ഞു കൊള്ളണമെന്നാണ് എനിക്കു പറയാനുള്ള മറുപടി. ഞാൻ ഒരിക്കൽ ഈ സന്ദേശം നിങ്ങൾക്കു എത്തിച്ചു കഴിഞ്ഞു. ഇനി അതിനെ തള്ളുകയോ കൊള്ളുകയോ ചെയ്യുന്നതു നിങ്ങളുടെ ഇഷ്ടം! എന്റെ വാക്കുകൾ നിങ്ങൾ ഓർമവെച്ചുകൊള്ളുവിൻ, അല്ലെങ്കിൽ നിങ്ങൾ സ്മൃതി തലത്തിൽ നിന്ന് മായിച്ചു കളയുവിൻ! നിങ്ങൾക്കിഷ്ടമുള്ളത് ചെയ്യാൻ നിങ്ങൾക്കു സ്വാതന്ത്രമുണ്ട്!

جیتے جی قدر بشر کی نہیں ہوتی پیارو

یاد آئیں گے تمہیں میرے سخن میرے بعد

' പ്രിയന്മാരെ ജീവിച്ചിരിക്കുമ്പോൾ ഒരാളുടെ മഹത്വം
അറിയുവാൻ സാധിക്കുകയില്ല. ഞാൻ അപ്രത്യക്ഷനായിക്കഴിഞ്ഞാൽ
എന്റെ ഈ വാക്കുകൾ നിങ്ങൾ ഓർക്കാൻ തുടങ്ങും! '

# ഇസ്‌ലാമിന്റെ ദുരവസ്ഥ

ഇസ്‌ലാമിന്റെ ദുരവസ്ഥയും യഥാർഥ മുസ്‌ലിംകളുടെ ദൗർലഭ്യ വും നിമിത്തം സത്യവിശ്വാസികൾ രക്താശ്രുക്കൾ പൊഴിക്കുന്നു എങ്കിൽ ആശ്ചര്യപ്പെടാനില്ല. സത്യമതത്തിന്റെ മേൽ ഗൗരവതര വും അതീഭീമവുമായ ആപത്തു വന്നു വീണിരിക്കുന്നു. അവിശ്വാ സവും ധാർഷ്ട്യവും ലോകത്ത് പുളച്ചു വളരുന്നു.

നന്മകളും സൽഗുണങ്ങളും ശൂന്യമായിരിക്കുന്ന ആത്മാവ് പ്ര വാചകശ്രേഷ്ഠനെ പഴി പറയുന്നു.

ദുഷിച്ച ജീവിതത്തിന്റെ തടവറയിൽ ബന്ധനസ്ഥനും പരാധീനനു മായിക്കഴിയുന്നവൻ പരിശുദ്ധന്മാരുടെ ഇമാമിനു (സ) കുറകൂറുന്നു.

നീചനും ദുഷ്ടനുമായവൻ പരമനിരപരാധിയുടെ നേരെ ശരങ്ങളു തിർക്കുന്നു. ആകാശത്തിൽ നിന്ന് ഭൂമിയിലേക്കു ശിലാവർഷം സംഭവിച്ചെങ്കിൽ അത് യോജ്യം!

നിന്റെ കൺമുന്നിലിതാ ഇസ്‌ലാം തകർന്നു മണ്ണടിയുന്നു. ഹേ കുബേ രാ ദൈവസവിധത്തിൽ എന്ത് ഒഴികഴിവാണ് നീ സമർപ്പിക്കുക?

നാലുപാടും അവിശ്വാസം യസീദിന്റെ സൈന്യത്തെപോലെ ഇര മ്പിക്കയറുന്നു. സത്യമതം (ഇസ്‌ലാം) സൈനുൽ ആബിദീനെ പോ ലെ രോഗഗ്രസ്തനും അവശനുമായി കഴിയുന്നു.

ധനികർ സുഖിച്ചു കൂത്താടുന്നു. സുന്ദരിമാരുടെയും സുമുഖിക ളുടെയും നടുവിൽ ഉല്ലസിച്ചും മത്തടിച്ചു കഴിയുന്നു.

ആലിംകൾ സ്വാർഥ ചിന്തയിൽ രാപകലെന്നില്ലാതെ അന്യോന്യം ഫസാദ് പരത്തുന്നതിൽ വ്യാപൃതരായിരിക്കുന്നു. സത്യമതത്തിന്റെ യഥാർഥമായ ആവശ്യങ്ങൾക്കു നേരെ ഭക്തന്മാരാകട്ടെ അജ്ഞരും അശ്രദ്ധരും.

ഓരോരുത്തരും അവനുവേണ്ടി സ്വന്തം താല്പര്യം മാത്രം സം രക്ഷിക്കുന്നതിൽ ജാഗരൂകർ! ദീനിന്റെ ഭാഗം അരക്ഷിതമായി

രിക്കുന്നു. ശത്രു എല്ലാ ഒളിസങ്കേതങ്ങളിൽ നിന്നും അതിന്റെ മേൽ ചാടിവീഴുന്നു.

അല്ലയോ മുസ്‌ലിംകളെ ഇതാണോ യഥാർഥ മുസൽമാന്മാരുടെ കുറിമാനം? ദീൻ കൈവെടിയപ്പെട്ടു. നിങ്ങളോ ദുനിയാവിന്റെ ശവവും കാത്തുകഴിയുന്നു.

നിന്റെ കണ്ണിൽ ഈ ദുനിയാവിന്റെ കൂറ്റൻ കെട്ടിടം സ്ഥിരവും ഭദ്രവുമാണോ? മുൻ കഴിഞ്ഞവരുടെ ദുർവിധികൾ നീ മറന്നു കളഞ്ഞുവോ?

അല്ലയോ അശ്രദ്ധനായ മനുഷ്യാ മരണത്തിന്റെ നിമിഷം ഇതാ അടുത്താണ്. വളരെ അടുത്താണ്. മദിരയും മദിരാക്ഷികളുമായി നീ എത്രകാലം കഴിച്ചുകൂട്ടും?

നീ ബുദ്ധിമാനാണെങ്കിൽ ഈ ഭൗതിക ലോകത്തെ കെട്ടിപ്പുണരല്ലാ. അന്ത്യനിമിഷങ്ങളിലെ കൊടൂരാനുഭവങ്ങൾ നിന്നെ കാത്തിരിക്കുന്നു.

നിത്യ സൗന്ദര്യത്തിന്റെ ആ പ്രേമസ്വരൂപനിലല്ലാതെ നീ നിന്റെ ഹൃദയം അർപിക്കല്ലാ! ആ അനുഗ്രഹ ദാതാവിലാണ് നീ നിത്യസുഖം കണ്ടെത്തുക. അവനെ കണ്ടെത്തുന്നതിന് ഭ്രാന്തനാകുന്നവനത്ര ജ്ഞാനി. അവന്റെ മനോഹരവദനത്തിന്റെ സൗന്ദര്യലഹരിയിൽ മത്തനാകുന്നവൻ ബുദ്ധിമാൻ!

അവന്റെ –സ്നേഹചഷകം– നിത്യജീവന്റെ പീയുഷം അതു കുടിക്കുന്നവൻ ശാശ്വത ജീവിതം കൈവരിക്കുന്നു.

അല്ലയോ സഹോദരാ, ഈ ദുഷ്ടലോകത്തിന്റെ സമ്പത്തിൽ നീ ഭ്രമിച്ചുപോകല്ലാ! തേനായി തോന്നുന്ന ഓരോ തുള്ളിയും കൊടും വിഷമാകുന്നു.

സത്യദീനിനു വേണ്ടി നീ കഠിനാദ്ധ്വാനം ചെയ്യുക. നിന്റെ ജീവനും നിന്റെ മുതലും സമർപിച്ചുകൊണ്ട്! എങ്കിൽ, 'അർശി'ന്റെ നാഥൻ നിന്നെ അനുഗ്രഹത്തിന്റെ മേലാട അണിയിക്കും.

നിന്റെ ദീനിന്റെ ദീപ്തി നിന്റെ കർമങ്ങളിലൂടെ പ്രകാശിപ്പിക്കൂ.

ഹൃദയം യൂസുഫിനു നല്കികഴിഞ്ഞെങ്കിൽ, കൻആനിലേക്ക് താണ്ടിച്ചെന്നേ പറ്റൂ.

സത്യദീൻ സകലരുടെയും ശ്രദ്ധാകേന്ദ്രമായിരിക്കയും ശപിക്കപ്പെട്ട ശൈത്താന്റെ വഴികളിൽ നിന്നു മുഴുവൻ ലോകവും മോചിപ്പിക്കപ്പെടുകയും ചെയ്ത് ആ നാളുകളെക്കുറിച്ചോർക്കുക.

അത് ലോകം മുഴുവനും പ്രകാശത്തിന്റെയും ജ്ഞാനത്തിന്റെയും കുട തുറന്നുവച്ചു. അങ്ങനെ അതിന്റെ പേരും പ്രശസ്തിയും വാനോളം ഉയർത്തി.

എന്നാൽ ആ പാവനമായ ദീനിനു (ഇസ്‌ലാമിനു) വേണ്ടി ഓരോ 'ഇബ്നുജുഹൂലും' (പാമരൻ) കള്ളം ഉറക്കെ വിളിച്ചു പറയുന്ന ആ കാലഘട്ടവും വന്നെത്തി.

ലക്ഷക്കണക്കിനു വിഡ്ഢികൾ സത്യവിശ്വാസം വിട്ടൊഴിഞ്ഞു. ഗൂഢതന്ത്രങ്ങൾക്കും ചതികൾക്കും ആയിരമായിരങ്ങൾ വംശവദരായിരിക്കുന്നു.

ഈ പരാജയം,ഈ പതനം,ഒരേയൊരു കാരണത്താലത്ര അവരുടെ മതസ്നേഹം കഷ്ടം ശ്രമശൂന്യവും കരുത്തില്ലാത്തതുമാകുന്നു.

മുഴുവൻ ലോകവും മുഹമ്മദ് മുസ്തഫായുടെ ദീൻ ഉപേക്ഷിച്ചാലും അവർ വയറിനുള്ളിലെ ചാപിള്ളയെ പോലെ അചലമായിരിക്കയെ ഉള്ളൂ.

രാവും പകലും ദുനിയാവിന്റെ കാര്യങ്ങളിൽ മുഴുകി നില്ക്കുന്നവർ അവരുടെ സമ്പത്ത് മുഴുവനും തങ്ങളുടെ സ്വന്തക്കാർക്കും തങ്ങളുടെ പെണ്ണുങ്ങൾക്കുംവേണ്ടി മാത്രം ചിലവഴിക്കുന്നു.

എല്ലാ പാപസദസ്സുകളിലും നടുനായകരായി അവരുണ്ട്. എല്ലാ ദുഷ്കൂട്ടങ്ങളിലും എഴുന്നു നില്ക്കുന്നവരും അവർ തന്നെ .

കള്ളുഷാപ്പുകളിലേക്കുള്ള വഴികൾ അവർക്കു നല്ല പിടുത്തമാണ് എന്നാൽ ഹിദായത്തിന്റെ മാർഗം അവർക്കജ്ഞാതം!

ദീനിന്റെ ആൾക്കാരോട് അവർക്ക് അറപ്പാണ്. മദ്യപന്മാരോട് അടുപ്പവും.

പ്രിയങ്കരനായ ദൈവം അവരിൽ നിന്നും മുഖം തിരിച്ചു കളഞ്ഞു. അവൻ അവരെ പണ്ട് വളരെ വളരെ പ്രിയപ്പെട്ടിരുന്നു. എന്നാൽ അവരുടെ ഹൃദയങ്ങളിൽ സത്യഭക്തരോടുള്ള പ്രിയം അവൻ കണ്ടില്ല.

അക്കാലം പോയ്മറഞ്ഞു! അതോടൊപ്പം ഐശ്വര്യവും പ്രതാപവും എല്ലാം അസ്തമിച്ചു. പാപകർമങ്ങളിലാണ് അവർക്ക് ആസക്തി! ദുർദിനങ്ങൾ അവർക്ക് വന്നെത്തി.

ഭക്തിവിശ്വാസങ്ങളിലൂടെയാണവർ ആദ്യം ഉയരത്തിലെത്തിയിരുന്നത്. ഭക്തിവിശ്വാസങ്ങളിലൂടെ നിശ്ചയമായും അവർ ഇനിയും ഉയരും.

ഓ ദൈവമേ, എന്നാണത്? എന്നാണ് നിന്റെ സഹായം വന്നെത്തുക? ആ അനുഗൃഹീത നാളുകൾ ആ അനുഗൃഹീത വർഷങ്ങൾ ഇനിയും ഞങ്ങൾ കാണുന്നതെന്നായിരിക്കും?

അഹ്മദിന്റെ ദീനിനെകുറിച്ചുള്ള രണ്ട് ആധികൾ എന്റെ ആത്മസത്തയെ അലിയിച്ചുകളഞ്ഞു. ശത്രുക്കൾ ധാരാളം, സഹായികൾ ദുർലഭവും!

ഓ ദൈവമേ, വേഗം വരൂ വീണ്ടും നിന്റെ സഹായങ്ങൾ ചൊരിയാൻ ഓടി വരൂ. അല്ലെങ്കിൽ അല്ലയോ ദൈവമേ നീ എന്നെ ഈ എരികുണ്ഡത്തിൽ നിന്നും എടുത്തുമാറ്റൂ.

നിന്റെ കാരുണ്യത്തിന്റെ ചക്രവാളത്തിൽ നിന്നു സന്മാർഗത്തിന്റെ പ്രകാശം നീ ചൊരിയൂ. വഴികെട്ടവൻ നിന്റെ സൽസ്വഭാവത്തിന്റെ ദൃഷ്ടാന്തങ്ങൾ കാണുമാറാകട്ടെ.

നീ എന്നിൽ സത്യത്തോടൊപ്പം ആവേശവും നൈർമല്യവും പ്രദാനം ചെയ്തിരിക്കുന്നു. ആകയാൽ നീ എന്നെ നിരാശനായി മരിപ്പിക്കുമെന്നു ഞാൻ ഭയപ്പെടുന്നില്ല.

സത്യഭക്തന്മാരുടെ കാര്യാദികൾ ഒരിക്കലും പരാജയപ്പെട്ടു പോകുന്നില്ല. സത്യസ്വരൂപന്റെ കൈ അവരുടെ സഹായത്തിന് എളുപ്പം ഒളിഞ്ഞ നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും.

# വിജ്ഞാപനം

**ഈ** കാലഘട്ടത്തിൽ വിവിധകക്ഷികളും വിവിധ ആശയക്കാരും ഇസ്ലാമിനെകുറിച്ചും ഖുർആന്റെ പാഠങ്ങളെകുറിച്ചും നമ്മുടെ നബിനായകൻ(സ) തിരുമേനിയെ കുറിച്ചും പുറപ്പെടുവിക്കുന്ന ആക്ഷേപങ്ങളും അപ്രകാരം തന്നെ വ്യക്തിപരമായി എന്നെപറ്റിയും എന്റെ ഇൽഹാമുകളെപറ്റിയും വെളിപാടു വാദങ്ങളെപറ്റിയും അവരുടെ ഹൃദയങ്ങളിലുള്ള ശങ്കകളും ആശങ്കകളും എല്ലാം തന്നെ ഒരു പുസ്തകത്തിൽ നമ്പർപ്രകാരം ക്രോഡീകരിച്ചു പ്രസിദ്ധീകരിക്കണമെന്നും പ്രശ്നത്തിനുമുള്ള മറുപടികൾ വഴിക്ക് വഴി നല്കണമെന്നും ഞാൻ ഉദ്ദേശിക്കുന്നു. അതുകൊണ്ട് ക്യസ്ത്യാനികളും ഹിന്ദുക്കളും ആര്യസമാജികളും യഹൂദികളും മജൂസികളും നാസ്തികരും ബ്രഹ്മസമാജികളും പ്രകൃതിവാദികളും തത്വജ്ഞന്മാരും എതിരാളി മുസ്ലിംകളും ആയ എല്ലാവരോടുമായി ഞാൻ ഈ വിജ്ഞാപനം മുഖേന അഭ്യർഥിക്കുകയാണ്. അവർ ഓരോരുത്തരും ഇസ്ലാമിനെ പറ്റിയും വിശുദ്ധ ഖുർആനെ പറ്റിയും നമ്മുടെ നബി നായകൻ(സ)തിരുമേനിയെ പറ്റിയും എന്റെ വെളിപാടുകളെ പറ്റിയും ഉള്ള തങ്ങളുടെ ആക്ഷേപങ്ങൾ വ്യക്തമായി എന്നെ എഴുതി അറിയിക്കണമെന്നും! ആ എല്ലാ ആക്ഷേപങ്ങളും ഒരിടത്ത് എഴുതിച്ചേർത്ത് വഴിക്കുവഴി നമ്പർപ്രകാരം ഓരോന്നിനുമുള്ള മറുപടി ഒരു പുസ്തകത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതാണ്.

*'വസ്സലാമു അലാ മനിത്തബഅൽ ഹൂദാ'*

വിനീതൻ,

**മിർസാ ഗുലാം അഹ്മദ് ഖാദിയാനി, പഞ്ചാബ്**

10 ജമാദിസ്സാനീ, 1308 ഹിജ്റി